# [illegible] ഗാനങ്ങൾ

Digitized by Kerala Sahitya Akademi

# നൂറെറട്ട് രത്നങ്ങൾ

അഷ്ടോത്തരശത നാമരത്നമാല

ഭഗവാൻ ശ്രീ സത്യസായീബാബയുടെ
തൃച്ചേവടികളിൽ
സമർപ്പിച്ചതു്

(ജാനകീചരൺദാസ് ഇംഗ്ലീഷിൽ എഴുതിയ വ്യാഖ്യാനത്തിൻെറ
മലയാള ഭാഷാനുവാദം)


"സനാതനസാരഥി"
പ്രശാന്തിനിലയം

1967 * PRICE : 1-50


Digitized by Kerala Sahitya Akademi

©

"Sanathana Sarathi"

**PRASANTHINILAYAM**

Ist Edition 1967

ജനിച്ച അഞ്ചാം മാസത്തിൽ എന്നെ
ശിവസന്നിധിയിലേക്കും അമ്പതാമത്തെ
വയസ്സിൽ ശിവ - ശക്തി സന്നിധിയി
ലേക്കും കൊണ്ടുവന്നു് ചേർത്ത എൻെറ
അമ്മ ജാനകീദേവിയുടെ പാദങ്ങളിൽ
ഈ ഗ്രന്ഥത്തെ സമർപ്പിക്കുന്നു —

ജാനകീചരൺദാസൻ

Published by S. M. Mohan Chandran for "Sanathana Sarathi"
Prasanthinilayam, Ananthpur Dist., A. P.
and printed at the Mathrubhumi Press, Erankulam-7

Digitized by Kerala Sahitya Akademi

# തുടങ്ങുന്നതിനുമുമ്പ് ഒരു വാക്ക്

കുറെ വർഷങ്ങൾക്കുമുമ്പ്, പെരിയാർ വന്യമൃഗസങ്കേതം കാണുവാൻ പോയ അവസരത്തിൽ അതിനടുത്തുള്ള അണക്കെട്ടിൽവെച്ച് ഒരു എഞ്ചിനീയർ എന്നോടു ചോദിച്ചു, ഞാൻ എന്തുകൊണ്ടാണ് ഭഗവാൻ സത്യസായീബാബയെ മനുഷ്യരൂപത്തിലുള്ള ഈശ്വരാവതാരമായി "വർണ്ണിക്കുന്നതെന്ന്". ഞാൻ അദ്ദേഹത്തിനു് കടലാസ്സും പേനയും കൊടുത്തശേഷം, അമ്മാതിരിയുള്ള ഒരു ദൈവികപ്രതിഭാസത്തിൽ അദ്ദേഹം പ്രതീക്ഷിക്കുന്ന വൈഭവങ്ങളുടെ ഒരു പട്ടിക എഴുതിത്തരുവാൻ പറഞ്ഞു. അദ്ദേഹം എട്ടു കാര്യങ്ങൾ എഴുതി. ഇവയെട്ടും അന്നുതന്നെ ഈ അഷ്ടോത്തരശത നാമാവലിയിൽ ഉൾപ്പെട്ടിരുന്നു എന്നു കണ്ടപ്പോൾ എനിക്കു് കൗതുകം തോന്നി. ബാബ വാസ്തവത്തിൽ സർവ്വജ്ഞനും, സർവ്വശക്തിമൂർത്തിയും, ശരണാഗതത്രാണനും, ഭക്തവത്സലനും, ആനന്ദപ്രദനും, കർമ്മധ്വംസിയും, സർവ്വാന്തര്യാമിയും ആണോ എന്നു് ആ എഞ്ചിനീയർ ചോദിച്ചു. എനിക്കു് അറിവുള്ള വസ്തുതകളും, എന്റെ അനുഭവത്തിൽപ്പെട്ട കാര്യങ്ങളും ഞാൻ അദ്ദേഹത്തിനു് പറഞ്ഞുകൊടുക്കുകയും, അവയുടെ അടിസ്ഥാനത്തിൽ ബാബയെ മനസ്സിലാക്കുവാനും അവിടുത്തെ ആവിർഭാവം കൊണ്ടു് ഗുണം നേടുന്നതിനുള്ള ശ്രമം തുടരുവാനും അപേക്ഷിക്കുകയും ചെയ്തു.

ഭക്തജനങ്ങൾ സ്വന്തം ഗൃഹങ്ങളിൽ ബാബയ്ക്കു് പുഷ്പാർച്ചന ചെയ്യുന്നതിനും, സംഘംചേർന്നു് അവിടുത്തെ മാഹാത്മ്യത്തെ വാഴ്ത്തുന്നതിനും ഉപയോഗിച്ചുവരുന്ന ഈ നൂററിഎട്ടു നാമങ്ങളുടെ ഒരു വ്യാഖ്യാനമെഴുതണമെന്ന നിശ്ചയം അന്നു് എന്റെ മനസ്സിൽ നിറഞ്ഞുകൂടിയതാണു്. ഈ പുണ്യനാമങ്ങളിൽ പലതും ശ്രീരാമൻ, ശ്രീകൃഷ്ണൻ, ശിർദ്ദീബാബ, മുതലായ മററു അവതാരങ്ങളെ വാഴ്ത്തുന്ന അഷ്ടോത്തരനാമാവലികളിൽ കാണുന്നവയാണു്. ആ നാമാവലികളെ വിശദീകരിക്കുന്ന ഭാഷ്യങ്ങളും വ്യാഖ്യാനങ്ങളും പണ്ഡിതന്മാരും, സിദ്ധന്മാരും രചിച്ചിട്ടുണ്ടു്. എന്നുവരികിലും ഈ വ്യാഖ്യാനത്തിനു് ഒരു മേന്മയുണ്ടു്. ഇതിലെ ഓരോ നാമവും ബാബയെക്കാണുകയും സ്പർശിക്കുകയും അവിടുത്തെ അനുഗ്രഹത്തിനു് പാത്രമാവുകയും ചെയ്ത സുകൃതികൾക്കു് നറുമണം തുളുമ്പുന്ന അനുഭൂതി

Digitized by Kerala Sahitya Akademi

യായിത്തീർന്നിട്ടുള്ളതാണ്. ഈ 108 നാമങ്ങളോ, മററുള്ളവർ ഉപയോഗിക്കുന്ന 1008 നാമങ്ങളോ, കൊണ്ട് ബാബയുടെ മാഹാത്മ്യം പറഞ്ഞുതീർക്കുവാൻ സാദ്ധ്യമല്ല. ആ മാഹാത്മ്യം വാക്കുകളിൽ ഒതുങ്ങുന്നതല്ല. ഇതു് പല രാജ്യങ്ങളിലും ആയിരക്കണക്കിലുള്ള ആളുകൾക്കു് ഇന്നു് അനുഭവത്തിൽ വന്നിരിക്കുന്ന പരമാർത്ഥമാകുന്നു.

ഈ നാമരത്നമാലയിൽ 108 നാമങ്ങളുണ്ടു്. 108 ഒരു പവിത്രസംഖ്യയാണ്. മനുഷ്യൻ ഒരു ദിവസം 216,000 തവണ ശ്വാസോഛ്വാസം ചെയ്യുന്നു എന്നും, അതു് 108നെ 2000 കൊണ്ടു് പെരുക്കിയ സംഖ്യയാണെന്നും ബാബ പറയുന്നു. പക്ഷേ 108 നാമങ്ങളെ പാടുള്ളൂ എന്നു് ബാബ നിർബന്ധിക്കുന്നില്ല. ഇവിടെ ചേർത്തിരിക്കുന്നവയെപ്പോലെ, അവ സംസ്കൃതത്തിലെ ആകാവൂ എന്നുമില്ല. നിരർത്ഥകവും, വികൃതവുമായ പേരിൽ വിളിച്ചാൽ പോലും അവിടുന്നു കേൾക്കും—ആ വിളി ഭക്തിനിർഭരമായ ഹൃദയത്തിൽനിന്നു് പുറപ്പെടണമെന്നേയുള്ളൂ. നമ്മുടെ നിശ്ശബ്ദമായ പ്രാർത്ഥനകളും പരിദേവനങ്ങളും അറിയുവാൻ കഴിയത്തക്കവണ്ണം അവിടുന്നു് അത്രയ്ക്കു് അടുത്തുനിൽക്കുന്നു. മതഗ്രന്ഥങ്ങൾ അഷ്ടോത്തരങ്ങളും സഹസ്രനാമങ്ങളും അംഗീകരിച്ചിരിക്കുന്നതിൻെറ അർത്ഥം ഈശ്വരനു് ദീർഘവും ഒച്ചപ്പാടുള്ളതുമായ സ്തുതികൾ കൊണ്ടേ പ്രീതിയുണ്ടാവുകയുള്ളൂ എന്നല്ല. ചില പ്രത്യേക സന്ദർഭങ്ങളിൽ മാത്രമേ അവയെ ഉച്ചരിക്കാവൂ എന്നുമില്ല. ഇത്രയും നാമങ്ങൾ ചൊല്ലുന്നതിന്നിടയ്ക്കു് ഒന്നെങ്കിലും യഥാർത്ഥമായ ഭക്തിയോടും പ്രേമത്തോടും കൂടി ഉച്ചരിക്കുവാൻ ഇടയാകട്ടെ എന്നും, എപ്പോഴും നമ്മുടെ ആത്മാർത്ഥതയിൽ ശ്രദ്ധാലുവായി വർത്തിക്കുന്ന ഈശ്വരൻ അതു കേൾക്കുന്നതിനും നമ്മെ അനുഗ്രഹിക്കുന്നതിനും സംഗതിയാകട്ടെ എന്നും കരുതിയാണ് ഈ നാമാവലികൾ നിർദ്ദേശിക്കപ്പെട്ടിരിക്കുന്നതു്.

ഈ വ്യാഖ്യാനം ഭക്തൻെറ ഹൃദയത്തെ ധന്യമാക്കുന്നതിനും, അതിൽ ഭഗവാൻെറ മാഹാത്മ്യത്തെക്കുറിച്ചുള്ള ബോധം നിറയ്ക്കുന്നതിനും വേണ്ടി എഴുതിയിട്ടുള്ളതാണ്. അവിടുത്തെ കൃപാവർഷം നമ്മുടെ മേൽ പതിക്കുമാറാകട്ടെ. അവിടുന്നു് നൽകുവാൻ കാത്തിരിക്കുന്ന അനുഗ്രഹത്തിനു് നാം അർഹരായി ഭവിക്കട്ടെ.

ജാനകീചരൺദാസ്.

Digitized by Kerala Sahitya Akademi



Bhagavan Sri Sri Sathya Sai Baba

Digitized by Kerala Sahitya Akademi

Digitized by Kerala Sahitya Akademi

## ശ്രീ സത്യ സായീ അഷ്ടോത്തരശത നാമാവലിഃ

1 ഓം ശ്രീ സത്യസായീ ബാബായ നമഃ
2 ഓം ശ്രീ സത്യസ്വരൂപായ നമഃ
3 ഓം ശ്രീ സത്യധർമ്മ പരായണായ നമഃ
4 ഓം ശ്രീ വരദായനമഃ
5 ഓം ശ്രീ സത്പുരുഷായ നമഃ
6 ഓം ശ്രീ സത്യഗുണാത്മനേ നമഃ
7 ഓം ശ്രീ സാധുവർദ്ധനായ നമഃ
8 ഓം ശ്രീ സാധുജന പോഷണായ നമഃ
9 ഓം ശ്രീ സർവ്വജ്ഞായ നമഃ
10 ഓം ശ്രീ സർവ്വജനപ്രിയായ നമഃ
11 ഓം ശ്രീ സർവ്വശക്തിമൂർത്തയേ നമഃ
12 ഓം ശ്രീ സർവ്വേശായ നമഃ
13 ഓം ശ്രീ സർവ്വസംഗപരിത്യാഗിനേ നമഃ
14 ഓം ശ്രീ സർവ്വാന്തര്യാമിനേ നമഃ
15 ഓം ശ്രീ മഹിമാത്മനേ നമഃ
16 ഓം ശ്രീ മഹേശ്വര സ്വരൂപായ നമഃ
17 ഓം ശ്രീ പർത്തിഗ്രാമോത്ഭവായ നമഃ
18 ഓം ശ്രീ പർത്തിക്ഷേത്രനിവാസിനേ നമഃ
19 ഓം ശ്രീ യശഃകായ ശിർദ്ദിവാസിനേ നമഃ
20 ഓം ശ്രീ ജോഡി ആദിപ്പള്ളി സോമപ്പായ നമഃ
21 ഓം ശ്രീ ഭരദ്വാജഋഷിഗോത്രായ നമഃ
22 ഓം ശ്രീ ഭക്തവത്സലായ നമഃ
23 ഓം ശ്രീ അപാന്തരാത്മനേ നമഃ
24 ഓം ശ്രീ അവതാരമൂർത്തയേ നമഃ
25 ഓം ശ്രീ സർവ്വഭയനിവാരിണേ നമഃ

Digitized by Kerala Sahitya Akademi

26 ഓം ശ്രീ ആപസ്തംബസൂത്രായ നമഃ
27 ഓം ശ്രീ അഭയപ്രദായ നമഃ
28 ഓം ശ്രീ രത്നാകരവംശോത്ഭവായ നമഃ
29 ഓം ശ്രീ ശിർദ്ദീസായീ അഭേദശക്ത്യവതാരായ
നമഃ
30 ഓം ശ്രീ ശങ്കരായ നമഃ
31 ഓം ശ്രീ ശിർദ്ദി സായിമൂർത്തയേ നമഃ
32 ഓം ശ്രീ ദ്വാരകാമായിവാസിനേ നമഃ
33 ഓം ശ്രീ ചിത്രാവതീതട പുട്ടപ്പർത്തി വിഹാരി
ണേ നമഃ
34 ഓം ശ്രീ ശക്തിപ്രദായ നമഃ
35 ഓം ശ്രീ ശരണാഗതത്രാണായ നമഃ
36 ഓം ശ്രീ ആനന്ദായ നമഃ
37 ഓം ശ്രീ ആനന്ദദായ നമഃ
38 ഓം ശ്രീ ആർത്തത്രാണ പരായണായ നമഃ
39 ഓം ശ്രീ അനാഥനാഥായ നമഃ
40 ഓം ശ്രീ അസഹായ സഹായായ നമഃ
41 ഓം ശ്രീ ലോകബാന്ധവായ നമഃ
42 ഓം ശ്രീ ലോകരക്ഷാപരായണായ നമഃ
43 ഓം ശ്രീ ലോകനാഥായ നമഃ
44 ഓം ശ്രീ ദീനജനപോഷണായ നമഃ
45 ഓം ശ്രീ മൂർത്തിത്രയ സ്വരൂപായ നമഃ
46 ഓം ശ്രീ മുക്തിപ്രദായ നമഃ
47 ഓം ശ്രീ കലുഷവിദൂരായ നമഃ
48 ഓം ശ്രീ കരുണാകരായ നമഃ
49 ഓം ശ്രീ സർവ്വാധാരായ നമഃ
50 ഓം ശ്രീ സർവ്വഹൃദ്വാസിനേ നമഃ
51 ഓം ശ്രീ പുണ്യഫലപ്രദായ നമഃ
52 ഓം ശ്രീ സർവ്വപാപക്ഷയകരായ നമഃ

Digitized by Kerala Sahitya Akademi

53 ഓം ശ്രീ സർവ്വരോഗനിവാരിണേ നമഃ
54 ഓം ശ്രീ സർവ്വബാധഹരായ നമഃ
55 ഓം ശ്രീ അനന്തനുതകർത്തൃണേ നമഃ
56 ഓം ശ്രീ ആദിപുരുഷായ നമഃ
57 ഓം ശ്രീ ആദി ശക്തയേ നമഃ
58 ഓം ശ്രീ അപരൂപശക്തിനേ നമഃ
59 ഓം ശ്രീ അവ്യക്തരൂപിണേ നമഃ
60 ഓം ശ്രീ കാമക്രോധധ്വംസിനേ നമഃ
61 ഓം ശ്രീ കനകാംബരധാരിണേ നമഃ
62 ഓം ശ്രീ അത്ഭുതചര്യായ് നമഃ
63 ഓം ശ്രീ ആപദ്ബാന്ധവായനമഃ
64 ഓം ശ്രീ പ്രേമാത്മനേ നമഃ
65 ഓം ശ്രീ പ്രേമമൂർത്തയെ നമഃ
66 ഓം ശ്രീ പ്രേമപ്രദായ നമഃ
67 ഓം ശ്രീ പ്രിയായ നമഃ
68 ഓം ശ്രീ ഭക്തപ്രിയായ നമഃ
69 ഓം ശ്രീ ഭക്തമന്ദാരായ നമഃ
70 ഓം ശ്രീ ഭക്തജനഹൃദയവിഹാരായ നമഃ
71 ഓം ശ്രീ ഭക്തജനഹൃദാലയായ നമഃ
72 ഓം ശ്രീ ഭക്തപരാധീനായ നമഃ
73 ഓം ശ്രീ ഭക്തിജ്ഞാനപ്രദീപായ നമഃ
74 ഓം ശ്രീ ഭക്തിജ്ഞാന പ്രദായ നമഃ
75 ഓം ശ്രീ സുജ്ഞാനമാർഗ്ഗദർശകായ നമഃ
76 ഓം ശ്രീ ജ്ഞാനസ്വരൂപായ നമഃ
77 ഓം ശ്രീ ഗീതാബോധകായ നമഃ
78 ഓം ശ്രീ ജ്ഞാനസിദ്ധിദായ നമഃ
79 ഓം ശ്രീ സുന്ദരരൂപായ നമഃ
80 ഓം ശ്രീ പുണ്യപുരുഷായ നമഃ
81 ഓം ശ്രീ ഫലപ്രദായ നമഃ

Digitized by Kerala Sahitya Akademi

82 ഓം ശ്രീ പുരുഷോത്തമായ നമഃ
83 ഓം ശ്രീ പുരാണപുരുഷായ നമഃ
84 ഓം ശ്രീ അതീതായ നമഃ
85 ഓം ശ്രീ കാലാതീതായ നമഃ
86 ഓം ശ്രീ സിദ്ധിരൂപായ നമഃ
87 ഓം ശ്രീ സിദ്ധസങ്കല്പായ നമഃ
88 ഓം ശ്രീ ആരോഗ്യപ്രദായ നമഃ
89 ഓം ശ്രീ അന്നവസ്ത്രദായ നമഃ
90 ഓം ശ്രീ സംസാരദുഃഖക്ഷയകരായ നമഃ
91 ഓം ശ്രീ സർവ്വാഭീഷ്ടപ്രദായ നമഃ
92 ഓം ശ്രീ കല്യാണഗുണായ നമഃ
93 ഓം ശ്രീ കർമ്മധ്വംസിനേ നമഃ
94 ഓം ശ്രീ സാധുമാനസശോഭിതായ നമഃ
95 ഓം ശ്രീ സർവ്വമതസമ്മതായ നമഃ
96 ഓം ശ്രീ സാധുമാനസപരിശോധകായ നമഃ
97 ഓം ശ്രീ സാധകാനുഗ്രഹവടവൃക്ഷപ്രതിഷ്ഠാപ
കായ നമഃ
98 ഓം ശ്രീ സകലസംശയഹരായ നമഃ
99 ഓം ശ്രീ സകലതത്ത്വബോധകായ നമഃ
100 ഓം ശ്രീ യോഗീശ്വരായ നമഃ
101 ഓം ശ്രീ യോഗീന്ദ്രവന്ദിതായ നമഃ
102 ഓം ശ്രീ സർവ്വമംഗളകരായ നമഃ
103 ഓം ശ്രീ സർവ്വസിദ്ധി പ്രദായ നമഃ
104 ഓം ശ്രീ ആപന്നിവാരിണേ നമഃ
105 ഓം ശ്രീ ആർത്തിഹരായ നമഃ
106 ഓം ശ്രീ ശാന്തമൂർത്തയേ നമഃ
107 ഓം ശ്രീ സുലഭപ്രസന്നായ നമഃ
108 ഓം ശ്രീ ഭഗവാൻ സത്യസായി ബാബായ നമഃ

Digitized by Kerala Sahitya Akademi

## ഓം ശ്രീ സത്യ സായീ ബാബായ നമഃ

അനേകംതവണ സത്യനാരായണ വ്രതം അനുഷ്ഠിച്ചതിൻെറ ഫലമായിട്ടാണ് ഈശ്വരാമ്മയ്ക്ക് ഈ പുത്രനെ ലഭിച്ചത്. അതു കൊണ്ടാണ് 'സത്യനാരായണൻ' എന്നു പേരിട്ടതും പതിന്നാലുവയസ്സുവരെ സത്യൻ എന്നു വിളിച്ചതും. പതിന്നാലു വയസ്സായപ്പോഠം തൻെറ പരമാത്ഥം വെളിപ്പെടുത്തേണ്ട സമയമായെന്ന് ബാബ നിശ്ചയിക്കുകയും, താൻ സായീബാബയുടെ പുനരവതാരമാണെന്ന് പ്രഖ്യാപിക്കുകയും ചെയ്തു. അദ്ദേഹത്തെ സായീബാബയായിട്ടാണ് ആരാധിക്കേണ്ടതു്. എത്രയോ ലക്ഷം ജനങ്ങഠം അദ്ദേഹത്തെ 'സായീ ബാബ' അഥവാ 'സത്യസായീ ബാബ'എന്നു വിളിക്കുന്നു. സായീ എന്നാൽ ഈശൻ, അധീശൻ, നാഥൻ, പ്രഭു എന്നൊക്കെയാണ് അത്ഥം. (ഷാഹീ, ഷാ, പാദ്ഷാ സാഹീ, സായീ, സാക്ഷി ഈ എന്നിവയെല്ലാം പ്രസ്തുത പദത്തിൻെറ ഭിന്നരൂപങ്ങളാണ്) 'സാ' എന്നാൽ സവ്വേശ്വരൻ എന്നും, 'ആയീ' എന്നാൽ അമ്മയെന്നും അത്ഥമുണ്ട്. 'ബാബ' എന്നാൽ അച്ഛൻ. അങ്ങിനെ സായീബാബ എന്ന പദത്തിനു് അധീശൻ, അമ്മ, അച്ഛൻ എന്നും അത്ഥം പറയാം. നമഃ എന്നാൽ ഈശ്വരൻെറ മുമ്പിൽ കൈകൂപ്പി കുനിയുക. ''ന മമ'' (എൻേറതല്ല, അവിടുത്തേതാണ്) എന്ന സങ്കല്പത്തോടുകൂടിയാണ് നമസ്കരിക്കേണ്ടതെന്നാണ് ബാബ പറയുന്നതു്. ഉള്ളുകൊണ്ടു ചെയ്യുന്ന സമപ്പ്ണത്തിൻേറയും അടിയറവിൻെറയും പുറമേയുള്ള പ്രകടനമായിരിക്കണം അതു്—ഈ സങ്കല്പം ഉരുവിട്ട് അതിൻെറ അത്ഥം ധ്യാനിക്കണം

'ഓം ശ്രീ' എന്ന് ഓരോ നാമത്തിൻെറയും മുമ്പിൽ ഉച്ചരിക്കണം. 'ഓം' എന്നതു് പ്രപഞ്ചത്തിൽ അടിസ്ഥാനഭൂതമായിരിക്കുന്ന സ്വരമാണ്. 'ശ്രീ'എന്നാൽ ഐശ്വര്യം, ശ്രേയസ്സ്.

## 2. ഓം ശ്രീ സത്യസ്വരൂപായ നമഃ

സത്യം, ഭൂതം, വത്തമാനം, ഭാവി എന്ന ത്രികാലങ്ങഠംക്ക് അധീനമല്ല. അതു കാലപ്രവാഹത്തിനു് അതീതമായി നില്ക്കുന്നു.

Digitized by Kerala Sahitya Akademi

ശിർദ്ദിയിലെ അവതാരത്തിൽ പറഞ്ഞതുപോലെ, നിരാകാരനായ ബാബ നരാകാരനായി നമുക്ക് പ്രത്യക്ഷപ്പെട്ടിരിക്കുകയാണ്. അവിടുന്ന് നിത്യമായ, മാററമില്ലാത്ത, സാക്ഷാൽ സത്യമാണ്. ''ഞാൻ ഈ ശരീരമാണെന്നു് മൂഢന്മാർ കരുതുന്നു'' എന്നു ഭഗവാൻ ശ്രീകൃഷ്ണൻ പറയുന്നു. ഈ മൂഢതയിൽ വീണുപോകരുതെന്ന് ബാബ ഉദ്ഘോഷിച്ചിട്ടുണ്ട്. ''ആരെല്ലാം എങ്ങിനെയെല്ലാം എത്രകാലം ശ്രമിച്ചാലും എൻെറ അത്ഭുതകരമായ മഹത്വം ഗ്രഹിക്കുവാൻ സാധ്യമല്ല'' എന്നും പറയുന്നു. ''ശ്രദ്ധയോടും ഭക്തിയോടുംകൂടി വേദഗ്രന്ഥങ്ങളുടെ സഹായത്തോടെ ധ്യാനിക്കുകയും പഠിക്കുകയും ചെയ്താൽ മാത്രമേ എന്നെ അറിയുവാൻ സാധിക്കുകയുള്ളൂ'' എന്നാണ് അവിടുന്ന് നിർദ്ദേശിക്കുന്നതു്. അവിടുത്തെ ഇച്ഛയും പ്രഖ്യാപനങ്ങളും സഫലീകൃതമാകുമെന്നതിൽ സംശയമില്ല. എന്തെന്നാൽ, അവിടുന്ന് സാക്ഷാൽ സത്യമാകുന്നു. ''വിശിഷ്ടമായ അർത്ഥമില്ലാത്ത ഒരു വാക്കുപോലും ഞാൻ ഒരിക്കലും ഉച്ചരിക്കുകയില്ല'' എന്നാണ് ബാബയുടെ പ്രഖ്യാപനം.

## 3. ഓം ശ്രീ സത്യധർമ്മപരായണായ നമഃ

സത്യം, ധർമ്മം, ശാന്തി, പ്രേമം എന്നിവയെ സ്ഥാപിക്കുന്നതിനാണ് താൻ വന്നിരിക്കുന്നതെന്ന് ബാബ പ്രഖ്യാപിക്കുന്നു. സത്യം ഉള്ളിടത്തു് പ്രേമവും ഉണ്ടാകുമെന്ന് അദ്ദേഹം പലപ്പോഴും പറയാറുണ്ട്. എന്തെന്നാൽ അസത്യം ഭീതിയിൽനിന്നു ജനിക്കുന്നതാണ്. പക്ഷേ സ്നേഹമുള്ളിടത്തു് ഭീതിയില്ല. അതുപോലെ ധർമ്മമുണ്ടെങ്കിൽ ശാന്തിയുമുണ്ട്. എന്തെന്നാൽ അശാന്തി അനീതിയുടെയും അധർമ്മത്തിൻെറയും ഫലമാകുന്നു. സത്യവും ധർമ്മവും അനുഷ്ഠിക്കണമെന്ന് ബാബ നിർബന്ധിക്കുന്നു. അതായതു് ഉള്ളതുപോലെ, കണ്ടതുപോലെ, പറയുക; പറഞ്ഞതുപോലെ പ്രവർത്തിക്കുക. ധർമ്മനിഷ്ഠ ഓരോ മനുഷ്യനും ആവശ്യമാണ്. അവനവൻെറ തൊഴിലും സ്ഥിതിയും അനുസരിച്ച് ജീവിക്കണം. ഇന്നതു ചെയ്യണമെന്നും, ഇന്നതു ചെയ്യരുതെന്നും മതഗ്രന്ഥങ്ങളിലും ശാസ്ത്രങ്ങളിലും നിശ്ചയിച്ചിട്ടുണ്ട്. ഇതാണ് ധർമ്മാനുഷ്ഠാനത്തിൻെറ അടിസ്ഥാനം. അതുകൊണ്ടാണ് ബാബ വേദശാസ്ത്രങ്ങളുടെ പഠനം പുനരുദ്ധരിച്ചിരിക്കുന്നതു്. ശിർദ്ദിയിൽവെച്ച് ബാബ ഇങ്ങി

Digitized by Kerala Sahitya Akademi

നെ പറഞ്ഞിട്ടുണ്ട്: ''നിങ്ങൾ എപ്പോഴും സത്യത്തിൽ ഉറച്ചുനില്ക്കണം; നൽകിയിട്ടുള്ള വാഗ്ദാനങ്ങൾ നിറവേററണം. അങ്ങിനെ ചെയ്താൽ നിങ്ങൾ എവിടെയാണെങ്കിലും ഞാൻ നിങ്ങളുടെ കൂടെ ഉണ്ടായിരിക്കും.'' പുട്ടപ്പർത്തിയിൽനിന്ന് നമുക്ക് ലഭിക്കുന്ന നിർദ്ദേശവും ഇതുതന്നെയാണ്.

സത്യധർമ്മപരായണൻ എന്നാൽ സത്യത്തിലും ധർമ്മത്തിലും ലയിച്ചിരിക്കുന്നവൻ, തൽപരനായിരിക്കുന്നവൻ, എന്നർത്ഥം.

## 4. ഓം ശ്രീ വരദായ നമഃ

ബാബ വരങ്ങൾ (അനുഗ്രഹങ്ങൾ) നൽകുന്നവനാണ്. വരങ്ങളുടെ ഉദ്ദേശം മനുഷ്യനെ നന്മയിലേയ്ക്കും മേന്മയിലേയ്ക്കും നയിക്കുകയാണ്. ഓരോ മനുഷ്യൻെറ ഉള്ളിലും ദിവ്യമായ ഒരു സ്ഫുലിംഗം (തീപ്പൊരി) ഉണ്ട്. ഇതു് അഞ്ചു കോശങ്ങളാൽ പൊതിയപ്പെട്ടിരിക്കുന്നു. ഈ ആവരണങ്ങൾ ശരിയായി പ്രവർത്തിച്ചില്ലെങ്കിൽ ദോഷമുണ്ട്. ഏററവും പുറമേയുള്ളതാണ് അന്നമയ കോശം. ഇതാണ് വെളിയിൽനിന്ന് കിട്ടുന്ന ആഹാരവസ്തുക്കളെ ഗ്രഹിച്ച് തന്നിൽ ലയിപ്പിക്കുന്ന ശരീരം. ഇതു് രോഗത്തിനും വേദനയ്ക്കും വിധേയമാണ്. ബാബ ഈ കോശത്തെ രോഗപീഡകളിൽനിന്ന് രക്ഷിക്കുന്നു. അടുത്തതു് പ്രാണമയകോശം. ഇതു് ശരീരത്തിൽ അന്തർഗതവും ജീവൻെറ അവലംബവുമാകുന്നു. അതിനു് കേടുതട്ടാതെ ബാബ രക്ഷിക്കുന്നു. മൂന്നാമത്തെ ആവരണമാണ് മനോമയകോശം. ഉൽക്കണ്ഠയും വ്യാകുലതയും ഭ്രാന്തിയും ഉണ്ടാകാതെ ഈ കോശത്തേയും ബാബ രക്ഷിക്കുന്നു. അടുത്തതായി വിജ്ഞാനമയകോശം; ബുദ്ധിയുടെ ആസ്ഥാനമാകുന്നു. ബാബ അതിനെ കലുഷമാകാതെ കാത്തുരക്ഷിക്കുകയും അതിന് തെളിച്ചം നല്കുകയും ചെയ്യുന്നു. അവസാനത്തെ കോശമാണ് ആനന്ദമയകോശം. അതാണ് പരമമായ സുഖത്തിൻെറ ഇരിപ്പിടം. ബാബ അതിനെ പോഷിപ്പിക്കുകയും സ്വച്ഛമാക്കുകയുംചെയ്യുന്നു. ബാബയുടെ വരങ്ങൾ ഈ അഞ്ചു കോശങ്ങളുടേയും അടിസ്ഥാന ധർമ്മങ്ങളെ സഹായിക്കുന്നതിനായി ഉദ്ദേശിക്കപ്പെട്ടിട്ടുള്ളവയാണ്. ശരീരവും പ്രാണനും മനസ്സും ബുദ്ധിയും യഥാവിധി

Digitized by Kerala Sahitya Akademi

പ്രവത്തിക്കുന്നതിനും, പരമാനന്ദാനുഭൂതി പൂണ്ണമാകുന്നതിനും ബാബയുടെ അനുഗ്രഹം ആവശ്യമാകുന്നു.

## 5. ഓം ശ്രീ സത്പുരുഷായ നമഃ

നാം കാണുകയും അറിയുകയും അനുഭവിക്കുകയും ചെയ്യുന്ന ഈ പ്രപഞ്ചത്തിൻെറ ആധാരമായ ബ്രഹ്മം സച്ചിദാനന്ദ സ്വരൂപമാണ്. അതായത്, അതിനു് സത്, ചിത്, ആനന്ദം എന്നീ മൂന്നു ഭാവങ്ങളുണ്ട് എന്നത്ഥം. സത് എന്നാൽ ഉണ്ട് എന്ന അവസ്ഥ. ചിത് അറിയുന്നു എന്ന അവസ്ഥ. ആനന്ദം, ആനന്ദാനുഭൂതിതന്നെ. ബാബയെ സത് എന്ന അവസ്ഥയുടെ മൂത്തിയായി വന്ദിക്കുന്നു. വെറും 'സത്'' മാത്രമായ ആ ബ്രഹ്മം ''ഏകോഹം, ബഹുസ്യാം'' എന്നു്, ചിത്മൂലം വദ്ധിച്ചു. വളന്നു. അതാണ് ആനന്ദാനുഭൂതിയുടെ ആരംഭം. ആ സത്തിൻെറ പുരുഷരൂപമാണ് ബാബ. 'പുരുഷ' എന്ന പദത്തിനു്, 'പൂണ്ണം അനേനസവ്വം' ഏതുകൊണ്ട് ഇതെല്ലാം പൂണ്ണമാകുന്നുവോ, ഏതില്ലെങ്കിൽ ഇതൊന്നും പൂണ്ണമാവുന്നില്ലയോ, ആ വസ്തു, എന്നത്ഥം. പഞ്ച കോശങ്ങളാകുന്ന മതിലുകളുടെ അകത്ത്, ആ 'പുര'ത്തിൽ, കോട്ടയിൽ, വസിക്കുന്നവൻ, ദേഹത്തിലെ ദേഹി എന്നും അത്ഥമുണ്ട്. സത്യസായീ ബാബ നമ്മുടെ ഹൃദയവാസിയായതുകൊണ്ട് ബാബ സത്സ്വരൂപനായ പുരുഷൻതന്നെ.

## 6. ഓം സത്യഗുണാത്മനേ നമഃ

സത്യനിഷ്ഠ ഏററവും വലിയ സദ്ഗുണമായി ബാബ കരുതുന്നു. സത്യം, ധമ്മം, ശാന്തി, പ്രേമം എന്നിവയാണ് അദ്ദേഹം തൻെറ ആരാധകരിൽ വളന്നു കാണുവാൻ ആഗ്രഹിക്കുന്നതു്. ഉള്ളതുപോലെ ചിന്തിക്കുക, ഉള്ളതുപോലെ പറയുക, ഉള്ളതുപോലെ പ്രവത്തിക്കുക, ഇതാണ് സത്യനിഷ്ഠ. ഈ വ്രതം അനുഷ്ഠിക്കാത്തവരെ ബാബ വളരെവേഗം കണ്ടുപിടിക്കുന്നു. കപടവേഷക്കാരെയും കള്ളത്തരം കാണിക്കുന്നവരെയും അദ്ദേഹം ക്ഷണേന വെളിപ്പെടുത്തുന്നു. അവരുടെ വൈകൃതങ്ങൾ പൊളിച്ചുകാട്ടുന്നു. ഒരിക്കൽ

Digitized by Kerala Sahitya Akademi

ഒരു ഭക്തൻ ബാബയ്ക്ക് കാഴ്ചവയ്ക്കുവാനായി ഒരു സാധനം വാങ്ങു വാൻ പോയി. ആ മനുഷ്യന്റെ മകൻ അതിന് തടസ്സം പറഞ്ഞു. ബാബ അതു സ്വീകരിക്കുകയില്ലെന്നായിരുന്നു മകന്റെ വാദം. ഏതായാലും അതു വാങ്ങിച്ചു. അപ്പോൾ ബാബ അതു സ്വീകരി ക്കാതിരിക്കട്ടെ എന്നും, അങ്ങിനെ അതു തനിക്കു കിട്ടുവാൻ ഇടയാ കട്ടെ എന്നും ആയി മകന്റെ ആഗ്രഹം. ആ സാധനം ബാബയു ടെ മുമ്പിൽ വെച്ചപ്പോൾ അവിടുന്ന് ഇങ്ങിനെ പറഞ്ഞു. ''ഇതു് നിങ്ങളുടെ മകനുവേണ്ടി വാങ്ങിച്ചതാണ്; അവനു കൊടുക്കുക.'' ആ സംഭവത്തിന്റെ പിന്നിൽ ഉണ്ടായ സകല വസ്തുതകളും ബാ ബ പൂർണ്ണമായി മനസ്സിലാക്കി. സത്യഗുണസ്വരൂപനായ ബാ ബയ്ക്ക് മകന്റെ മനസ്സിലുദിച്ച ആശാകിരണം ആ സാധനത്തെ അ സ്വീകാര്യമാക്കി, അസത്യമാക്കി.

## 7. ഓം ശ്രീ സാധുവർദ്ധനായ നമഃ

സാധു എന്നാൽ സൽഗുണമുള്ളവൻ എന്നർത്ഥം. കാഷായവ സ്ത്രം ധരിച്ചുനടക്കുന്നവൻ എന്ന് സാധാരണ മനസ്സിലാക്കിവരുന്ന അർത്ഥം ശരിയല്ല. നന്മ, നീതിനിഷ്ഠ, ഭക്തി, ബ്രഹ്മജ്ഞാനം എന്നീ ഗുണങ്ങളെയാണ് ഈ പദം സൂചിപ്പിക്കുന്നതു്. ''പരി ത്രാണായസാധൂനാം'' എന്ന ഗീതാവചനത്തിൽ പറയുന്ന സാധു ക്കൾ കാവി വസ്ത്രധാരികളല്ലെന്നും, ഈ ലോകത്തിലെ സുഖങ്ങളോ ടും വസ്തുക്കളോടും സംഗമില്ലാതെ ജീവിക്കുന്ന നല്ല മനുഷ്യരാണെന്നും ബാബ പറഞ്ഞിട്ടുണ്ട്. ഇങ്ങിനെയുള്ള സജ്ജനങ്ങൾ വദ്ധിക്കു ന്നതിനുവേണ്ടിയാണ് ബാബ യത്നിക്കുന്നതു്. അനീതിമൂലം ക്ഷതം സംഭവിച്ച എത്രയോ ആളുകളെ അവിടുന്ന് സുഖപ്പെടുത്തി യിട്ടുണ്ട്. മാതാപിതാക്കന്മാരെയും ഗുരുക്കന്മാരെയും, മുതിർന്നവരേയും, അറിവുള്ളവരെയും ബഹുമാനിക്കണമെന്നും, സേവനത്തിനുള്ള അവ സരം കണ്ടുപിടിച്ച് അതിൽ വ്യാപൃതരാകണമെന്നും, സന്തോഷവും സംതൃപ്തിയും പ്രചരിപ്പിക്കണമെന്നും, പരദൂഷണത്തിൽ ഏർപ്പെടരു തെന്നും, അന്യരുടെ കുററങ്ങളും കുറവുകളും വിഗണിക്കണമെന്നും, ആത്മപ്രശംസ ചെയ്യരുതെന്നും, എല്ലാ ജീവികളിലും കുടികൊള്ളു ന്ന സായി എന്ന ശക്തിയെ ധ്യാനിക്കണമെന്നുമാണ് അവിടുന്ന് നൽകുന്ന ഉപദേശം. ഇങ്ങിനെ ചെയ്താൽ സാധുത്വം വദ്ധിക്കും.

Digitized by Kerala Sahitya Akademi

## 8. ഓം ശ്രീ സാധുജനപോഷണായ നമഃ

സാധുക്കളും സാധകന്മാരും പ്രാർത്ഥിച്ചതിൻെറ ഫലമായിട്ടാണ് താൻ വന്നിരിക്കുന്നതു് എന്നു് ബാബ പറയുന്നു: ''നന്മയുള്ളവരും നേർവഴി നടക്കുന്നവരും ദുസ്സഹമായ വേദനമൂലം ഒരു രക്ഷിതാവിനുവേണ്ടി കരയുമ്പോഴും, സാധുജീവിതം നയിക്കാൻ ശ്രമിക്കുന്നവർ അവഗണനയും ക്രൂരതയും അനുഭവിച്ച് കഷ്ടപ്പെടുമ്പോഴും, ഞാൻ പ്രത്യക്ഷപ്പെടുന്നു''. അങ്ങിനെ നിരാകാര (രൂപമില്ലാത്ത) ദൈവചൈതന്യം നരാകാരം (മനുഷ്യരൂപം) പൂണ്ട് സാധുജനപോഷണത്തിനായി പുട്ടപ്പർത്തിയിൽ അവതരിച്ചിരിക്കുകയാണ്. ''രോഗവും ദാരിദ്ര്യവും നിങ്ങളുടെ ആദ്ധ്യാത്മിക പുരോഗതിക്ക് മുടക്കംവരുത്തുമ്പോഴും ഞാൻ നിങ്ങളെ സഹായിക്കുവാൻ ഓടിയെത്തി പ്രസാദവർഷംകൊണ്ടു് നിങ്ങളെ സഹായിക്കും. സാധുജനപോഷണമാണ് എൻെറ കർത്തവ്യം'' എന്നു് ബാബ പറഞ്ഞിട്ടുണ്ട്.

## 9. ഓം ശ്രീ സർവ്വജ്ഞായ നമഃ

സർവ്വജ്ഞൻ എന്നാൽ എല്ലാം അറിയുന്നവൻ. ബാബ എല്ലാ മനുഷ്യരുടേയും എല്ലാ വസ്തുക്കളുടേയും ഉള്ളിൽ വസിക്കുന്നു. അദ്ദേഹം എവിടെയുമുണ്ട്. അദ്ദേഹം അറിയാത്തതായി യാതൊന്നുമില്ല. ഓരോരുത്തരുടേയും കാര്യങ്ങൾ തുറന്നുവെച്ച പുസ്തകത്തിൽനിന്നു് എന്നപോലെ അദ്ദേഹം ഗ്രഹിക്കുന്നു. ഭൂതവും വർത്തമാനവും, ഭാവിയും അദ്ദേഹം കാണുന്നു. അദ്ദേഹം ത്രികാലജ്ഞനാണ്. ഒരിക്കൽ അന്ധനായ ഒരു പി[illegible] എത്തി്. ഡിക്കാരൻ ബാബയോട് തനിക്ക് കാഴ്ചനല്ലണമെന്നു് അപേക്ഷിച്ചു. ''പൂർവ്വജന്മത്തിൽ, അടുത്തതവണ അന്ധനായി ജനിക്കണമെന്നു് നിങ്ങൾ പ്രാർത്ഥിച്ചു. അതിൻെറ ഫലമാണിതു്. നിങ്ങളുടെ പ്രാർത്ഥന ഭഗവാൻ നിറവേററി. ഇനി എങ്ങിനെയാണ് അതു വേണ്ടെന്നു വയ്ക്കുന്നതു്''' എന്നായിരുന്നു ബാബയുടെ മറുപടി. ബാബയുടെ ത്രികാലജ്ഞാനം പണ്ഡിതന്മാരുടെയും ശാസ്ത്രജ്ഞന്മാരുടെയും വിഷമങ്ങൾക്കുപോലും സമാധാനം നല്കിയിട്ടുണ്ട്. അദ്ദേഹം സർവ്വവും അറിയുന്നു. ഒരിക്കൽ, ടർക്കിയിൽ നടന്ന ഒരു ശാസ്ത്രജ്ഞ മ

Digitized by Kerala Sahitya Akademi

ഹായോഗത്തിൽ ഭാരതീയ പ്രതിനിധിയായിരുന്ന ഒരു ഭക്തനു് ഉത്തരംമുട്ടിയപ്പോഠം, ബാബ അദ്ദേഹത്തിൻെറ മുമ്പിൽ പ്രത്യക്ഷനായി അഭയമുദ്ര കാണിച്ചപ്പോഠം, അദ്ദേഹത്തിനു് അത്യാവശ്യമായ ഉത്തരം ബാബയുടെ ഉള്ളംകയ്യിൽ ലിഖിതമായിരുന്നു!

## 10. ഓം ശ്രീ സർവ്വജനപ്രിയായ നമഃ

''നിങ്ങഠം എന്നെ പ്രേമസ്വരൂപൻ എന്നു വിളിച്ചാൽ അതു തെററല്ല'' എന്നു് ബാബ പറഞ്ഞിട്ടുണ്ടു്. എന്തെന്നാൽ ബാബ മുഴുവനും സ്നേഹമാകുന്നു. ''എനിക്കു് എന്തെങ്കിലും ഒരു പ്രതിജ്ഞ നിറവേററാനുണ്ടെങ്കിൽ അതു് എല്ലാ ജനങ്ങളിലും ആനന്ദവർഷം ചെയ്യണമെന്നുള്ളതാണു്.'' ഇക്കാരണത്താൽ ബാബ സർവ്വജനപ്രിയനായിത്തീർന്നിരിക്കുന്നു. അദ്ദേഹത്തിൻെറ സന്നിധിയിൽ എല്ലാവർക്കും സ്വാഗതം ലഭിക്കുന്നു. അജ്ഞന്മാരും ആർത്തന്മാരും ദരിദ്രന്മാരും ഖലന്മാരും അവിടെ കൂടുതൽ സ്വാഗതാർഹരാണു്. അവർക്കാണല്ലോ ബാബയുടെ അനുഗ്രഹം കൂടുതൽ ആവശ്യമുള്ളതു്. അദ്ദേഹം അമ്മയായും അച്ഛനായും സുഹൃത്തായും ഉപദേഷ്ടാവായും ഓരോരുത്തർക്കും പ്രത്യക്ഷപ്പെടുന്നു. അവിടത്തെ തിരുമുമ്പിൽനിന്നു് ആരും അനുഗ്രഹം ലഭിക്കാതെ മടങ്ങിപ്പോരുന്നില്ല.

## 11. ഓം ശ്രീ സർവ്വശക്തിമൂർത്തയെ നമഃ

ബാബ എല്ലാ ശക്തികളുടേയും മൂർത്തിയാണു്; പ്രത്യക്ഷ വിഗ്രഹമാണു്. മായാശക്തിയായി കാണപ്പെടുന്ന മഹാശക്തിയാണു് താൻ എന്നു് അദ്ദേഹംതന്നെ പ്രഖ്യാപിച്ചിട്ടുണ്ടു്. ഇച്ഛാശക്തി, ക്രിയാശക്തി, ജ്ഞാനശക്തി എന്നു് ശക്തിയുടെ മൂന്നു ഭാവങ്ങളെപ്പററി ശാസ്ത്രങ്ങഠം പറയുന്നു. വേണമെന്നുള്ള കാര്യങ്ങളെ മനസ്സിൻെറ നിശ്ചയംകൊണ്ടു് സാധിക്കുന്ന കഴിവാണു് ഇച്ഛാശക്തി. കാര്യങ്ങഠം ചെയ്യുന്നതിനുള്ള കഴിവു് ക്രിയാശക്തി. അറിവിൻെറ കഴിവാണു് ജ്ഞാനശക്തി. ഈ മൂന്നു ശക്തികളുടേയും നിക്ഷേപമാണു് ബാബ. ഈ നിക്ഷേപത്തിൽനിന്നു് എല്ലാ ജീവികളും തങ്ങഠംക്കു വേണ്ടതു ഗ്രഹിക്കുന്നു.

Digitized by Kerala Sahitya Akademi

## 12. ഓം ശ്രീ സർവ്വേശായ നമഃ

ബാബ ദൈവശക്തിയുടെ എല്ലാ ഭാവങ്ങളുടെയും പ്രതിരൂപമാകുന്നു. അവിടുന്ന് ശിവശക്തി, ശക്തി, ശിവൻ, ശ്രീകൃഷ്ണൻ, ശ്രീരാമൻ, ഗണപതി, പാണ്ഡുരംഗൻ എന്നീ രൂപങ്ങളിൽ ഭക്തജനങ്ങൾക്ക് ദർശനം നൽകിയിട്ടുണ്ട്. മൈസൂരിൽ സുപ്രസിദ്ധമായ ഗോമടേശ്വരവിഗ്രഹം നിൽക്കുന്ന ശ്രാവണ ബെളഗൊള എന്ന സ്ഥലത്തിനടുത്തുള്ള കൊത്തനഘട്ട ക്ഷേത്രത്തിൽ ഇപ്പോഴും ബാബയുടെ രൂപം സ്പഷ്ടമായിക്കാണാം. ഹംപിയിലെ വിരൂപാക്ഷ ക്ഷേത്രത്തിൽവച്ച് മുമ്പ് ബാബ ശിവൻെറ രൂപത്തിൽ പ്രത്യക്ഷപ്പെടുകയുണ്ടായി. ''എല്ലാ ദേവാലയങ്ങളിലും ആരാധിക്കപ്പെടുന്നതു് ഞാൻതന്നെയാണ്. എല്ലാ പ്രാർത്ഥനകളും, യജ്ഞാർച്ചനകളും ഞാൻ സ്വീകരിക്കുന്നു'' എന്ന് ബാബ അരുളിച്ചെയ്തിട്ടുണ്ട്.

## 13. ഓം ശ്രീ സർവ്വസംഗപരിത്യാഗിനേ നമഃ

സംഗം എന്നാൽ ബന്ധം എന്നർത്ഥം. ബാബയ്ക്ക് ഒന്നിനോടും ബന്ധമില്ല. എന്തെന്നാൽ അദ്ദേഹത്തിൻെറ മഹാ പ്രഭുത്വത്തിൽ എല്ലാവസ്തുക്കളും പരമനിസ്സാരങ്ങളാണ്. അവിടുത്തേയ്ക്ക് സ്വന്തമായി ഒന്നും ആവശ്യമില്ല. എല്ലാ സംഗങ്ങളും പരിത്യജിച്ച അവിടുന്ന് ഭക്തജനങ്ങളെ സഹായിക്കാനും സംതൃപ്തരാക്കുവാനും അനുഗ്രഹിക്കുവാനും സദാ സന്നദ്ധനാണ്. ''ഇതാണ് എൻെറ കർത്തവ്യം. നിങ്ങളുടെ സന്തോഷമാണ് എൻെറ ആഹാരം. നിങ്ങളുടെ ആഹാരം എൻെറ സന്തോഷവും'' എന്ന് അദ്ദേഹം പറയുന്നു. ബാബ എപ്പോഴും കർത്തവ്യങ്ങളിൽ മുഴുകിയിരിക്കുകയാണ്. എന്നാൽ ഈ യത്നമൊന്നും അദ്ദേഹത്തിൻെറ സ്വരൂപത്തെ സ്പർശിക്കുകയോ, ബാധിക്കുകയോ ചെയ്യുന്നില്ല. എല്ലാ കർമ്മങ്ങളിലും അവിടുന്ന് നിസ്സംഗസാക്ഷിയായി നില്ക്കുന്നതേയുള്ളു. തുറന്നുകിടക്കുന്ന എല്ലാ വാതിലുകളിലൂടെയും കടന്നുവരുന്ന സൂര്യപ്രകാശംപോലെയാണ് തൻെറ അനുഗ്രഹമെന്നാണ് ബാബ പറയുന്നതു്. ആരെയും എന്തിനെയും തേജോമയമാക്കുവാൻ അവിടുന്ന് എപ്പോഴും സന്നദ്ധനായിരിക്കുന്നു.

Digitized by Kerala Sahitya Akademi

## 14. ഓം ശ്രീ സർവ്വാന്തര്യാമിനേ നമഃ

''ഞങ്ങളുടെ അന്തർഗതങ്ങളെ ഒരു തുറന്ന പുസ്തകത്തിൽനിന്നു എന്നപോലെ ഗ്രഹിക്കുവാൻ അവിടുത്തേയ്ക്കുള്ള ഈ അത്ഭുതശക്തിയുടെ രഹസ്യമെന്താണ്?'' എന്ന് ആരോ ഒരിക്കൽ ബാബയോട് ചോദിച്ചു. അവിടുന്നു നല്കിയ ഉത്തരം ഇതായിരുന്നു. ''ഇതു് ഞാൻ സമ്പാദിച്ച ശക്തിയൊന്നുമല്ല. അങ്ങിനെ സവിശേഷമായ ശക്തിയൊന്നും ഞാൻ പ്രയോഗിക്കുന്നില്ല. അതു് എന്റെ സ്വരൂപമാണ്. ഞാൻ നിങ്ങളുടെ മനസ്സിലേയ്ക്കു് കടന്നുവന്നു് അവിടെ മറഞ്ഞിരിക്കുന്ന വസ്തുതകളെ തിരഞ്ഞുപിടിച്ച് വെളിപ്പെടുത്തുകയല്ല; ഞാൻ എപ്പോഴും അവിടെയുണ്ട്. നിങ്ങളുടെ മനസ്സിനെ പ്രവർത്തിപ്പിക്കുന്നതുതന്നെ ഞാനാണ്. എന്റെ അറിവില്ലാതെ നിങ്ങൾക്കു് ചിന്തിക്കാനോ പ്രവർത്തിക്കാനോ അനുഭവിക്കാനോ സാദ്ധ്യമല്ല.'' ബാബ എല്ലാവരുടേയും ഉള്ളിൽ സ്ഥിതി ചെയ്യുന്നു. അതുകൊണ്ടാണ് അവിടുന്നു് നമ്മുടെ അന്തർഗ്ഗതങ്ങളെ സൂക്ഷ്മമായി അറിയുന്നതു്. നമ്മുടെ മനസ്സാകുന്ന ഗ്രന്ഥത്തിലെ ഓരോ അക്ഷരവും ബാബയുടെ കൈകൊണ്ടുതന്നെ എഴുതപ്പെട്ടതാണ്. പിന്നെ അതു വായിക്കുവാൻ എന്താണ് വിഷമം.

## 15. ഓം ശ്രീ മഹിമാത്മനേ നമഃ

മഹിമ എന്നാൽ അത്ഭുതകരമായ ശക്തിവിശേഷമാണ്. ഈ ദിവ്യവൈഭവത്തിന്റെ ഇരിപ്പിടമാണ് ബാബ. അതു പലപല രീതികളിൽ എത്രയോ ഭക്തജനങ്ങൾക്കു് അനുഭവസിദ്ധമായിട്ടുണ്ട്. അടുത്തുള്ളവരും അന്യദേശത്തുള്ളവരും അതിന്റെ ഫലം ലഭിച്ച് ധന്യരായിട്ടുണ്ട്. വിദൂര രാജ്യങ്ങളിൽപോലും പലരും ബാബയുടെ ചിത്രത്തെ പൂജിച്ചു വരുന്നു. പൂജിക്കപ്പെടുന്ന ചിത്രത്തിൽനിന്നു് (അതു് ബാബയുടെ ചിത്രമായിരിക്കണമെന്നില്ല) ഭക്തനു് വിഭൂതിയും, കുങ്കുമവും, ചന്ദനവും, തേനും, അമൃതവും, സുഗന്ധവസ്തുക്കളും ലഭിക്കുന്നു. ബാബയുടെ മഹിമകൊണ്ടുണ്ടാകുന്ന പ്രസാദവർഷമാണിതെല്ലാം. തന്റെ സാന്നിദ്ധ്യത്തെ അടയാള

Digitized by Kerala Sahitya Akademi

ങ്ങൾകൊണ്ടും ചലനങ്ങൾകൊണ്ടും, സുഗന്ധംകൊണ്ടും ബാബ ഭക്തനെ അറിയിക്കുന്നു. ചിലപ്പോൾ വലിയ പ്രകാശമായിരിക്കും കാണുന്നതു്. മററു ചിലപ്പോൾ പാദമുദ്രകൾ കാണാം; ഓം എന്ന അക്ഷരം തെളിഞ്ഞുവരും; ചിത്രങ്ങളും അവയിൽ ചാർത്തിയിരിക്കുന്ന മാലകളും തനിയെ ആടുന്നതു കാണാം. ഇങ്ങിനെയുള്ള ശക്തിപ്രകടനംകൊണ്ടു് ബാബ തൻെറ ആരാധകന്മാരിൽ ഭയഭക്തി· വിശ്വാസങ്ങൾ ജനിപ്പിക്കുന്നു. പുട്ടപ്പർത്തിയിൽ വന്നു് തന്നെ കാണുവാൻ കഴിവില്ലാത്ത ഗ്രാമീണർക്കുവേണ്ടി ബാബ കൊത്തനഘട്ട എന്ന സ്ഥലത്തു് ഒരു പഴയ ക്ഷേത്രത്തിൽ പ്രതിഷ്ഠിച്ചിട്ടുള്ള ശിവലിംഗത്തിൽ സ്വന്തം രൂപത്തിൽ പ്രത്യക്ഷപ്പെട്ടിരിക്കുന്നു. ഈ വൈഭവങ്ങൾ ഈശ്വര വിശ്വാസത്തെയും ആസ്തിക ബുദ്ധിയെയും വളർത്തുകയും ഉറപ്പിക്കുകയും ചെയ്യുന്നു.

## 16. ഓം ശ്രീ മഹേശ്വര സ്വരൂപായ നമഃ

മഹേശ്വരൻ എന്നാൽ ശിവൻ. ശിവപദത്തിൻെറ അർത്ഥം മംഗളം എന്നാണു്. ശിവൻെറ സർവ്വസാധാരണമായ അടയാളം ശിവലിംഗം ആകുന്നു. ബാബ തൻെറ ഉള്ളിൽ ശിവലിംഗങ്ങൾ നിർമ്മിക്കുകയും അവയുടെ ഉത്ഭവത്തെ മഹാശിവരാത്രിനാളിൽ അനേകായിരം ഭക്തജനങ്ങൾക്കു കാണുവാൻ സൗകര്യം നൽകുകയും ചെയ്യുന്നു. ശിവൻ ത്രിമൂർത്തികളിൽ മൂന്നാമത്തെ മൂർത്തിയാണു്— സർവ്വപ്രപഞ്ചത്തെയും സംഹരിച്ചു് ഭസ്മമാക്കുന്ന ഈശ്വരഭാവം. ശിവൻെറ ശരീരംതന്നെ ഭസ്മം പൂശിയതാണു്. അദ്ദേഹത്തിൻെറ പ്രസാദവും ഭസ്മംതന്നെ. ശിവഭക്തന്മാർ ഭസ്മം ധരിക്കുന്നു. ബാബ ഈ ഭസ്മം — വിഭൂതി — ആണു് തൻെറ കൈത്തലത്തിൽനിന്നും, നെററിയിൽനിന്നും, പാദത്തിൽനിന്നും, ചിത്രങ്ങളിൽനിന്നുപോലും ചൊരിയുന്നതു്. ബാബയുടെ ഭക്തന്മാർക്കു് ഈ വിഭൂതി ശാരീരികവും, മാനസികവും ബുദ്ധിപരവുമായ എല്ലാ രോഗങ്ങൾക്കുമുള്ള സിദ്ധൗഷധമാണു്. ഈ കാരണത്താൽ ബാബയെ മഹേശ്വര സ്വരൂപനായി ആരാധിച്ചുപോരുന്നു.

Digitized by Kerala Sahitya Akademi

## 17. ഓം ശ്രീ പർത്തിഗ്രാമോത്ഭവായ നമഃ

പർത്തി (പുട്ടപ്പർത്തി) എന്ന ഗ്രാമത്തിലാണ് സത്യസായീ അവതാരം പ്രത്യക്ഷമായത്. അവിടെയാണ് അദ്ദേഹം തൻെറ കൃത്യങ്ങളായ വേദപോഷണം, ധർമ്മോദ്ധാരണം, ഭക്തരക്ഷണം, ലോകകല്യാണം എന്നിവ നടത്തുന്നതിനുള്ള ആസ്ഥാനം നിർമ്മിച്ചിരിക്കുന്നത്. ഈ കേന്ദ്രത്തിന് പ്രശാന്തിനിലയം എന്ന പേരുകൊടുത്തിരിക്കുന്നു. എന്നുവരികിലും ബാബ ലോകത്തിൻെറ നാനാഭാഗങ്ങളിലുമുള്ള എത്രയോ ലക്ഷം ഭക്തന്മാരുടെ ഹൃദയങ്ങളിലും സ്ഥിതിചെയ്യുന്നു. പർത്തിഗ്രാമത്തെ പുട്ടപ്പർത്തി എന്നു വിളിച്ചുവരുന്നു; എന്തെന്നാൽ അവിടെ ധാരാളം ഉറുമ്പിൻ പുററു (പുട്ട)കാം ഉണ്ടായിരുന്നുവത്രെ. ശിർദ്ദി ബാബ പ്രത്യക്ഷപ്പെട്ട സ്ഥലത്തിൻെറ പേരു് പത്രി എന്നാണ്. പർത്തി, പത്രി എന്നിവയുടെ തമ്മിലുള്ള സാമ്യം അർത്ഥവത്തായിത്തോന്നുന്നു. പുട്ടപ്പർത്തി, ബാംഗളൂർ—ഗുണ്ടക്കൽ തീവണ്ടിപ്പാതയിലുള്ള പെനുക്കൊണ്ട, ധർമ്മാവരം എന്നീ സ്റ്റേഷനുകളിൽനിന്ന് 20 മൈൽ അകലെ സ്ഥിതിചെയ്യുന്നു.

## 18. ഓം ശ്രീ പർത്തിക്ഷേത്രനിവാസിനേ നമഃ

ഈ നാമത്തിൻെറ അർത്ഥം പർത്തി എന്ന സ്ഥലത്തുള്ള ക്ഷേത്രത്തിൽ നിവസിക്കുന്നവൻ എന്നാണ്. പക്ഷേ ഈ നാമത്തിൽ ധ്യാനിക്കുമ്പോഴും ബാബ സർവ്വാന്തര്യാമിയാണെന്ന വസ്തുത നാം ഓർമ്മിക്കേണ്ടതാണ്. നാം ഓരോരുത്തരും നമ്മുടെ ഹൃദയം ശുദ്ധമാക്കിവെയ്ക്കണം. എന്നാൽ ബാബ ആ ഹൃദയത്തിൽ പ്രത്യക്ഷപ്പെടും. ''ഞാൻ നിങ്ങളുടെ ഹൃദയവാസിയാണെ''ന്നു ബാബ പറയാറുണ്ട്. എങ്കിലും ബാബയുടെ അനുഗ്രഹവും പ്രസാദവും ലഭിക്കുന്നതിന് ഏററവും സൗകര്യമുള്ള സ്ഥലം പുട്ടപ്പർത്തിയാണ്. സവിശേഷമായ പ്രാധാന്യവും സാധ്യതകളുമുള്ള സ്ഥലങ്ങളാണ് ഈശ്വരൻ തൻെറ അവതാരത്തിനായി തിരഞ്ഞെടുക്കുന്നത്. പുട്ടപ്പർത്തിക്ക് ഇങ്ങിനെയുള്ള അത്ഭുതകരമായ മാഹാത്മ്യമുണ്ടെന്നുള്ളതു് നിസ്സംശയമാണ്. അതുകൊണ്ടാണല്ലോ ബാബ അവിടെ പ്രത്യക്ഷപ്പെട്ടത്. ''ഈ പർത്തി മറെറാരു തിരുപ്പതിയോ മഥുരയോ ആയിത്തീരു''മെന്ന് ബാബ പ്രഖ്യാപിച്ചിട്ടുണ്ട്.

Digitized by Kerala Sahitya Akademi

## 19. ഓം ശ്രീ യശഃ കായ ശിർദ്ദിവാസിനേനമഃ

യശഃകായം എന്നാൽ കീർത്തിയാകുന്ന ശരീരം. ബാബ ശിർദ്ദി വാസിയാണ്; ശിർദ്ദി എന്ന സ്ഥലത്തു് ജീവിച്ച സാക്ഷാൽ സായീ ബാബയാണ്. പക്ഷേ ശിർദ്ദിവാസിയായ രൂപം ഇന്നു് കീർത്തി മാത്രമായിട്ടേ ശേഷിക്കുന്നുള്ള. ഇന്നത്തെ ഭൗതികരൂപം സത്യസായീ ബാബയുടേതാണ്. 1918—ൽ ശിർദ്ദിയിൽവെച്ച് ബാബ പറഞ്ഞു. ''എട്ടുവർഷം കഴിഞ്ഞ് ഞാൻ വീണ്ടും വരും.'' 1926—ൽ സത്യസായി അവതരിക്കുകയും ചെയ്തു. പുട്ടപ്പർത്തിയിൽ ഗായത്രി സ്വാമിക്കു് സായീബാബ ഒരു അത്ഭുതദർശനം നൽകുകയും അദ്ദേഹത്തോടു് ഇങ്ങിനെ പറയുകയും ചെയ്തു: ''എട്ടു വർഷത്തെ സമാധിക്കുശേഷം ഞാൻ ഇങ്ങോട്ടുപോന്നു. അവിടെയുള്ള ആസ്തികളെല്ലാം 15 വർഷത്തിനുശേഷം ഞാൻ ഇവിടെ കൊണ്ടുവന്നു.''. ഈ ആസ്തികളാണ് സായീബാബയുടെ യശഃകായം — ഗോത്രനാമം, സൂത്രനാമം, ശക്തി, ജ്ഞാനം, ലോകസേവനകർമ്മം, എന്നിവയെല്ലാം അതിൽ ഉൾപ്പെടുന്നു. പുട്ടപ്പർത്തിയിൽവെച്ച് പതിന്നാലാമത്തെ വയസ്സിലാണ് ബാബ തൻെറ അവതാര രഹസ്യം പ്രഖ്യാപിച്ചതു് — താൻ ശിർദ്ദിയിലെ സായീബാബയാണെന്നു്. 14 വയസ്സും 9 മാസത്തെ ഗർഭജീവിതവും ചേർത്താണ് 15 വർഷം എന്നു സൂചിപ്പിച്ചതു്.

## 20. ഓം ശ്രീ ജോഡി ആദിപ്പള്ളി സോമപ്പായ നമഃ

1958 നവംബർമാസം 26—ാംനു- (ബാബയുടെ തിരുനാൾ മഹോത്സവത്തിനു് മൂന്നു ദിവസം പിൻപു്) ബാംഗളൂർക്കാരനായ ഒരു ഭക്തൻ ബാബയോടു യാത്ര ചോദിച്ച് പ്രശാന്തി നിലയത്തിൽ നിന്നു പുറപ്പെട്ടു. വഴിക്കുവെച്ച് ആ മനുഷ്യൻെറ രണ്ടു വയസ്സു മാത്രം പ്രായമുള്ള മകൾക്കു് സന്നി ബാധിക്കുകയും, കുട്ടി ക്ഷണേന ശ്വാസം മുട്ടി ബോധംകെടുകയും ചെയ്തു. ബാബ ഈ അത്യാഹിതം അറിയുകയും ''രണ്ടു കൂട്ടുകാരോടു'' കൂടി സംഭവസ്ഥലത്തു് ഒരു ഗ്രാമീണനായി പ്രത്യക്ഷപ്പെടുകയുംചെയ്തു. ''ഗ്രാമീണൻ'' കുട്ടി

Digitized by Kerala Sahitya Akademi

യെ തൻെറ കൈയ്യിൽ തരുവാൻ പറഞ്ഞു. കൂട്ടകാരും ആ അപേക്ഷ യെ പിന്താങ്ങി. ''കൊടുക്കുക. അദ്ദേഹം അനേകായിരം ആളുകളു ടെ രോഗം ശമിപ്പിച്ചിട്ടുണ്ട്. ഈ കുട്ടിയേയും സുഖപ്പെടുത്തും.'' ''ഗ്രാമീണൻ'' കുട്ടിയെ എടുത്തു് മടിയിൽവെച്ചു; അതു് ഉടൻത ന്നെ സുഖം പ്രാപിക്കുകയും ചെയ്തു. അദ്ദേഹം ഇങ്ങിനെ പറഞ്ഞു: ''മൂന്നു ദിവസമായി എനിക്കു് വലിയ തിരക്കായിരുന്നു. അതു കഴിഞ്ഞിട്ടു് അല്പം വിശ്രമിക്കാൻ കിടന്നപ്പോഴാണു് ഈ കുട്ടി രോ ഗംകൊണ്ടു് കഷ്ടപ്പെടുന്നതായി അറിഞ്ഞതു്. ഉടൻതന്നെ ഞാൻ ഇവിടെ എത്തി.'' ഗ്രാമീണൻ കുട്ടിയെ അച്ഛനമ്മമാരുടെ കൈ യ്യിൽ കൊടുത്തു. അവർ തങ്ങൾക്കു് മഹോപകാരം ചെയ്ത മനു ഷ്യനു് ഒരു രൂപ കൊടുത്തു. പക്ഷേ ഗ്രാമീണൻ അതു വാങ്ങിയി ല്ല. അപ്പോൾ അവർ പ്രശാന്തിനിലയത്തിൽവച്ചു് ബാബ അ വർക്കു കൊടുത്ത പഴങ്ങളിൽ ഒന്നു് എടുത്തു കൊടുത്തു. എന്നിട്ടു് ഗ്രാമീണൻെറ പേരു ചോദിച്ചു. ''ജോഡി ആദിപ്പള്ളി സോമ പ്പ''എന്നായിരുന്നു ഉത്തരം. ആ ''ഗ്രാമീണൻ'' ബാബയായിരു ന്നു. പ്രശാന്തി നിലയത്തിൽവെച്ചു് പിന്നീടു് ഇങ്ങിനെ ഒരു പേരുപറഞ്ഞതിൻെറ അർത്ഥം ചോദിച്ചപ്പോൾ ബാബ പറഞ്ഞു: ''ഞാൻ സോമപ്പ (ശിവ)നാണു്. ആദിപ്പള്ളി (കൈലാസം)യാ ണു് എൻെറ വാസസ്ഥാനം''. ജോഡിപ്പള്ളി എന്നാൽ രണ്ടുപേ ക്കു് ചേർന്ന, രണ്ടു പേർക്കും സമമായ അവകാശമുള്ള ഗ്രാമം. കൈ ലാസം ശിവനും ശക്തിക്കും സമമായി ചേർന്നതാണല്ലോ.

## 21. ഓം ശ്രീ ഭാരദ്വാജ ഋഷി ഗോത്രായ നമഃ

താൻ ഭരദ്വാജ ഗോത്രത്തിൽപ്പെട്ട സായീ ബാബയാണെന്നു് ബാബ പതിനാലാമത്തെ വയസ്സിൽ പ്രഖ്യാപിച്ചു. മൂന്നു നാലു വർഷംമുമ്പു് ഒരു ഭക്തൻെറ തളർവാതരോഗം സ്വയം ഏറ്റെടുത്തു് അത്ഭുതകരമായ രീതിയിൽ ആ മനുഷ്യനെ സുഖപ്പെടുത്തിയ ഘട്ട ത്തിൽ ബാബ പറഞ്ഞു: താൻ, പണ്ടു് ഭരദ്വാജമഹർഷിക്കു് ശിവൻ നല്കിയ വരം അനുസരിച്ചു്, മനുഷ്യരൂപത്തിൽ വന്നിരിക്കുന്ന ശി വ–ശക്തിയാണെന്നു്. മഹർഷിയുടെ ഗോത്രത്തിൽ താൻ മനുഷ്യ രൂപത്തിൽ ജനിക്കുമെന്നാണു് ശിവൻ നൽകിയ വരം. ഭരദ്വാ ജൻ വളരെ പ്രസിദ്ധനായ ഒരു മഹർഷിയാണു്. വേദങ്ങൾ പൂർണ്ണ

Digitized by Kerala Sahitya Akademi

മായി മനസ്സിലാക്കുന്നതിനുവേണ്ടി അദ്ദേഹം തപസ്സുചെയ്ത് നൂറുവർഷം വീതമുള്ള മൂന്ന് ആയുഷ്കാലങ്ങൾ നേടുകയുണ്ടായി. പക്ഷേ ദേവേന്ദ്രൻ അദ്ദേഹത്തോട് വേദങ്ങൾ പൂർണ്ണമായി മനസ്സിലാക്കുവാൻ സാധ്യമല്ലെന്നു പറയുകയും, അതിനുപകരം ഒരു യാഗം പഠിപ്പിച്ചുകൊടുക്കുകയും ചെയ്തു. പ്രസ്തുത യാഗത്തിൻെറ അദ്ധ്യക്ഷദേവതകളായി ശിവനെയും ശക്തിയെയും ഭരദ്വാജൻ ക്ഷണിച്ചു. യാഗത്തിൻെറ ഫലമായി മഹർഷിക്ക് ദേവതകളുടെ പ്രസാദം വൻപിച്ചതോതിൽ ലഭിക്കുകയും, ശിവൻ അദ്ദേഹത്തിൻെറ ഗോത്രത്തിൽ ആദ്യം ശിർദ്ദിയിലെ സായീബാബ ആയും ഇപ്പോൾ ശിവ—ശക്തി സത്യസായീബാബ ആയും അവതരിക്കുകയും ചെയ്തു. ഈ ഗോത്രത്തിൽത്തന്നെ ഭാവിയിൽ, ശക്തി പ്രേമസായീ ബാബയായി അവതരിക്കും. ഭരദ്വാജാശ്രമം പ്രയാഗയിലാണ്. ഈ മഹർഷിയെയും അദ്ദേഹം തപസ്സുചെയ്തു നേടിയ അത്ഭുതവൈഭവങ്ങളെയും കുറിച്ച് വാല്മീകി രാമായണത്തിൽ പറഞ്ഞിട്ടുണ്ട്.

## 22. ഓം ശ്രീ ഭക്തവത്സലായ നമഃ

ഭക്തന്മാരെ സഹായിക്കുകയും നേർവഴിക്കു നയിക്കുകയും സംരക്ഷിക്കുകയുമാണ് തൻെറ പ്രധാന കർത്തവ്യമെന്ന് ബാബ പ്രസ്താവിച്ചിട്ടുണ്ട്. സായീഭക്തന്മാർക്ക് ലഭിച്ചിട്ടുള്ള അത്ഭുതകരങ്ങളായ അനുഗ്രഹങ്ങൾക്ക് കണക്കില്ല. ശരീരത്തിൻെറയും മനസ്സിൻെറയും ദുഃഖങ്ങളെ ദൂരീകരിക്കുക, ആപത്തുകളെ തക്കസമയത്തു തടയുക എന്നിങ്ങിനെ നിരവധി സംഭവങ്ങൾ ഉണ്ടായിട്ടുണ്ട്. ഒരു ഭക്തൻ ആപത്തിനെ അഭിമുഖീകരിച്ച് ഹൃദയം നൊന്തു് സഹായത്തിനായി ബാബയെ വിളിച്ച് കരയുമ്പോൾ, ആ കരുണാനിധി എവിടെയിരുന്നാലും തൻെറ ഭൗതിക ശരീരത്തെവിട്ട് ഭക്തൻെറ സവിധത്തിൽ എത്തുന്നു; അയാളെ രക്ഷിക്കുന്നു. അല്ലെങ്കിൽ അയാൾക്ക് തൻെറ ദശ്ന~~ം നല്കി~~ത്തിലൂടെ ധൈര്യവും സാന്ത്വനവും നല്കുന്നു. ബാബ സ്വപ്നത്തിൽവന്ന് ഉപദേശം നല്കുന്നു. സുഹൃത്തുക്കളെ അയയ്ക്കുന്നു; സമ്പത്തു നൽകുന്നു, കള്ളന്മാരെയും ഖലന്മാരെയും ശത്രുക്കളെയും വിരട്ടിയോടിക്കുന്നു. വാത്സല്യം എന്നു പറയുന്നതു് അമ്മയ്ക്കു് കുട്ടിയോടുള്ള സ്നേഹമാണ്. നാമെല്ലാം സത്യസായീ മാതാവിൻെറ സന്താനങ്ങളാകുന്നു.

Digitized by Kerala Sahitya Akademi

## 23. ഓം ശ്രീ അപാന്തരാത്മനേ നമഃ

ഈ നാമത്തിന് രണ്ടു തരത്തിൽ അർത്ഥം പറയാവുന്നതാണ്. സംസാരസമുദ്രത്തെ തരണം ചെയ്ത് മറുകരയെത്തിയവനെന്നും, അന്തരാത്മാവായി വർത്തിക്കുന്നവനെന്നും. ബാബ, ജനനമരണ സ്വരൂപമായ സംസാര സമുദ്രത്തെ കടന്നവനാകയാൽ ഭക്തജനങ്ങൾക്കും ആ മുക്തി നൽകുവാൻ കഴിവുള്ളവനാകുന്നു. അതുപോലെ ബാബ എല്ലാ ജീവികളുടേയും ഉള്ളിൽ, അന്തരാത്മാവായി, സ്ഥിതി ചെയ്യുന്നു. ''ഞാൻ എല്ലാവരുടേയും ഉള്ളിൽ ഉണ്ട്. ഞാൻ ഇല്ലാത്ത സ്ഥലമില്ല. ഏതു പേരിൽ വിളിച്ചാലും ഞാൻ കേൾക്കും'' എന്ന് ബാബ അരുളിച്ചെയ്തിട്ടുണ്ട്. പതിനാറാമത്തെ വയസ്സിൽ തന്റെ പരമാർത്ഥം പ്രഖ്യാപിച്ച സന്ദർഭത്തിൽ, ബാബ അടുത്തുള്ള ഒരു തോട്ടത്തിൽ ചെന്നിരുന്ന് ചുററും കൂടിയ ജനങ്ങളെക്കൊണ്ടു പാടിച്ച ഭജന കീർത്തനത്തിൽ വിഷമകരമായ സംസാരസാഗരത്തെ തരണം ചെയ്യുന്നതിന് ലോകത്തെ സഹായിക്കുവാനാണ് താൻ വന്നിരിക്കുന്നതെന്ന് സൂചിപ്പിക്കുകയുണ്ടായി.

മാനസ ഭജരേ ഗുരു ചരണം
ദുസ്തരഭവസാഗര തരണം

## 24. ഓം ശ്രീ അവതാരമൂർത്തയേ നമഃ

ശിർദ്ദിയിലെ സായീ ബാബയായി പ്രത്യക്ഷപ്പെട്ട ഈശ്വരൻ തന്നെയാണ് താനെന്ന് ബാബ പറഞ്ഞിട്ടുള്ളതു് നാം ഓർമ്മിക്കേണ്ടതുണ്ട്. അവിടുന്ന് ശിർദ്ദി ബാബയുടെ പുനരവതാരം മാത്രമാണെന്ന് കരുതുന്നതു് ശരിയല്ല. ശ്രീരാമനായും, ശ്രീകൃഷ്ണനായും, പ്രത്യക്ഷപ്പെട്ട ദിവ്യചൈതന്യമാണതു്. രാമന്റെയും കൃഷ്ണന്റെയും കഥകൾ വിസ്തരിക്കുന്ന അവസരത്തിൽ ബാബ പറയാറുണ്ട്: ''ഇതു് അനുഭവിച്ചവർക്കുമാത്രമെ ഈ കഥകൾ പറയാൻ കഴിയൂ. ഇതൊന്നും ഒരു ഗ്രന്ഥത്തിലും കാണുകയില്ല. പക്ഷേ ഇതു് സത്യമാണ്'' ''എനിക്കു മാത്രമേ ഇതു് അറിവുള്ളൂ''; എന്നൊക്കെ. അവിടുന്ന് വിസ്തരിക്കുന്ന കഥകൾക്ക് സത്യത്തിന്റെ മുദ്രയുണ്ട്.

Digitized by Kerala Sahitya Akademi

ബാബ എല്ലാ അവതാരങ്ങളുടേയും മൂർത്തിയാണ്. അതുകൊണ്ടാണ് ബാബയ്ക്ക് അത്ഭുതദർശനങ്ങൾ നല്കുവാൻ കഴിയുന്നത്. ഭക്തന്മാരുടെ അന്തർനേത്രങ്ങൾക്ക് അവിടുന്ന് രാമനായും കൃഷ്ണനായും ശ്രീനിവാസനായും, പത്മനാഭനായും, പാണ്ഡുരംഗനായും ഗണേശനായും വെളിപ്പെടുന്നു. ''എന്നെ നോക്കുക'' എന്ന് ബാബ പറഞ്ഞാൽ മതി, ഈ ദർശനങ്ങൾ കൈവരുന്നു. അവിടുന്ന് എല്ലാ അവതാരങ്ങളുടേയും മൂർത്തിയാകുന്നു.

## 25. ഓം ശ്രീ സർവ്വഭയ നിവാരിണേ നമഃ

ബാബ എല്ലാവിധത്തിലുമുള്ള ഭയങ്ങളെയും അകററും. നമ്മുടെ ഭക്തിവിശ്വാസങ്ങൾ അർപ്പിച്ചാൽ ഈ അനുഗ്രഹം ലഭിക്കും. നമ്മുടെ മറയത്നങ്ങളിൽനിന്നുപോലും ബാബ നമ്മെ രക്ഷിക്കുന്നു. ഒരു ഭക്തൻ വെടിവച്ച് ആത്മഹത്യയ്ക്ക് തുനിഞ്ഞപ്പോൾ ബാബ അയാളുടെ കൂടെ പഠിച്ച കൂട്ടുകാരനായി അവിടെ ആവിർഭവിക്കുകയും, അയാളുടെ മനസ്സിനെ മരണചിന്തയിൽനിന്ന് അകററുകയും ചെയ്തു. അയാളുടെ കൈത്തോക്കുപോലും ആ വീട്ടിൽനിന്ന് ബാബ മാററിക്കളഞ്ഞു. ഇതുപോലെ രോഗത്തിൽനിന്നും മാനഹാനിയിൽനിന്നും ഋണഭാരത്തിൽനിന്നും ആശാഭംഗത്തിൽനിന്നും എല്ലാം ബാബ നമ്മെ രക്ഷിക്കുന്നു. കാലിഫോർണിയയ്ക്കു മീതെ പറക്കുന്ന ഒരു വിമാനത്തിലിരുന്ന ചാറത്സ് പെൻ 'എന്ന അമേരിക്കൻ ഭക്തൻ തൻെറ മുൻവശത്തുള്ള കണ്ണാടിത്തട്ടിൽ പെട്രോൾ പാളി വീഴുന്നതു കണ്ടു. ''എങ്കിലും എനിക്കു് ഒട്ടും ഭയംതോന്നിയില്ല. എന്തെന്നാൽ ബാബ എൻെറ അരികിലുണ്ടെന്ന് ഞാൻ കണ്ടു'' എന്നദ്ദേഹം എഴുതിയിരിക്കുന്നു. ശസ്ത്രക്രിയയ്ക്ക് വിധേയനാകുന്ന ഭക്തൻെറ മനോനേത്രങ്ങളിൽ ബാബയുടെ രൂപം ആവിർഭവിക്കുകയും അയാളുടെ ഭയാശങ്കകൾ മാഞ്ഞുപോവുകയും ചെയ്യുന്നു. ബാബയെ ധ്യാനിച്ചുകൊണ്ട് മരണമുഹൂർത്തത്തിൽ എത്തുന്ന ഭക്തന്മാർക്ക് ബാബ തൻെറ ദർശനം നൽകുന്നു; അവരുടെ അന്ത്യയാത്ര ക്ലേശരഹിതമാകുന്നു; ജനനമരണരൂപമായ ശൃംഖല ഭഗ്നമാകുന്നു. ബാബയെ ആശ്രയിച്ചാൽ ഭയത്തിന് സ്ഥാനമില്ല.

Digitized by Kerala Sahitya Akademi

## 26. ഓം ശ്രീ ആപസ്തംബ സൂത്രായ നമഃ

ഇന്ത്യയിലെ ആര്യവർഗ്ഗത്തിൽപ്പെട്ട ആളുകൾ ഓരോരോ ഗോത്രത്തിലും സൂത്രത്തിലും പെട്ടവരാണെന്ന് കരുതിപ്പോരുന്നു. ചില ഋഷികളിൽനിന്നാണ് അവർ ആദ്ധ്യാത്മികമായ പിന്തുടർച്ച കണക്കാക്കുന്നത്. ഭരദ്വാജമഹർഷിയുടെ കുലപരമ്പരയെ അനുഗ്രഹിച്ച ശിവശക്തിയാണ് താനെന്ന് ബാബ പ്രഖ്യാപിച്ചിട്ടുണ്ട്. ആപസ്തംബൻ എന്ന മഹർഷിയുടെ ധർമ്മകർമ്മ പദ്ധതികളെ (ആപസ്തംബസൂത്രം)യും താൻ സവിശേഷമായി അനുഗ്രഹിച്ചിട്ടുണ്ടെന്ന് പ്രഖ്യാപിക്കുകയുണ്ടായി. പതിന്നാലാമത്തെ വയസ്സിലാണ് ഈ പ്രഖ്യാപനം നടന്നത്. ''ഞാൻ ഭരദ്വാജ ഗോത്രത്തിൽ, ആപസ്തംബസൂത്രത്തിൽപ്പെട്ട ശ്രീ്ട്ടിയിലെ ബാബയാണ്'''. ആപസ്തംബൻ ദീർഘകാലം തപസ്സ് ചെയ്ത്, ശിവനെ പ്രത്യക്ഷമാക്കി അനുഗ്രഹം നേടിയെന്ന് ബ്രഹ്മപുരാണം ഘോഷിക്കുന്നു.

## 27. ഓം ശ്രീ അഭയപ്രദായ നമഃ

''ഞാൻ എല്ലാ ജീവജാലങ്ങൾക്കും അഭയം നല്കുക എന്നതാണ് എന്റെ വ്രതം'' എന്ന് രാമായണത്തിൽ ഭഗവാൻ അരുളിച്ചെയ്തിട്ടുണ്ട്. ബാബ നമ്മെ സ്വീകരിക്കുമ്പോൾ ഉയർത്തിപ്പിടിക്കുന്ന കൈത്തലത്തിന് ''അഭയഹസ്തം'' എന്നു പേർ പറയുന്നു. അത് ഭയത്തെ ഇല്ലാതാക്കുന്ന മുദ്രയാണ്. അവിടത്തെ ചിത്രവും പ്രസാദമായ വിഭൂതിയും, മററു പാരിതോഷികങ്ങളും, നാമജപവും, നാമസ്മരണംപോലും, എത്രയോ ഭക്തന്മാരെ ആപത്തുകളിൽനിന്നും, ശത്രുക്കളിൽനിന്നും രക്ഷിച്ചിട്ടുണ്ട്. ശത്രുഭടന്മാർ ആക്രമിച്ചപ്പോൾ ഒരു ഭക്തൻ എടുത്തു കാണിച്ച ബാബയുടെ ചിത്രം അവരെ വിരട്ടിയോടിച്ചു. വാഹനങ്ങൾ മൂലമുള്ള അപകടം, തീപിടുത്തം, വെള്ളപ്പൊക്കം, ബോംബുപൊട്ടൽ എന്നിത്യാദികളിൽനിന്നെല്ലാം ബാബ ഭക്തന്മാരെ രക്ഷിച്ച അനുഭവകഥകളുണ്ട്. അഭയമുദ്രയോടുകൂടിയ വിഗ്രഹങ്ങളാണ് ക്ഷേത്രങ്ങളിൽ സാധാരണ കാണുന്നത്, അതു് ദുഷ്ടശക്തികളെ അകററി നിറുത്തുന്നു. ബാബ നൽകുന്ന ഏററവും വലിയ സംരക്ഷണം തുടരെയുള്ള ജനനമരണങ്ങളിൽനിന്നുള്ള മോചനമാണ്. ഏററവും വലിയ ഈ ഭയത്തിൽനിന്ന് രക്ഷിക്കണമേ എന്ന് നമുക്ക് ബാബയോടു പ്രാർത്ഥിക്കാം.

Digitized by Kerala Sahitya Akademi

## 28. ഓം ശ്രീരത്നാകര വംശോത്ഭവായ നമഃ

ബാബ ജനിച്ചതു് പുട്ടപ്പർത്തിയിലെ രാജുമാരുടെ വംശത്തിലാണു്. ഇവർക്ക് രത്നാകരവംശക്കാർ എന്ന പേരുണ്ടു്. രത്നാകരം എന്ന വാക്കിന്റെ അർത്ഥം സമുദ്രം എന്നാണു്. സമുദ്രത്തിൽ നിന്നാണല്ലോ നവരത്നങ്ങളിൽപ്പെട്ട മുത്തും പവിഴവും ഉണ്ടാകുന്നതു്. രത്നാകരവംശത്തിലും മനുഷ്യരത്നങ്ങൾ ഉണ്ടായിട്ടുണ്ടു്. നൂറു വയസ്സുവരെ ജീവിച്ച കൊണ്ടമരാജു ഒരു മഹാസിദ്ധനായിരുന്നു. മറെറാരാൾ വെങ്ക അവധൂതന്റെ അനുഗ്രഹത്തോടെ ജനിച്ച പെദ്ദവെങ്കപ്പരാജുവാണു്. ഈശ്വരക്ഷേത്രം നിർമ്മിച്ച പുണ്യംകൊണ്ടു് ജനിച്ചതുകൊണ്ടാണു് ബാബയുടെ മാതാവിനു് ഈശ്വരമ്മ എന്ന പേരു സിദ്ധിച്ചതു്. വെങ്കപ്പരാജുവും ഭാര്യ ഈശ്വരമ്മയും സത്യനാരായണവ്രതം അനുഷ്ഠിച്ചു് നേടിയ സന്താനമാണു് സത്യസായീബാബ. രത്നാകര വംശത്തിലുണ്ടായ ഏററവും ശ്രേഷ്ഠമായ ഈ രത്നം നമ്മുടെ ജീവിതത്തിൽ പ്രകാശം ചൊരിയട്ടെ.

## 29. ഓം ശ്രീ ശിർദ്ദീ സായീ അഭേദശക്ത്യവതാരായ നമഃ

ശിർദ്ദിയിലെ സായിബാബയും സത്യസായീബാബയും ഒരു ഭേദവുമില്ലാത്ത ശക്തിപൂർണ്ണ അവതാരങ്ങളാണു്. രണ്ടും ഒരേ ശക്തിയും മാഹാത്മ്യവുമാകുന്നു. ശിർദ്ദിയിലെ ദ്വാരകാമായിക്ഷേത്രത്തിൽ ഇരുന്നു് എത്രയോ ലക്ഷം ഭക്തജനങ്ങളെ അനുഗ്രഹിക്കുകയും സാന്ത്വനപ്പെടുത്തുകയും രക്ഷിക്കുകയും ചെയ്ത ഭഗവാൻതന്നെയാണ് സത്യസായീബാബ. 'സത്യ' എന്നതു് അദ്ദേഹത്തിനു് ബാല്യത്തിൽ നൽകിയ പേരാണു്. പതിനാലാമത്തെ വയസ്സിലുണ്ടായ പ്രഖ്യാപനത്തിനുശേഷം ആരോ സത്യസായീബാബ എന്ന ആ പേരു് കൂട്ടിച്ചേർത്തു എന്നേയുള്ളൂ. അദ്ദേഹം തന്നെക്കുറിച്ചു് സൂചിപ്പിക്കുമ്പോൾ ''സായീ ബാബ'' എന്നേ എപ്പോഴും പറയാറുള്ളൂ. തന്റെയും ശിർദ്ദി ബാബയുടെയും ചിത്രങ്ങളും വിഗ്രഹങ്ങളും യാതൊരു ഭേദബുദ്ധിയും ഇല്ലാതെയാണു് അവിടുന്നു് ഭക്തജനങ്ങൾക്കു് നല്കി വരുന്നതു്.

Digitized by Kerala Sahitya Akademi

## 30. ഓം ശ്രീ ശങ്കരായ നമഃ

ശങ്കരൻ എന്നാൽ സുഖം തരുന്നവൻ എന്നർത്ഥം. ഈ അർത്ഥത്തിൽ ബാബ ശങ്കരനാണെന്നുള്ളതിൽ തർക്കമില്ല. അവിടുന്ന് ആനന്ദവും അഭിവൃദ്ധിയും നൽകി ലോകത്തെ അനുഗ്രഹിക്കുന്നു. ശങ്കരൻ എന്നതു് ശിവന്റെ പേരും ആണ്. ഈ അർത്ഥത്തിലും അതു് ബാബയ്ക്കു് പൂർണ്ണമായി യോജിക്കുന്നുണ്ട്. അവിടുന്ന് ശിവനെപ്പോലെ വിഭൂതിഭൂഷണനും സുലഭ പ്രസന്നനും ആകുന്നു. അവിടുന്ന് ഭസ്മം നല്കി അനുഗ്രഹിക്കുകയും എളുപ്പത്തിൽ പ്രസാദിക്കുകയും ചെയ്യുന്നു. ഹംപിയിലെ (പംപാക്ഷേത്രത്തിൽ) വിരൂപാക്ഷലിംഗത്തിൽ അവിടുന്ന് ഭക്തന്മാർക്കു് ശിവന്റെ രൂപത്തിൽ പ്രത്യക്ഷപ്പെട്ടിട്ടുണ്ട്. മൈസൂർ സംസ്ഥാനത്തെ കൊത്തനഘട്ട എന്ന സ്ഥലത്തെ ക്ഷേത്രത്തിൽ പ്രതിഷ്ഠിച്ചിട്ടുള്ള ശിവലിംഗത്തിൽ സത്യസായീരൂപം ഇപ്പോഴും സ്പഷ്ടമായി കണ്ടുവരുന്നു. അനേകം ഭക്തന്മാർക്കു് ശിവസായീരൂപത്തിൽ ബാബയുടെ ദർശനം ലഭിച്ചിട്ടുണ്ട്.

## 31. ഓം ശ്രീ ശിർദ്ദീ സായി മൂർത്തയെ നമഃ

1940 നു മുമ്പ് പുട്ടപ്പർത്തിയിൽ ആരും സായീ ബാബയെപ്പററി കേട്ടിരുന്നില്ല. 1918–ലാണ് ശിർദ്ദിയിൽ ജീവിച്ചിരുന്ന സായീബാബ സമാധിയടഞ്ഞതു്. പക്ഷേ 1940–ൽ പുട്ടപ്പർത്തിയിലെ ഒരു ബാലൻ, തന്റെ പാഠപുസ്തകങ്ങൾ വലിച്ചെറിഞ്ഞശേഷം പ്രഖ്യാപിച്ചു: ''ഞാൻ സായീബാബയാണ്. എനിക്കു് എന്റെ കർത്തവ്യങ്ങളുണ്ട്. എന്റെ ഭക്തന്മാർ എന്നെവിളിക്കുന്നു'' ആരാണ് ഈ ഭക്തന്മാർ? മുഖ്യമായും സായീഭക്തന്മാർതന്നെ. എന്താണ് കർത്തവ്യം? ശിർദ്ദിയിൽ നടത്തിക്കൊണ്ടിരുന്നതും തീർന്നിട്ടില്ലാത്തതുമായ ലോകോദ്ധാരണംതന്നെ. ''ഞാൻ ലക്ഷക്കണക്കിലുള്ള ജനങ്ങളെ ശുഭ്ര മാർഗ്ഗത്തിലൂടെ നയിച്ച്, ലക്ഷ്യത്തിലെത്തിക്കും'' എന്നും ''എന്റെ ജോലി അനുഗ്രഹദാനമാണ്'' എന്നും ബാബ ശിർദ്ദിയിൽവെച്ച് പറയുകയുണ്ടായി. ശുഭ്രമാർഗ്ഗം എന്നാൽ അഴുക്കില്ലാത്തവഴി, നിർമ്മലമാർഗ്ഗം; ഈ വഴിയിലൂടെയാണ് 1940 മുതല്ക്കു് ബാബ നമ്മെ നയിച്ചുകൊണ്ടിരിക്കുന്നതു്.

Digitized by Kerala Sahitya Akademi

## 32. ഓം ശ്രീ ദ്വാരകമായീവാസിനേ നമഃ

സായീബാബ ശിർദ്ദിയിൽ ഒരു മുസ്ലിം പള്ളിയിൽ വസിച്ചു. ''ഇതു് പള്ളിയല്ല. ദ്വാരകയാണ്. ദ്വാരകമായീ (ദ്വാരകയാകുന്ന അമ്മ); എന്തെന്നാൽ അതു സംരക്ഷിക്കുന്നു, സഹായിക്കുന്നു. അനുഗ്രഹങ്ങരം നൽകുന്നു.'' ''ദ്വാരക'' എന്നാൽ എല്ലാ വാതിലുകളും എപ്പോഴും തുറന്നിരിക്കുന്ന സ്ഥലം; എല്ലാ ജാതിക്കാർക്കും അതിൽ പ്രവേശനമുണ്ട്. ഇന്നത്തെ ദ്വാരക, പ്രശാന്തിനിലയമാണ്. അവിടെ എല്ലാ ജാതിക്കാർക്കും, എല്ലാ മതക്കാർക്കും, മതവിശ്വാസമില്ലാത്തവർക്കും സ്വാഗതം ലഭിക്കുന്നു. ധർമ്മാർത്ഥകാമമോക്ഷങ്ങരം കൈവരുന്നു. ''ദ്വാരകാമായി'' എന്ന നാമം അന്വർത്ഥമാക്കുന്നതിനുവേണ്ടി ശിർദ്ദിയിൽ ഒരു ശ്രീകൃഷ്ണവിഗ്രഹം പ്രതിഷ്ഠിക്കണമെന്ന് സായീബാബ ഉദ്ദേശിച്ചിരുന്നു. പക്ഷെ അതു ചെയ്യുന്നതിനു മുമ്പ് അവിടുന്ന് അപ്രത്യക്ഷനായി. ഇപ്പോഴത്തെ അവതാരത്തിൽ അതും സാധിച്ചിരിക്കുന്നു. പ്രശാന്തിനിലയത്തിൽ നാലു ശ്രീകൃഷ്ണവിഗ്രഹങ്ങരം സ്ഥാപിച്ചിട്ടുണ്ട്.

## 33. ഓം ശ്രീ ചിത്രാവതീതട പുട്ടപ്പർത്തിവിഹാരിണേ നമഃ

പുട്ടപ്പർത്തി എന്ന ഗ്രാമം ചിത്രാവതീനദിയുടെ തീരത്തു സ്ഥിതിചെയ്യുന്നു. ഈ നദി മൈസൂർ സംസ്ഥാനത്തെ നന്ദി മലയിൽ നിന്നാണ് ഉത്ഭവിക്കുന്നതു്. ആ മലതന്നെ ഒരു കാളയുടെ ആകൃതിയിലുള്ളതാണ്. അവിടെ ചോളരാജാക്കന്മാർ ഒരു നന്ദികേശ്വര (ശിവ) ക്ഷേത്രം നിർമ്മിച്ചു. പുട്ടപ്പർത്തിയെ പർത്തി എന്നും വിളിക്കാറുണ്ട്. (ശിർദ്ദി ബാബ ജനിച്ചതു് പത്രി എന്ന ഗ്രാമത്തിലാണെന്ന വസ്തുത സ്മരിക്കുക). പുട്ട എന്ന വാക്കിൻെറ അർത്ഥം പാമ്പിൻപുററ് എന്നാണ്. പർത്തിയിൽ ഇത്തരം ധാരാളം പുററുകളുണ്ടായിരുന്നതുകൊണ്ട് അതിന്ന് പുട്ടപ്പർത്തി എന്ന പേരു കിട്ടി. ഈ ഗ്രാമമാണ് ബാബ തൻെറ അവതാരത്തിനായി തിരഞ്ഞെടുത്തതു്. ഈ പുഴയിലെ മണൽപ്പുറം ബാബയുടെ ബാല്യകാലത്തെ വിഹാരരംഗമാണ്. അവിടെയാണ് അവിടുന്ന് കൂട്ടുകാ

Digitized by Kerala Sahitya Akademi

രുമായി കളിച്ചു നടന്നതു്. പില്ലാലത്തു് അവിടെ ബാബ എത്ര യോതവണ ഭജനയോഗങ്ങരം നടത്തിയിട്ടുണ്ടു്. ശ്രീരാമനവമി വൈകണ്ഠ ഏകാദശി തുടങ്ങിയുള്ള വിശേഷ ദിവസങ്ങളിൽ നടക്കുന്ന ഭജനയോഗങ്ങരം സവിശേഷം സ്മരണീയമാണു്. അവിടത്തെ മണലിൽനിന്നു്, തൻെറ ദിവ്യമായ ഇച്ഛാശക്തികൊണ്ടു്, ബാബ വിഗ്രഹങ്ങരം, ചിത്രങ്ങരം, ഗ്രന്ഥങ്ങരം, രത്നങ്ങരം, ശംഖ്, മധുരപലഹാരങ്ങരം, വിഭൂതി, അമൃതകംഭം, യന്ത്രത്തകിടുകരം, തുടങ്ങിയ വിശിഷ്ട വസ്തുക്കരം നിമ്മിച്ചിട്ടുണ്ടു്. ഈ യുഗത്തിലെ യമുനാ തടമാണു് നാം അവിടെ കാണുന്നതു്.

## 34. ഓം ശ്രീ ശക്തിപ്രദായ നമഃ

ബാബ, തന്നെ ആശ്രയിക്കുന്നവക്കു് ആദ്ധ്യാത്മശക്തിയും ആത്മബലവും നല്ലുന്നു. അവിടുന്നു് ശക്തി സ്വരൂപനാണു്. ശിവനും ശക്തിയും ചേൻറുള്ള അവതാരം. ബാബയോടു് സംസാരിക്കുന്നവക്കു് ദൗവണ്ണനീയമായ ആനന്ദവും ആത്മവിശ്വാസവും കൈവരുന്നു. മനുഷ്യൻെറ ആത്മാവു് ഭയം എന്നതു് അറിയുന്നില്ല. അതിൻെറ ഈ യഥാത്ഥ സ്വരൂപത്തിലേയ്ക്കു് അവൻെറ ശ്രദ്ധയെ തിരിക്കുകയാണു് ബാബ ചെയ്യുന്നതു്. അദ്ദേഹം ഏററവും മഹാനായ അദ്വൈതാചാര്യനാകുന്നു. വെളിയിൽനിന്നുമാത്രമല്ല ബാബ നമ്മെ ഉപദേശിക്കുന്നതു്. ഉള്ളിൽക്കടന്നും അവിടുന്നു് ബോധോദയം ഉളവാക്കുന്നു. വാക്കുകരംകൊണ്ടു മാത്രമല്ല, മൗനംകൊണ്ടും, ഗ്രന്ഥങ്ങരംകൊണ്ടുമാത്രമല്ല, ഭാഗ്യാനുഭൂതികരംകൊണ്ടും അവിടുന്നു് നമ്മുടെ ആത്മാവിനെ ഉണത്തുന്നു. വ്യക്തികരംക്കു മാത്രമല്ല ഈ അനുഗ്രഹം ലഭിച്ചിട്ടുള്ളതു്. ആദ്ധ്യാത്മിക സേവനം നടത്തുന്ന സ്ഥാപനങ്ങളും—ക്ഷേത്രങ്ങരം, മഠങ്ങരം, ഗുരുകലങ്ങരം—അതിനു പാത്രമായിട്ടുണ്ടു്.

## 35. ഓം ശ്രീ ശരണാഗതത്രാണായ നമഃ

തന്നെ ശരണം പ്രാപിക്കുന്നവരെ ബാബ രക്ഷിക്കുന്നു. ശ്രീരാമാവതാരത്തിൽ അവിടുന്നു് പറഞ്ഞു എത്ര ചീത്തയായ പൂവ്വചരിത്രമുള്ളവനും ആത്മാത്ഥതയോടുകൂടി തന്നെ പ്രാപിക്കുകയാണെങ്കിൽ സ്വീകരിക്കപ്പെടും എന്നു്. പശ്ചാത്താപവും ശരണാഗതിയുമാണു് അദ്ദേഹത്തെ പ്രാപിക്കാനുള്ള മാഗ്ഗങ്ങരം. ഇപ്പോഴും ബാബ അത്ഭുത

Digitized by Kerala Sahitya Akademi

ന്നെ ഉറപ്പിച്ചു പറയുന്നു. ''ഞാൻ നിങ്ങളുടെ ചുമടെല്ലാം എടുത്തു കൊള്ളാം. തീവണ്ടിയിൽ കയറിയതിനുശേഷവും പെട്ടി തലയിൽവെച്ചുകൊണ്ടിരിക്കുന്നതെന്തിന്? അതെല്ലാം എന്നെ ഏല്പിക്കുക''. പക്ഷേ ഒന്നു ചെയ്യണം. ബാബയെ ശരണം പ്രാപിച്ചാൽ പിന്നെ എന്തു വേണമെന്നുള്ളതു് ബാബ തന്നെ നിശ്ചയിക്കും. നമ്മുടെ ആഗ്രഹമനുസരിച്ച് അവിടുന്നു് പ്രവർത്തിക്കണമെന്നു് നിർബ്ബന്ധിക്കരുതു്. നല്ലതെന്നും ചീത്തയെന്നും സുഖമെന്നും അസുഖമെന്നും ഉള്ള നിർവ്വചനങ്ങളെല്ലാം അതോടെ തീരുന്നു. പിന്നെ സംഭവിക്കുന്നതെല്ലാം ബാബയുടെ ഇച്ഛയാണെന്നു് സന്തോഷപൂർവ്വം അംഗീകരിക്കണം. രണ്ടു വഞ്ചിയിൽ കാലുവെച്ച് സഞ്ചരിക്കാൻ ശ്രമിക്കരുതു്. ''എന്നെ മാത്രം ആശ്രയിക്കുക. നിങ്ങളുടെ ചുമതലകരം അതോടെ അവസാനിക്കുന്നു. ഞാൻ സംരക്ഷണവും മുക്തിയും നല്കാം'' എന്നാണു് അന്നും ഇന്നും ഉപദേശം.

## 36. ഓം ശ്രീ ആനന്ദായ നമഃ

ബാബ പരമാനന്ദ സ്വരൂപനാണു്. നാം അനുഭവിക്കുന്ന ആനന്ദം ബ്രഹ്മാനന്ദത്തിൻെറ അംശംതന്നെയാകുന്നു. സമുദ്രവും അതിൽനിന്നു് അല്പനേരം വേർപെട്ടുനില്ക്കുന്ന വെള്ളത്തുള്ളികളും തമ്മിലുള്ള ബന്ധമാണിതു്. ബ്രഹ്മത്തെ അറിയുന്നവൻ ബ്രഹ്മമായിത്തീരുന്നു എന്നു് വേദത്തിൽ പറയുന്നു. ബാബയെ കാണുമ്പോഴും അവിടുത്തെ പാദത്തിൽ തൊടുമ്പോഴും, സംഭാഷണം കേൾക്കുമ്പോഴും, സന്ദർശനത്തെക്കുറിച്ച് ഓർമ്മിക്കുമ്പോഴും, ഉണ്ടാകുന്ന ആനന്ദം നമ്മുടെ ജീവിതത്തെ ഉദ്ധരിക്കുന്നു. നമുക്കു് പുതിയ ശക്തികൾ നല്കുന്നു. അതു് ആദ്ധ്യാത്മികമായ ആനന്ദമാണു്.

## 37. ഓം ശ്രീ ആനന്ദദായ നമഃ

ബാബ തൻെറ ഭക്തന്മാരോടു് പറയുന്നതു് ഇതാണു്: ''നിങ്ങളുടെ ദുഃഖങ്ങളും ദുരിതങ്ങളും എന്നിൽ സമർപ്പിക്കുക. എന്നിട്ടു് അവയ്ക്കുപകരം ഞാൻ നിർലോഭമായി നല്കുന്ന ആനന്ദം സ്വീകരിക്കുക'' ഇതുമൂലമാണു് ബാബയെ ആനന്ദദായി എന്നു വിളിക്കു

Digitized by Kerala Sahitya Akademi

ന്നത്. ബ്രഹ്മാനന്ദം എങ്ങിനെ ഇരിക്കുമെന്ന് പറയുവാൻ വളരെ പ്രയാസമാണ്. ഉപനിഷത്തുകൾ മനുഷ്യർക്കു ലഭിക്കുന്ന മഹാഭാഗ്യങ്ങളിൽനിന്ന് ഉളവാകുന്ന ആഹ്ലാദത്തെ അനേകംകോടി പെരുക്കിയാൽ കിട്ടുന്ന അനുഭവത്തോട് അതിനെ ഉപമിച്ചു കാണിക്കുന്നു. അങ്ങേയററത്തെ ഈ ആനന്ദത്തിൽ, അനുഭവിക്കുന്നവനും അനുഭൂതിയും തമ്മിലുള്ള വ്യത്യാസം ഇല്ലാതാവുന്നു. ഈ ബ്രഹ്മാനന്ദത്തിൻെറ മൂർത്തിമത്തായ ഭാവമാണ് ബാബ. അതുതന്നെയാണ് അവിടുന്നും നമുക്ക് നല്കുവാൻ കാത്തിരിക്കുന്നതും. ചെറിയ ചെറിയ സന്തോഷങ്ങളും സംതൃപ്തികളും അവിടുന്ന് നമുക്ക് നല്കുന്നത് ഈ പരമാനന്ദത്തിൻെറ നേക്ക് നമ്മുടെ ശ്രദ്ധയെ തിരിക്കുവാൻവേണ്ടിയാണ്.

## 38. ഓം ശ്രീ ആർത്തത്രാണപരായണായ നമഃ

ആർത്തൻ എന്നാൽ ദുഃഖിതൻ എന്ന് അർത്ഥം. ദുഃഖിക്കുന്നവരും, കഷ്ടപ്പെടുന്നവരും, രോഗവും വേദനയും അനുഭവിക്കുന്നവരും, ദുർവിധിയുടെ ആഘാതമേററവരും എല്ലാം ആർത്തന്മാരാണ്. അവർ ഈശ്വരാനുഗ്രഹം തേടുന്നവരിൽ ആദ്യത്തെ കൂട്ടരാകുന്നു. ഇങ്ങിനെയുള്ളവർ നിർമ്മല ഹൃദയരായി, ഏകാഗ്രമായ ഭക്തിയോടെ, പതറാത്ത വിശ്വാസത്തോടെ, തന്നെ സമീപിക്കുമ്പോൾ ബാബ അവരെ അനുഗ്രഹിക്കുന്നു, രക്ഷിക്കുന്നു. ആപത്തും ദുഃഖവും ഉണ്ടാകുമ്പോൾ മാത്രം ഈശ്വരനെ വിളിക്കുന്ന ആളുകളെ പലരും ആക്ഷേപിക്കാറുണ്ട്. ബാബയുടെ അഭിപ്രായത്തിൽ അതിൽ ആക്ഷേപിക്കാനൊന്നുമില്ല. അവർ ഈശ്വരൻെറ സഹായമാണല്ലൊ അർത്ഥിക്കുന്നത്. ആ അർത്ഥനയിൽ ആത്മാർത്ഥതയുണ്ടെങ്കിൽ ഈശ്വരൻ അതു് കേൾക്കാതിരിക്കുകയില്ല. ബാബ രോഗത്തിൽ നിന്നും അത്യാഹിതങ്ങളിൽ നിന്നും ഭാഗ്യദോഷങ്ങളിൽ നിന്നും, നമ്മെ കാത്തു രക്ഷിക്കുന്നു. ന്യായമാർഗ്ഗത്തിൽനേടിയ സമ്പത്തിനു് നഷ്ടം വരാതെ സൂക്ഷിക്കുന്നു. തൻെറ അനുഗ്രഹത്തിനു വേണ്ടി ദാഹിക്കുന്നവരെയും അതു് അർഹിക്കുന്നവരെയും അവിടുന്നു കൈവിടുകയില്ല.

Digitized by Kerala Sahitya Akademi

## 39. ഓം ശ്രീ അനാഥനാഥായ നമഃ

ബാബ നാഥനില്ലാത്തവരുടെ നാഥനാണ്. അവരുടെ രക്ഷിതാവും ഉപദേഷ്ടാവും ഗുരുവും നായകനും അവിടുന്നാണ്. ബാബ ഒരു ഭക്തൻെറ രോഗശാന്തിക്കുവേണ്ടി എട്ടുദിവസത്തേയ്ക്കു സ്വയം ഏറെറടുത്ത പക്ഷവാതം കൈവെടിഞ്ഞ ശേഷം ആദ്യം പറഞ്ഞ വാക്കുകൾ ഇവയാണ്: ''നിസ്സഹായന്മാർക്കു് ഒരേഒരു ആശ്രയം ഈശ്വരനാകുന്നു. എനിക്കു് എൻെറ ഒരു ഭക്തനെ ബാധിച്ച മാരകമായ രോഗം ഏറെറടുക്കേണ്ടിവന്നു. ഇങ്ങിനെയുള്ള കൃത്യങ്ങൾക്കായിട്ടാണ് ഞാൻ വന്നിരിക്കുന്നതു്.'' ആരെക്കുറിച്ചും അനാഥൻ എന്നു പറയരുതു് എന്നാണ് ബാബ അനുശാസിക്കുന്നതു്. എന്തെന്നാൽ എല്ലാവരും ഈശ്വരൻെറ സന്താനങ്ങളാണ്. എല്ലാവരും സായിതന്നെ. ദരിദ്രന്മാരേയും നിരക്ഷരന്മാരേയും അംഗഭംഗം വന്നവരെയും കുഷ്ഠരോഗികളേയും വെറുക്കുന്നതു ബാബയ്ക്കു് ഇഷ്ടമല്ല. അവരെല്ലാം സായിരൂപങ്ങളാണെന്നാണ് ബാബയുടെ ഉപദേശം. ''നിങ്ങൾ വെറുക്കുന്നവരും, ആക്ഷേപിക്കുന്നവരും, ഉപേക്ഷിക്കുന്നവരും എല്ലാം നിങ്ങളെപ്പോലെതന്നെയുള്ള സായീ മൂർത്തികളാകുന്നു. നിങ്ങൾ അവരിൽ ദോഷം കാണുന്നതു് നിങ്ങളുടെ കാഴ്ചപ്പാടിലുള്ള കാലുഷ്യം കൊണ്ടാണ്.'' ''വിധി കല്പനകളെല്ലാം ഈശ്വരനു് വിടുക. അവിടത്തേയ്ക്കു് കഴിഞ്ഞതും, നടക്കുന്നതും വരാനിരിക്കുന്നതും അറിവുണ്ടു്. ഓരോരുത്തർക്കും അവരവരുടെ കർത്തവ്യങ്ങൾ നീക്കിവച്ചിട്ടുണ്ടു്. അവിടുത്തെ ഇച്ഛനടക്കട്ടെ. എല്ലാററിലും സായീഭാവം ദർശിക്കുക. എല്ലാററിനേയും ആദരിക്കുക, സ്നേഹിക്കുക.

## 40. ഓം ശ്രീ അസഹായസഹായായനമഃ

ബാബ നിസ്സഹായരുടെ സഹായിയാകുന്നു. സഹായം എന്നാൽ തുണ എന്നു് അർത്ഥം. സഹായം എന്ന വാക്കിൻെറ അർത്ഥംതന്നെ ''കൂടെയുള്ളതു്''' എന്നാകുന്നു. കൂടെ ആരേയും കാണുന്നില്ലെങ്കിൽ നിങ്ങൾ ഏകാകിയാണെന്നു കരുതരുതു്. ബാ

Digitized by Kerala Sahitya Akademi

ബ നിങ്ങൾക്ക് തുണയുണ്ട്. പുട്ടപ്പർത്തിയിൽ നിന്ന് ബാബയോട് വിടവാങ്ങി യാത്ര പുറപ്പെടുന്നവരോട് ബാബ പറയും: ''ഞാൻ നിങ്ങളുടെ കൂടെ അങ്ങേ അററംവരെ ടിക്കററില്ലാതെ സഞ്ചരിക്കുന്നുണ്ട്.'' ഇതു് സത്യമാണ്. വിഷംകടിച്ച് ആത്മഹത്യയ്ക്കൊരുമ്പെട്ട ഒരു വൈമാനികനെ അവിടുന്ന് രക്ഷിച്ചു. ഒരു കുഞ്ഞിന്റെ ദേഹത്തു് കയറുവാൻ പോയ കാറ് മൂന്നടി സമീപത്തുചെന്ന് പെട്ടെന്നു നിന്നു. ഡ്രൈവർ ബോധംകെട്ട് മുമ്പോട്ടുവീഴുകയും ചെയ്തു. ഇതു് നടന്നതാണ്. ഗംഗാനദിയിലെ വെള്ളപ്പൊക്കത്തിൽ ഒഴുകിപ്പോയ ഒരു യോഗിയെ ബാബ താങ്ങുകയും കരകയററുകയും ചെയ്തു. നിയന്ത്രണമില്ലാത്ത മദ്യപാനംമൂലം സ്വന്തക്കാർക്കും ബന്ധുക്കൾക്കും ഉപദ്രവമായിത്തീർന്ന ഒരു ക്രിസ്ത്യാനിയെ ആരൊ ഒരു സായീഭക്തന്റെ വീട്ടിൽ കൂട്ടിക്കൊണ്ടുപോയി. അവിടെയുണ്ടായിരുന്ന എല്ലാ ചിത്രങ്ങളിൽ നിന്നും വിഭൂതി വീഴുന്നതു് അയാൾ കണ്ടു. യേശുക്രിസ്തുവിന്റെ ചിത്രത്തിൽനിന്നും ഭസ്മം ചൊരിയുന്നുണ്ടായിരുന്നു. ഈ കാഴ്ചകണ്ട് ആ മനുഷ്യൻ തന്റെ ദുശ്ശീലം ഉപേക്ഷിക്കുവാൻ തീർച്ചയാക്കി. ഈ പരിവർത്തനത്തിൽ ഉറച്ചു നില്ക്കാനുള്ള ശക്തിയും ബാബ അയാൾക്കു നല്കി.

## 41. ഓം ശ്രീ ലോകബാന്ധവായ നമഃ

ബാബ ലോകത്തിന്റെ (മനുഷ്യസമുദായത്തിന്റെ) ബന്ധുവാണ്. ''ഞാൻ ആന്ധ്രപ്രദേശത്തിനൊ ഇന്ത്യയ്ക്കോ മാത്രം അവകാശപ്പെട്ടവനല്ല. ലോകത്തുള്ള എല്ലാ രാജ്യങ്ങളും എന്റെ സ്വന്തമാണ്'' എന്നു അവിടുന്ന് പറഞ്ഞിട്ടുണ്ട്. ബാബയുടെ ബന്ധം സ്നേഹബന്ധമാണ്. ''ദുഷ്ടസ്വഭാവങ്ങൾ മനുഷ്യഹൃദയങ്ങളെ കീഴടക്കിത്തുടങ്ങിയിരിക്കുന്നു. ഈ ദുഷ്ടവാസനകളെ സ്നേഹം കൊണ്ട് അകററി കളയുവാനും മനുഷ്യരെ നേർവഴിക്ക് നയിക്കുവാനുമാണ് ഞാൻ വന്നിരിക്കുന്നതു്,'' ഇതാണ് ബാബയുടെ അവതാരധർമ്മം. അതുകൊണ്ടാണ് അവിടുന്ന് എല്ലാ മനുഷ്യരുടേയും ബന്ധുവായിരിക്കുന്നതു്. ''ജഗത്ത്രയം ശാംഭവനർത്തനസ്ഥലീ'' (മൂന്നു ലോകങ്ങളും ശിവന്റെ നൃത്തമണ്ഡപമാകുന്നു) എന്നു പറഞ്ഞതുപോലെയാണ് ബാബയുടെ പ്രവൃത്തി. ഓരോ രാജ്യവും താൻ പാർക്കുന്ന കൊട്ടാരത്തിന്റെ ഓരോ മുറിയായി മാത്രമേ അവിടുന്ന് കരുതുന്നുള്ളു. ഏതു മുറിയിൽ പ്രവേശിക്കുവാനും നിവസിക്കുവാനും അവിടുത്തേയ്ക്ക് പ്രയാസമില്ല, അതു് ഇഷ്ടം തന്നെ.

Digitized by Kerala Sahitya Akademi

## 42. ഓം ശ്രീ ലോകരക്ഷാപരായണായ നമഃ

ലോകത്തെ രക്ഷിക്കുന്നതിൽ വ്യാപൃതനായിരിക്കുന്നവൻ എന്നാണു് ഈ നാമത്തിൻെറ അർത്ഥം. ബാബ ചെയ്തുകൊണ്ടിരിക്കുന്ന മഹോദ്യമം ഇതാണെന്നു് പ്രത്യേകിച്ചു് പറയേണ്ടതില്ല. ''ഇൻഡ്യയ്ക്കു് ഒരിക്കലും ദോഷം വരുകയില്ല, എന്തെന്നാൽ മനുഷ്യസമുദായത്തിനു മുഴുവനും വേണ്ടി ധർമ്മത്തെ ഉദ്ധരിക്കുന്നതിന്നായി ഈശ്വരൻ ഈ രാജ്യത്തു് അവതരിച്ചിട്ടുണ്ടു്'' എന്നു് ബാബ ഒരു പ്രസംഗത്തിൽ പറയുകയുണ്ടായി. മറെറാരിക്കൽ, ''സത്യവും ധർമ്മവും എന്ന രണ്ടുപാളങ്ങളുള്ള റയിൽപാതയിലൂടെ, പ്രേമം എന്ന നീരാവിയുടെ ശക്തികൊണ്ടു്, ലോകത്തെ മുഴുവനും ശാന്തിയെന്ന ലക്ഷ്യത്തിലേയ്ക്കു് വലിച്ചുകൊണ്ടുപോകുന്ന തീവണ്ടിയന്ത്രമാണു് ഭാരത''മെന്നു് പറഞ്ഞു. അതുകൊണ്ടു് ഭാരതം അതിൻെറ അററകുററങ്ങൾ തീർത്തു് ശക്തിയാർജ്ജിക്കണം. അതാണു് ലോകരക്ഷ. അതിനു വേണ്ടിയാണു് ബാബ പ്രയത്നിക്കുന്നതു്.

## 43. ഓം ശ്രീ ലോക നാഥായ നമഃ

ബാബ എല്ലാ ലോകങ്ങളുടേയും നാഥനാണു്. ഭൂസ്വർഗ്ഗപാതാളങ്ങൾ മാത്രമല്ല പതിന്നാലു ലോകങ്ങളും അവിടുത്തെ നിയന്ത്രണത്തിൽ ഉൾപ്പെടുന്നു. ലോകം എന്ന വാക്കിനു് മനുഷ്യസമുദായം എന്നും അർത്ഥമുണ്ടു്. ശിവൻ ഓരോ ജീവിയുടേയും പ്രാണശ്വാസമാണെന്നു് ബാബ പറയുന്നു. ബാബ ശിവനുമാണു്. അങ്ങിനെ അവിടുന്നു് എല്ലാ മനുഷ്യരുടേയും അന്തര്യാമിയായി ജീവനാഥനായി വർത്തിക്കുന്നു. ഒരിക്കൽ ഒരു മരണത്തെപ്പററി ചുററും നിന്നവർ ദുഃഖിച്ചപ്പോൾ ബാബ ചോദിച്ചു: ''മരണവും ജനനവും ഇല്ലെങ്കിൽ എനിക്കു് മറെറന്തുലീലയാണുള്ളതു്?'' നമ്മുടെ ജീവിതം ആദ്യന്തം അവിടുത്തെ നിയന്ത്രണത്തിലാണു്. ബാബ സൂത്രധാരൻ; നാം വെറും പാവകൾ.

Digitized by Kerala Sahitya Akademi

## 44. ഓം ശ്രീ ദീന ജന പോഷണായ നമഃ

ദീനജനം എന്നാൽ അവശതയും ദുഃഖവും കഷ്ടപ്പാടും അനുഭവിക്കുന്നവർ എന്നർത്ഥം. അങ്ങിനെയുള്ളവർക്ക് വേണ്ടതെല്ലാം നൽകുന്നതാണ് തൻെറ ഏററവും വലിയ കർത്തവ്യമായി ബാബ കരുതുന്നതു്. അവരുടെ സങ്കടങ്ങൾ ഏറെറടുത്തിട്ട് പകരം സന്തോഷവും സംതൃപ്തിയും അവിടുന്ന് നൽകുന്നു. ദുഃഖത്തിൻെറ വലുപ്പചെറുപ്പമല്ലാതെ മറെറാരു വ്യത്യാസവും ബാബ അംഗീകരിക്കുന്നില്ല. അവിടുന്ന് ദീനത അനുഭവിക്കുന്നവർക്ക് കല്പവൃക്ഷമാകുന്നു. അവർ പണം ചെലവാക്കി പുട്ടപ്പർത്തിയിൽ ചെല്ലണമെന്ന് ബാബ നിർബന്ധിക്കുന്നില്ല. ''എൻെറ കണ്ണുകളും കൈകളും എവിടെയും എത്തുവാൻ കഴിവുള്ളവയാണു്'' എന്നാണ് ബാബ പറഞ്ഞിട്ടുള്ളതു്.

## 45. ഓം ശ്രീ മൂർത്തിത്രയ സ്വരൂപായ നമഃ

മൂർത്തിത്രയം (ത്രിമൂർത്തികൾ) എന്നു പറയുന്നതു് ബ്രഹ്മാവിഷ്ണു മഹേശ്വരന്മാരാണ്. ഇവർ സൃഷ്ടി, സ്ഥിതി, സംഹാരം എന്നിവയ്ക്കു് ചുമതലക്കാരാകുന്നു. ബാബ ഈ മൂന്നു ധർമ്മങ്ങളും അനുഷ്ഠിക്കുന്നുണ്ട്—അവിടുന്ന് മൂർത്തിത്രയസ്വരൂപനാണ്. ശുദ്ധശൂന്യതയിൽനിന്ന് ബാബ വിശിഷ്ട വസ്തുക്കൾ സൃഷ്ടിക്കുന്നു. വസ്തുക്കളെ നാശമില്ലാതെ സംരക്ഷിക്കുന്നതിന് ഉദാഹരണമാണ് അവിടുന്ന് നൽകിയിട്ടുള്ള അക്ഷയപാത്രങ്ങൾ. ഇവയ്ക്കുള്ളിൽ ഭസ്മം, കുങ്കുമം എന്നിവ ഒരിക്കലും ഒഴിയുന്നില്ല. ബാബ വസ്തുക്കളെ ഇല്ലാതാക്കുകയും ചെയ്യുന്നു. ഇങ്ങിനെ ത്രിമൂർത്തികൾ ഒന്നിച്ചു ചേർന്നിരിക്കുകയാൽ ബാബയെ ദത്താത്രയൻ എന്നും വിളിക്കുന്നു. (ഈ രൂപത്തിൽ ത്രിമൂർത്തികൾ ഒന്നിച്ച് ഒരിക്കൽ പ്രത്യക്ഷപ്പെടുകയുണ്ടായി).

## 46. ഓം ശ്രീ മുക്തിപ്രദായ നമഃ

മുക്തി എന്നാൽ മോക്ഷം എന്നർത്ഥം. ബാബയെ ഇവിടെ മോക്ഷദാതാവായി അനുസ്മരിച്ചിരിക്കുന്നു. ആദ്ധ്യാത്മികമായ അർത്ഥത്തിൽ മുക്തി പരമമായ ആനന്ദാനുഭൂതിയാണ്; പ്രപഞ്ചത്തി

Digitized by Kerala Sahitya Akademi

ൻെറ ചങ്ങലക്കെട്ടുകളിൽനിന്നാകെയുള്ള മോചനം, ഏററവും വലിയ സ്വാതന്ത്ര്യം. ഈ മോചനമാണ് സാധകന്മാർ ബാബയിൽനിന്നും കിട്ടുവാൻ ആഗ്രഹിക്കുന്നതു്. മുക്തി എന്നാൽ ജനനമരണങ്ങളുടെ ആവർത്തനത്തിൽനിന്ന് ജീവാത്മാവിനെ മോചിപ്പിക്കുന്ന മഹാനുഗ്രഹം ഓരോ മനുഷ്യനും അവനവൻെറ ഭാവിയുടെ സ്രഷ്ടാവാണ്. അവൻെറ ചിന്തകളും, മനോഭാവങ്ങളും കർമ്മങ്ങളുമാണ് വരുംകാലത്തെ അനുഭവങ്ങളെ രൂപവൽക്കരിക്കുന്നതു്. മുൻപു് വിതച്ചതിൻെറ ഫലം അവൻ ഇന്നു കൊയ്യുന്നു. അതോടൊപ്പം ഭാവിയിലേയ്ക്കുള്ളതു് ഇപ്പോഠം വിതയ്ക്കുകയും ചെയ്യുന്നു. ബാബയുടെ പാദങ്ങളിൽ നാം സർവ്വവും സമർപ്പിച്ചാൽ അവിടുന്ന് നമ്മെ വിവേകത്തിൻെറയും വൈരാഗ്യത്തിൻെറയും നേർവഴിയിലൂടെ നയിക്കും. ദുർമാർഗ്ഗങ്ങളെ വെറുക്കുവാനും വിട്ടൊഴിയുവാനും പ്രേരിപ്പിക്കും. സന്മാർഗ്ഗം കാണിച്ചു തരും. അവിടുന്ന് മനുഷ്യരാശിയുടെ മാർഗ്ഗദർശിയാകുന്നു. മുക്തി ഒരു ദാനവസ്തുവല്ല. അതു് നിരന്തരമായ അദ്ധ്വാനം കൊണ്ടും സാധനകൊണ്ടും, ബാബയുടെ അനുഗ്രഹത്താൽ, നേടേണ്ടിയിരിക്കുന്നു.

## 47. ഓം ശ്രീ കലുഷ വിദൂരായ നമഃ

കലുഷം എന്ന വാക്കിൻെറ അർത്ഥം പ്രാപ്തിയില്ലായ്മ, അശക്തി, ദോഷം, തെററ് എന്നൊക്കെയാണെന്നു് പ്രസിദ്ധ സംസ്കൃത ഭാഷ്യകാരനായ മല്ലീനാഥൻ പറയുന്നു. അതുകൊണ്ടു്, ബാബ ദോഷങ്ങഠംക്കും തെററുകഠംക്കും വിദൂരനാണെന്നാണ് ഈ നാമം സൂചിപ്പിക്കുന്നതു്. അവിടുന്ന് എന്തിനും പ്രാപ്തിയുള്ളവനും, സർവ്വശക്തനും, സർവ്വജ്ഞനും ആകുന്നു. അവിടുത്തെ ഇച്ഛാശക്തി എല്ലാ പ്രതിബന്ധങ്ങളേയും അതിലംഘിച്ചു് പ്രവർത്തിക്കുന്നു. ''എൻെറ സങ്കല്പം സഫലമാവുകതന്നെവേണം. അർത്ഥവത്തല്ലാത്ത ഒരു പ്രവൃത്തിയും വാക്കും എന്നിൽനിന്നു് ഉണ്ടാവുകയില്ല'' എന്നാണ് ബാബ പറഞ്ഞിട്ടുള്ളതു്. ബാബയ്ക്കു് സർവ്വശക്തികളും ഉണ്ടെങ്കിലും, അവിടുത്തേയ്ക്കു് കൂടുതൽ ഇഷ്ടമായിട്ടുള്ളതു് ''നിങ്ങളെക്കൊണ്ടു തന്നെ, നിങ്ങളുടെ ശുദ്ധീകരിക്കപ്പെട്ട ഇച്ഛയിലും കഴിവുകളിലും കൂടി, ആവശ്യമുള്ളകാര്യങ്ങഠം ചെയ്യിക്കുവാനാണ്'' എന്നു് പല തവണ പറഞ്ഞിട്ടുണ്ടു്.

Digitized by Kerala Sahitya Akademi

## 48. ഓം ശ്രീ കരുണാകരായ നമഃ

കരുണ എന്ന പദത്തിനു് കൃപ എന്നാണു് ശങ്കരാചാര്യസ്വാമി അർത്ഥം പറഞ്ഞിട്ടുള്ളതു്. ദുഃഖിതന്മാരിൽ ദയയും, സർവ്വഭൂതങ്ങളിലും അഭയപ്രദാനബുദ്ധിയും കാണിക്കുന്നതാണു് കൃപ. ഇങ്ങിനെയുള്ള കരുണ നൽകുന്നവനാണു് ബാബ. ഈ കരുണതന്നെയാണു് മനുഷ്യരൂപത്തിലുള്ള അവതാരത്തിനും കാരണം. ഒരു ഭക്തൻ ചോദിച്ചു: ''ബാബാ, എന്തിനാണു് ഈശ്വരൻ മനുഷ്യനായി ലോകത്തിൽ വരുന്നതു്? ഈശ്വരനു് ഇച്ഛകൊണ്ടുതന്നെ ലോകത്തിലെ കഴപ്പങ്ങൾ തീർക്കുകയും ധർമ്മസംരക്ഷണം സാധിക്കുകയും ചെയ്തുകൂടേ?'' ബാബയുടെ മറുപടി. ''അതു് സാധ്യമാണു്. പക്ഷേ, അപ്പോൾ നിങ്ങൾക്കു് ഈ ആനന്ദം ലഭിക്കുമോ? ഈശ്വരനെ കൺമുന്നിൽ കാണുന്നതിനും, ഈശ്വരന്റെ വാക്കു് കേൾക്കുന്നതിനും, ഉപദേശം ലഭിക്കുന്നതിനും, തന്മൂലമുള്ള ആനന്ദം അനുഭവിക്കുന്നതിനും സാധിക്കുമോ?'' ഈ മറുപടിയുടെ പിന്നിലുള്ള മഹത്തായ കരുണയെക്കുറിച്ചു ചിന്തിച്ചു് നോക്കുക. ബാബ എല്ലാം അറിയുന്നുണ്ടു്. എന്നാലും നമ്മിൽ ഓരോരുത്തരോടും അവിടുന്നു് കശലം ചോദിക്കുന്നു. ഓരോരുത്തരേയും സ്നേഹപൂർവ്വം ഗുണദോഷിക്കുന്നു. നേർവഴിക്കു് നയിക്കുന്നു. ഇതാണു് അവിടുത്തെ കരുണയുടെ തെളിവു്.

## 49. ഓം ശ്രീ സർവ്വാധാരായ നമഃ

ബാബ എല്ലാവരുടേയും എല്ലാററിന്റേയും ആശ്രയവും അവലംബവും ആകുന്നു—എല്ലാററിനും ആധാരം. ''നിങ്ങൾ വെങ്കടേശനെയോ, വിശ്വനാഥനെയോ, പാണ്ഡുരംഗനേയോ, അന്നപൂർണ്ണയേയോ നമസ്കരിക്കുമ്പോൾ ഞാൻ തന്നെയാണു് ആ അഭിവാദനം സ്വീകരിക്കുന്നതു്. എല്ലാററിനും ആധാരമായ ദിവ്യതത്വം ഞാൻ തന്നെയാണു്'' എന്നു് ബാബ പറഞ്ഞിട്ടുണ്ടു്. സർവദേവ നമസ്കാരഃ കേശവം പ്രതിഗച്ഛതി എന്നാണു് പ്രമാണം. ആരുടെ ഓരോററ തലമുടിയിഴ ബ്രഹ്മാവു്, വിഷ്ണു, ശിവൻ

Digitized by Kerala Sahitya Akademi

എന്നീ ത്രിമൂർത്തികളുടെ സ്വരൂപമാകുന്നുവോ, ആ ദിവ്യമൂർത്തിയാണ് കേശവൻ. ''ഈ ലോകത്തെ മുഴുവനും തീററിപോററുന്ന എനിക്ക് നിങ്ങളെ പുലർത്തുവാൻ ഒരു പ്രയാസവുമില്ല'' എന്ന് ബാബ ഒരു ശാസ്ത്രിക്ക് എഴുതുകയുണ്ടായി. ബാബ ബ്രഹ്മസ്വരൂപമായി സർവ്വാധാരമായി നിൽക്കുന്നു.

## 50. ഓം ശ്രീ സർവ്വഹൃദ് വാസിനേ നമഃ

ഈശ്വരൻ എല്ലാ ഭൂതങ്ങളുടേയും ഹൃദയത്തിൽ വസിക്കുന്നു. ഹൃദയം എന്ന വാക്കുകൊണ്ട് നെഞ്ചിനകത്തുള്ള അവയവം മാത്രമല്ല വിവക്ഷിക്കപ്പെടുന്നതു്. എല്ലാ ആഗ്രഹങ്ങളുടേയും വാസനകളുടേയും ആസ്ഥാനവും ലക്ഷ്യവുമാണതു്. ഹൃദയത്തിൽ കുടികൊള്ളുന്ന കാമങ്ങളെല്ലാം വിട്ടകലുമ്പോൾ മനുഷ്യൻ അമരത്വം പ്രാപിച്ച് ബ്രഹ്മാനന്ദം അനുഭവിക്കുന്നു എന്ന് കഠോപനിഷത്ത് പറയുന്നു. ഹൃദയത്തിൽ സംശയംമൂലം ഉണ്ടാകുന്ന കുരുക്കുകളും അതിനെ ദുഷിപ്പിക്കുന്ന അഹംഭാവവും അകററി, അതിനെ ശുദ്ധമാക്കുവാനാണ് ഓരോ മനുഷ്യനും ശ്രമിക്കേണ്ടതു്. അങ്ങിനെ ചെയ്താൽ ഈശ്വരൻ അതിനുള്ളിൽ പ്രത്യക്ഷപ്പെടും. ഈ പ്രചോദനമാണ് ബാബ നമുക്ക് നൽകിയിരിക്കുന്നതു്. 'അതുകൊണ്ട് ഹൃദയത്തെ ശുദ്ധിയാക്കി, ബാബയ്ക്ക് അനുയോജ്യമായ വാസസ്ഥാനമാക്കുവാൻ നാം നിരന്തരംശ്രമിക്കണം.

## 51. ഓം ശ്രീ പുണ്യഫലപ്രദായനമഃ

മററുള്ളവർക്കും തനിക്കും നന്മവരുത്തുന്ന കൃത്യങ്ങളാണ് പുണ്യകർമ്മങ്ങൾ. ഏതു കർമ്മത്തിനും അതിന്നു യോജിച്ച ഫലങ്ങളുണ്ട്. പുണ്യകർമ്മത്തിനു് സന്തോഷകരമായ സൽഫലവും, പാപകർമ്മത്തിനു് നേരെമറിച്ചും . കർമ്മത്തിനു് അനുസരിച്ചുള്ള ഫലം നൽകുക എന്നതു് ഈശ്വരൻെറ നിയമമാകുന്നു. ഈ നിയമത്തിൻെറ അലംഘനീയത മനസ്സിലാക്കിയാൽ മാത്രമേ മനുഷ്യനു് തൻെറ പ്രയത്നം

Digitized by Kerala Sahitya Akademi

കൊണ്ടു് അത്യുന്നതമായ ദിവ്യത്വം പ്രാപിക്കുവാൻ സാധിക്കുകയുള്ളൂ. സ്വാമി അമൃതാനന്ദ എന്ന (നമ്പൂതിരി) സന്ന്യാസിക്കു് 85—ാമത്തെ വയസ്സിൽ , ബാബ ഗണപതിയുടെ രൂപത്തിൽ ദിവ്യദർശനം നല്കുകയുണ്ടായി. അദ്ദേഹം തന്റെ 7—ാമത്തെ വയസ്സിൽ 41 ദിവസം തുടർച്ചയായി ഗണപതിഹോമം നടത്തിയതിന്റെ പ്രതിഫലമാണിതു്. ബാബ പുണ്യഫലത്തെ പ്രദാനം ചെയ്യുമെന്നുള്ളതിന്റെ തെളിവല്ലാതെ മററെന്താണിതു്? ചിലരുടെ കഷ്ടപ്പാടുകൾ കാണുമ്പോൾ തനിക്കു് അലിവു് തോന്നാറില്ലെന്നു ബാബ പറയാറുണ്ടു്. എന്തെന്നാൽ, പ്രസ്തുത അനുഭവം തന്റെ നിയമം മനസ്സിലാക്കാതെ ജീവിച്ചതിന്റെ ഫലമാണെന്നു് ബാബക്കറിയാം. ബ്രഹ്മചര്യയുടേയും ധർമ്മനിഷ്ഠയുടേയും ആവശ്യം ഇതാകുന്നു.

## 52. ഓം ശ്രീ സർവ്വപാപക്ഷയകരായനമഃ

ഈശ്വരനു് പാപങ്ങളെ ക്ഷയിപ്പിക്കുവാൻ കഴിയും. പാപകർമ്മങ്ങളുടെ ഫലം അനുഭവിക്കുന്നതിൽ നിന്നു് മനുഷ്യനെ രക്ഷിക്കുവാൻ. പക്ഷേ പാപം ക്ഷയിക്കണമെങ്കിൽ ഈശ്വരന്റെ അനുഗ്രഹത്തിനു് നാം അർഹരാകണം. സർവ്വവും ഈശ്വരങ്കൽ സമർപ്പിച്ചു് ജീവിച്ചാൽ മാത്രമേ ആ അനുഗ്രഹം ലഭിക്കുകയുള്ളൂ. ഏററവും വലിയ പാപികളിൽ പോലും, ബാബ, നന്മനേടാമെന്നുള്ള വിശ്വാസം ജനിപ്പിക്കുന്നു. വാസ്തവത്തിൽ പാപം എന്നൊന്നു് ഇല്ലെന്നും, അജ്ഞാനത്തിന്റെ ഫലത്തെയാണു് പാപംഎന്നു് വിളിക്കുന്നതെന്നുമാണു് ബാബയുടെ വ്യാഖ്യാനം. തന്റെ യഥാർത്ഥ സ്വരൂപത്തെയും മഹത്വത്തെയും മേന്മയേയും കുറിച്ചുള്ള അറിവില്ലായ്മ മൂലമാണു് മനുഷ്യൻ നീചകർമ്മങ്ങൾ ചെയ്യുന്നതു്. അങ്ങിനെ സംഭവിച്ചുപോയാൽ, പശ്ചാത്താപവും, മേലിൽ അങ്ങിനെ ചെയ്യുകയില്ലെന്ന ദൃഢനിശ്ചയവും, ആ നിശ്ചയത്തിൽ ഉറച്ചു നിൽക്കുവാനുള്ള ശക്തിക്കുവേണ്ടിയുള്ള ഈശ്വരധ്യാനവും ആണു് പോംവഴി.

Digitized by Kerala Sahitya Akademi

## 53. ഓം ശ്രീ സർവ്വരോഗനിവാരിണേനമഃ

മനുഷ്യനെ ബാധിക്കുന്ന ഏറ്റവും വലിയ രോഗം ഭവരോഗമാകുന്നു. അതായതു് ജനനമരണങ്ങളിലൂടെ തുടർന്നു പോകുന്ന ഈ ജീവിതവേദന. അതു നീക്കുന്ന അത്ഭുത ചികിത്സയാണു് ബാബ നിർവ്വഹിക്കുന്നതു്. തുച്ഛങ്ങളായ മററു രോഗങ്ങളേയും അവിടുന്നു ചികിത്സിച്ചു് സുഖപ്പെടുത്തുന്നതു് ഈ വലിയ രോഗത്തിൽ നിന്നു് മോചനം നേടുവാൻ മനുഷ്യനെ പ്രേരിപ്പിക്കുന്നതിനു വേണ്ടിയാണു്. സാധാരണ രോഗങ്ങൾ മനുഷ്യരെ തൽക്കാല വേദനകളിലും ശരീരത്തിൻെറ സുഖമില്ലായ്മയിലും മാത്രം ശ്രദ്ധിക്കുവാൻ ഇടയാക്കുന്നു. ബാബ സ്വന്തം കൈകൊണ്ടു സൃഷ്ടിക്കുന്നതും ചിത്രങ്ങളിൽ നിന്നു് വർഷിക്കുന്നതുമായ വിഭൂതി ഒരു മഹൗഷധമാണു്. അതു് രോഗങ്ങളെ അത്ഭുതകരമായ രീതിയിൽ ശമിപ്പിക്കുന്നു. അതുമൂലം സുഖം കിട്ടുന്ന മനുഷ്യർ, മായയുടെ ബാധമൂലം മനുഷ്യൻ അനുഭവിച്ചുകൊണ്ടിരിക്കുന്ന ഭവരോഗത്തിൽനിന്നു് രക്ഷകിട്ടുന്നതിനു വേണ്ടി പ്രയത്നിക്കുമെന്നാണു് ബാബ പ്രതീക്ഷിക്കുന്നതു്.

## 54. ഓം ശ്രീ സർവ്വബാധഹരായനമഃ

വേദനകൾ, ഉപദ്രവങ്ങൾ, ആപത്തുകൾ എന്നിവയെല്ലാം ബാധകളാണു്. ബാബ ഇവയെല്ലാം ഇല്ലാതാക്കുന്നു. ചൈനക്കാരുടെ ആക്രമണം ഉണ്ടായപ്പോൾ അവരുടെ മുന്നേററം തുടരുകയില്ലെന്നും 1962 നവംബർ 23—ാംനു- നടക്കാനുള്ള തൻെറ ജന്മദിനാഘോഷങ്ങൾക്കു മുടക്കം വരുകയില്ലെന്നും ബാബ പറഞ്ഞു. അതുപോലെതന്നെയാണു് സംഭവിച്ചതു്. പ്രത്യക്ഷമായ ഒരു കാരണവും കൂടാതെ അവർ നവംബർ 22—ാംനു- രാത്രിയിൽ പിൻവാങ്ങി. പ്രതിരോധമോ പ്രത്യാക്രമണമോ കൊണ്ടല്ല ഈ പിൻവാങ്ങൽ ഉണ്ടായതു്. അതിൻെറ കാരണം ഇന്നും അജ്ഞാതമായിരിക്കുന്നു. അതുപോലെ , 1965—ൽ നവരാത്രി ആഘോഷങ്ങൾക്കുള്ള ഒരുക്കങ്ങൾ തുടങ്ങിയപ്പോഴാണു് ഇന്ത്യ—പാക്കിസ്ഥാൻ സംഘട്ടനം സംഭവിച്ചതു്. ആഘോഷത്തിനു് മുമ്പായി യുദ്ധം അവസാനിക്കുമെന്നു് ബാബ പറഞ്ഞിരുന്നു. നവരാത്രിയുടെ ആരംഭത്തിനു് രണ്ടു ദിവസം മുമ്പു്, അപ്രതീക്ഷിതമായ രീതിയിൽ , അതു് അവസാനിക്കു

Digitized by Kerala Sahitya Akademi

കയും ചെയ്യു. ചെറിയ തോതിലുള്ള ആപത്തുകളും അത്യാഹിതങ്ങളും ബാബയുടെ അനുഗ്രഹത്താൽ നീങ്ങിയിട്ടുള്ളതിന് എത്രയോ ഉദാഹരണങ്ങളുണ്ട്. മഴകൊണ്ട് ഉത്സവങ്ങളും ഘോഷയാത്രകളും സമ്മേളനങ്ങളും മുടങ്ങുമെന്ന് ഭയപ്പെട്ട സന്ദർഭങ്ങളിൽ ബാബയുടെ അനുഗ്രഹത്താൽ മഴമാറിയിട്ടുണ്ട്. വലിയ ആപത്തുകളിൽ അകപ്പെട്ട വ്യക്തികൾക്ക് ബാബയുടെ നാമസ്മരണം മൂലം, അത്ഭുതകരമായ രീതിയിൽ രക്ഷ കിട്ടിയിട്ടുണ്ട്. കാറുകൾ കൂട്ടിയിടിച്ചപ്പോഴും തീവണ്ടി മറിഞ്ഞപ്പോഴും അഗ്നിബാധ ഉണ്ടായപ്പോഴും ഭക്തജനങ്ങൾക്ക് അനുഭവിക്കാൻ സാധിച്ചിട്ടുള്ള ഭാഗ്യമാണിത്. ''ഉള്ളിൽതട്ടി ആരെങ്കിലും എന്നെ വിളിക്കുമ്പോൾ എനിക്ക് അവിടെ പ്രത്യക്ഷപ്പെട്ട് സംരക്ഷണം നൽകാതിരിക്കുവാൻ സാധ്യമല്ല'' ബാബ പറഞ്ഞിട്ടുണ്ട്. ''എന്റെ ഭക്തന്മാർക്ക് ആപത്തു വരുവാൻ ഞാൻ അനുവദിക്കുകയില്ല.'' എന്നാണ് ശിർദ്ദിയിൽവെച്ചു തന്നെ ബാബ പറഞ്ഞിട്ടുള്ളത്.

## 55. ഓം ശ്രീ അനന്തനുതകർത്ത്യണേനമഃ

അവസാനമില്ലാത്ത അഭിവാദനത്തിനു പാത്രമായ മൂർത്തിയേയാണ് ഈ നാമം വിവക്ഷിക്കുന്നത്. ബാബ നിരന്തരമായ ലോകസേവനത്തിൽ വ്യാപൃതനായിരിക്കുന്നതുകൊണ്ട്. ഭക്തജനങ്ങളിൽ നിന്ന് കൃതജ്ഞതമൂലം ഉയരുന്ന സ്തുതികൾക്ക് അവസാനമില്ല. എല്ലാ രാജ്യങ്ങളിലും എല്ലാ ഭാഷകളിലും ഇതു് സംഭവിക്കുന്നുണ്ട്. ബാബയുടെ മഹിമയും കരുണയും പൂർണ്ണമായി വർണ്ണിക്കുന്നതിനോ പ്രകാശിപ്പിക്കുന്നതിനോ ആർക്കും സാദ്ധ്യമല്ല. എന്നാലും എല്ലാരും അതിനുവേണ്ടി തുടർച്ചയായി ശ്രമിച്ചുകൊണ്ടിരിക്കുന്നു!

## 56. ഓം ശ്രീ ആദിപുരുഷായ നമഃ

ബാബ ഈ യുഗത്തിൽ ധർമ്മത്തെ സംരക്ഷിക്കുന്നതിനുവേണ്ടി ഉണ്ടായ അവതാരമാണ്. അവിടുന്നു സനാതനസാരഥിയാകുന്നു. —എന്നുമുള്ള തേരാളി. നമ്മുടെ ശരീരമാണ് തേര്. പഞ്ചേന്ദ്രിയങ്ങളാണ് കുതിരകൾ. ഈ ജീവിതമാണ് പോക്കളം. തേരാളി

Digitized by Kerala Sahitya Akademi

എന്ന നിലയിൽ അവിടുന്നു ചെയ്ത ഏറ്റവും പ്രസിദ്ധമായ കൃത്യം മഹാഭാരത യുദ്ധത്തിൽ കുരുക്ഷേത്രത്തിൽവെച്ച് അർജ്ജുനന് ധർമ്മോപദേശം ചെയ്തതാണ്. ഈ തേരാളി ആദിപുരുഷനാകുന്നു. ഒന്നാമത്തെ ആദം. പുരുഷൻ എന്നാൽ എന്നുമുള്ള ആദം. ഫലം നൽകി അനുഗ്രഹിക്കുന്നവൻ എന്നൊക്കെ അർത്ഥമുണ്ട്. തങ്ങൾ പ്രാർത്ഥിച്ച ഫലാനുഭവം നൽകി ബാബ എത്രയോ സാധകന്മാരെ അനുഗ്രഹിച്ചിട്ടുണ്ട്. ഇതിൽ ഇഷ്ടദേവതാ ദർശനം പ്രസിദ്ധമാകുന്നു. ഋഷീകേശത്തിനടുത്തുള്ള വസിഷ്ഠഗുഹയിൽവെച്ച് പുരുഷോത്തമാനന്ദസ്വാമിക്ക് അവിടുന്നു ശ്രീ പത്മനാഭനായി ദർശനം നൽകുകയുണ്ടായി.

## 57. ഓം ശ്രീ ആദിശക്തിയേനമഃ

പല ഭക്തജനങ്ങൾക്കും ബാബ അമ്മയാണ്. അത്ര അഗാധമായ സ്നേഹവാത്സല്യങ്ങളാണ് അവിടുന്ന് പ്രദർശിപ്പിക്കുന്നത്. അവരുടെ ക്ഷേമത്തിലും സുഖത്തിലും അവിടുത്തേയ്ക്കുള്ള താല്പര്യവും അപാരമാണ്. താൻ ശിവശക്തിയാണെന്ന് ബാബതന്നെ പറഞ്ഞിട്ടുണ്ട്. പ്രശാന്തിനിലയം ''നിങ്ങളുടെ മാതൃഗൃഹമാണ്'' എന്നാണ് ബാബ സ്ത്രീജനങ്ങളോട് പറയാറുള്ളത്. അവിടുന്ന് ആദിശക്തിയാണ്, ആദിപുരുഷന്റെ ശക്തിഭാവം. ഈ ഭാവത്തെ സ്ത്രീരൂപമായിട്ടാണ് ആരാധിച്ചുവരുന്നത്. നവരാത്രി മാതൃപൂജാ കാലമാണല്ലൊ. അന്ന് സരസ്വതിയുടേയും ദുർഗ്ഗയുടേയും ലക്ഷ്മിയുടേയും ഭാവങ്ങളിൽ ബാബ പ്രത്യക്ഷപ്പെടുന്നു. വിദ്വൽ സഭയിൽ അവിടുന്ന് വിദ്യാദേവതയായി അദ്ധ്യക്ഷപദം അലങ്കരിക്കുന്നു. വൈദിക യജ്ഞങ്ങളിൽ ദുർഗ്ഗയായി കാണപ്പെടുന്നു. ഭക്തജനങ്ങൾക്ക് ലക്ഷ്മിയായി പാരിതോഷികങ്ങൾ നൽകുന്നു. ഇപ്പറഞ്ഞ വിശേഷസന്ദർഭത്തിലാണ് ബാബയുടെ ആദിശക്തിഭാവം നമുക്ക് ഏറ്റവും കൂടുതൽ അനുഭവപ്പെടുന്നത്. അനേകം ഭക്തകൾക്ക് ബാബ മഹാലക്ഷ്മിയായും ഗൗരിയായും ദർശനം നൽകിയിട്ടുണ്ട്. അവിടുന്ന് അവശരും ഭാഗ്യഹീനരുമായ കുട്ടികളുടെ നേർക്ക് പ്രദർശിപ്പിക്കുന്ന വാത്സല്യാതിരേകം അനുഭവിച്ചവർക്കേ അറിയാവൂ.

Digitized by Kerala Sahitya Akademi

## 58. ഓം ശ്രീ അപരൂപ ശക്തിനേ നമഃ

അപരൂപം എന്നാൽ അസാധാരണം, അത്ഭുതകരം എന്നൊക്കെയാണ്‌ അർത്ഥം. ബാബയുടെ അത്യത്ഭുതകരമായ ശക്തികളെയാണ്‌ ഈ നാമം സൂചിപ്പിക്കുന്നതു്. ഇതുപോലെയുള്ള ദിവ്യ ശക്തികൾ മററാരിലാണ്‌, മറെറവിടെയാണ്‌, നാം കണ്ടിട്ടുള്ളതു്? അവിടുന്നു് എല്ലാവരുടേയും ഹൃദയത്തിൽ സ്ഥിതി ചെയ്യുന്നതുകൊണ്ടു് നമ്മുടെ എല്ലാ പ്രവൃത്തികളും അറിയുന്നു. അവിടുത്തേയ്ക്കു്, ഇപ്പോൾ സ്വീകരിച്ചിരിക്കുന്ന ഭൗതികരൂപത്തിൽ തന്നെ, എവിടെയും പ്രത്യക്ഷപ്പെടുവാൻ കഴിയുന്നു. നമുക്കു് ഓരോരുത്തർക്കും വേണ്ടതെന്തെന്നും, നല്ലതെന്തെന്നും ബാബയ്ക്കറിയാം. ശ്രീകൃഷ്ണപരമാത്മാവിനു ശേഷം ഇതിൽ കൂടുതലോ ഇത്രത്തോളമോ ശക്തിയുള്ള ആരും ഭൂമിയിൽ ഉണ്ടായിട്ടില്ല. ശിർദ്ദിയിൽവെച്ചു് ബാബ പ്രഖ്യാപിച്ചു, അവിടുന്നു വാസുദേവനാണെന്നു്. ''ഞാൻ മഹാലക്ഷ്മിയാണു്'' ''ഞാൻ പണ്ഡരിയിലെ വിഠോബയാണു്.'' ''ഞാൻ ഗണപതിയാണു്'' ''ഞാൻ ദത്താത്രേയനാണു്'' ''ഞാൻ കൃഷ്ണനാണു്'' ''ഈ പ്രപഞ്ചം മുഴുവനും എന്നിലാണു്'' ''ഞാൻ അരൂപിയും എല്ലായിടത്തും ഉള്ളവനുമാണു്. ഈ കാണുന്നതെല്ലാം എൻെറ രൂപമാണു്'' ഈ പ്രഖ്യാപനങ്ങൾ ചെയ്ത ബാബ തന്നെയാണ്‌ പുട്ടപ്പർത്തിയിലും അവതരിച്ചിരിക്കുന്നതു്.

## 59. ഓം ശ്രീ അവ്യക്ത രൂപിണേ നമഃ

പകൽ സമയത്തു് അവ്യക്തത്തിൽ നിന്നു് വ്യക്തം ഉണ്ടാകുന്നു എന്നും, രാത്രിയാകുമ്പോൾ വ്യക്തമായുള്ളവ അവ്യക്തത്തിൽ വിലയം പ്രാപിക്കുന്നു—എന്നും ഭഗവദ്ഗീത പറയുന്നു. (VIII 18) ഇതിൽ പറയുന്ന അവ്യക്തത്തേയാണ്‌ ഈ നാമം സൂചിപ്പിക്കുന്നതു്. ബാബ സൃഷ്ടി സ്ഥിതിലയങ്ങളുടെ നാഥനാണു്. ഈ മൂന്നു ക്രിയകളും നടക്കുന്നിടത്തു് ഈശ്വരനുണ്ടു് എന്നാണ്‌ ബാബ പറഞ്ഞിട്ടുള്ളതു്.

Digitized by Kerala Sahitya Akademi

## 60. ഓം ശ്രീ കാമക്രോധ ധ്വംസിനേ നമഃ

കാമക്രോധങ്ങൾ ദുഃഖകാരണങ്ങളാണ്. കാമം എന്നാൽ ആഗ്രഹം, ഭൗതിക വസ്തുക്കൾക്കുവേണ്ടിയുള്ള ആശ. ഇതു് സഫലമാകാതെ വരുമ്പോഴാണ് ക്രോധം, അഥവാ കോപം—ദ്വേഷ്യം—ഉണ്ടാകുന്നതു്. ധർമ്മം, അർത്ഥം, കാമം, മോക്ഷം എന്നിങ്ങനെ നാലു പുരുഷാർത്ഥങ്ങളുണ്ടു്. ഇവയെപ്പററി ബാബ പറയുന്നതു് ഇങ്ങിനെയാണ്: ധർമ്മം കൊണ്ടു് അർത്ഥം സമ്പാദിക്കുക, മോക്ഷത്തിനു് വേണ്ടി കാമിക്കുക—ആഗ്രഹിക്കുക, ഇതാണ് കാമക്രോധങ്ങളെ നശിപ്പിക്കുവാൻ ബാബ നൽകുന്ന മാർഗ്ഗനിർദ്ദേശം. ജപവും ധ്യാനവും കൊണ്ടു് മുക്തിനേടുവാൻ വേണ്ടി ശ്രമിച്ചു തുടങ്ങുമ്പോൾ ബാബയുടെ അനുഗ്രഹം നമ്മെ പടിപടിയായി മുന്നോട്ടു നയിക്കുകയും പരമമായ ആനന്ദത്തിൽ എത്തിക്കുകയും ചെയ്യുന്നു. എല്ലാം സായീമയമാണെന്ന ബോധം ഉദിക്കുമ്പോൾ കാമവും ക്രോധവും ദ്വേഷവും എല്ലാം നശിക്കുന്നു. ബാബ നമുക്കു് വേണ്ടതെല്ലാം നൽകുമെന്നു് മനസ്സിലാകുമ്പോൾ പിന്നെ കാമത്തിനു് സ്ഥാനമില്ല. കാമം നശിക്കുമ്പോൾ ക്രോധവും നശിക്കും. ബാബ കാമക്രോധങ്ങളെ ധ്വംസിക്കുന്നു—നശിപ്പിക്കുന്നു—എന്ന നിർവ്വചനത്തിന്റെ ആസ്പദം ഇതാണ്.

## 61. ഓം ശ്രീ കനകാംബര ധാരിണേ നമഃ

കനകാംബരധാരി എന്നാൽ സ്വർണ്ണവസ്ത്രം ധരിക്കുന്നവൻ. മതാചാരപ്രകാരം സ്വർണ്ണമയമായ വസ്ത്രമാണ് ദേവന്മാർക്കു വിധിച്ചിരിക്കുന്നതു്. പീതാംബരധാരി എന്ന നിർവ്വചനവും ഈ സങ്കല്പത്തെ ആധാരമാക്കിയുള്ളതാകുന്നു. പീതം (മഞ്ഞ) സ്വർണ്ണത്തിന്റെ നിറമാണല്ലോ. ബാബ പാദംവരെ നീണ്ടുകിടക്കുന്ന ഒരു ഉടുപ്പാണ ഇപ്പോൾ ധരിക്കുന്നതു്. ശിർദ്ദിയിൽവെച്ചും വസ്ത്രധാരണരീതി ഇതു തന്നെയായിരുന്നു. ഈ ഉടുപ്പും അടിയിലുള്ള മുണ്ടും നിറമുള്ള തുണി കൊണ്ടു് നിർമ്മിച്ചവയായിരിക്കും. വേഗം തിരിച്ചറിയുവാൻ വേണ്ടിയാണ് നിറം; പട്ടും മററു തുണികളും ഉപയോഗിക്കാറുണ്ടു്. പക്ഷേ ഏതുതരം തുണിയായാലും ഭക്തിയുടെ ദൃഷ്ടിക്കു അതെല്ലാം കനകാംബരമാകുന്നു. ഈശ്വരന്റെ ഉടയാട എന്ന നിലയിൽ പവിത്രവും.

Digitized by Kerala Sahitya Akademi

## 62. ഓം ശ്രീ അത്ഭുത ചര്യായ നമഃ

അത്ഭുതചര്യ എന്നാൽ ആശ്ചര്യകരമായ പ്രവൃത്തി എന്നര്‍ത്ഥം. അത്ഭുതം എന്ന വാക്കിന്ന് മുമ്പ് ഉണ്ടായിട്ടില്ലാത്തത്; മററെങ്ങും കാണാത്തത് എന്നൊക്കെ അര്‍ത്ഥമുണ്ട്. ബാബയുടെ കാര്യത്തിൽ ഈ വിവരണങ്ങളെല്ലാം യോജിക്കുമെന്നതിൽ സംശയമില്ലല്ലൊ. ഹിമാലയം മുതൽ കന്യാകുമാരിവരെയുള്ള ഭൂവിഭാഗത്തിൽ നമ്മുടെ പ്രിയപ്പെട്ട ഭാരതവർഷത്തിൽ എത്ര ഭവനങ്ങളിലാണ് സത്യസായിബാബയുടെ ചിത്രങ്ങളിൽ നിന്നു് ഭസ്മവും കുങ്കുമവും മഞ്ഞൾ പൊടിയും മധുവും അമൃതവും വെണ്ണയും തുടർച്ചയായി വീണു കൊണ്ടിരിക്കുന്നതു്! ബാബ തൻെറ അനുഗ്രഹത്തിനു് പാത്രമാവുന്നവരുമായി സ്വപ്നത്തിലും കമ്പിസന്ദേശങ്ങൾ മുഖേനയും കത്തുകൾ വഴിയും മററും, ഏററവും അത്ഭുതകരമായ രീതിയിൽ സമ്പര്‍ക്കം നടത്തുന്നു. ചിലപ്പോൾ അവിടുത്തെ സന്ദേശം എഴുതിയ കടലാസ്സുകൾ ചിത്രങ്ങളിൽ പ്രത്യക്ഷപ്പെടുന്നു. ദൂരദിക്കുകളിൽ ഭക്തജനങ്ങൾ സമർപ്പിക്കുന്ന നിവേദ്യവസ്തുക്കൾ ബാബ ഭുജിക്കുന്നു. ഒരേസമയത്തു് ഒന്നിലധികം സ്ഥാനങ്ങളിൽ ബാബ സ്വന്തം രൂപത്തിൽ ആവിർഭവിക്കുന്ന അത്ഭുതവും ഉണ്ടായിട്ടുണ്ട്. ഒരിക്കൽ കേരളത്തിലെ മഞ്ചേരിയിൽ അവിടുന്നു ചെല്ലുകയും അനേകം മണിക്കൂർ നേരം ഭക്തജനങ്ങളുമായി സംഭാഷണം നടത്തുകയും ഭജനഗാനങ്ങൾ പാടുകയും ചെയ്തു. പക്ഷേ അതേ സമയത്തു് അവിടുന്നു് ആന്ധ്രാപ്രദേശത്തെ വെങ്കിടഗിരി എന്ന സ്ഥലത്തു് താമസിക്കുകയായിരുന്നു.

## 63. ഓം ശ്രീ ആപദ്ബാന്ധവായ നമഃ

ഭക്തരക്ഷണമാണു് തൻെറ കർത്തവ്യമെന്നു് ബാബ പ്രഖ്യാപിച്ചിട്ടുണ്ട്. ആപത്തുകളിലും അത്യാഹിതങ്ങളിലും തൻെറ ഭക്തന്മാരുടെ ബന്ധുവായി നിന്നു് അവരെ അവിടുന്നു് രക്ഷിച്ചതിനു് എത്രയോ ഉദാഹരണങ്ങളുണ്ട്. ശ്രീ ടി. ചിദംബരയ്യ എന്ന വൃദ്ധനായ ഒരു അഭിഭാഷകഭക്തൻ ആക്കോണത്തിന്നടുത്തുവെച്ച് ഓടുന്ന തീവണ്ടിയിൽ നിന്നു് വീണു. പക്ഷേ അദ്ദേഹം രക്ഷിക്കപ്പെട്ടു. പ്രശാ

Digitized by Kerala Sahitya Akademi

ത്തിനിലയത്തിൽ നിന്നു് 300 മൈൽ അകലെയുള്ള ആക്കിരിപ്പള്ളിയിൽവെച്ച് ശ്രീ രാമമൂർത്തിയുടെ ഭാര്യ സാരിക്കു് തീപിടിച്ചുകരഞ്ഞപ്പോൾ അദ്ദേഹം അകം നൊന്തു് സമർപ്പണബുദ്ധിയോടെ ''സ്വാമീ'' എന്നു വിളിച്ചു. ബാബ ആ വിളി കേൾക്കുകയും മൂർത്തി. യുടെ ഭാര്യയെ അഗ്നിബാധയിൽ നിന്നു് രക്ഷിക്കുകയും ചെയ്തു. ഭക്തന്മാർ സഞ്ചരിക്കുന്ന കാറുകൾ തകിടം മറിഞ്ഞു് തവിടുപൊടിയായാൽ പോലും അവർക്കു് ആപത്തുണ്ടാകുന്നില്ല. കൊച്ചുകുട്ടികൾ മാളികപ്പുറത്തു നിന്നു് താഴെ വീഴുമെങ്കിലും അപകടം പററാതെ അവർ നിലത്തു വന്നു് നിവർന്നിരിക്കുന്നു. ഇങ്ങിനെയുള്ള ആപൽഘട്ടങ്ങളിലെല്ലാം ബാബ അവരെ രക്ഷിക്കുവാൻ എത്തുന്നു. ഒരു ഭക്തൻ ഒരു സാമാനത്തിന്നു വേണ്ടി പോയ തക്കം നോക്കി ഒരു ഇരട്ടപ്പാത മുറിച്ചു കടക്കാൻ ശ്രമിച്ചു. അടുത്ത പാതയിലൂടെ ഇലക്ക്ട്രിക്കു് ട്രെയിൻ വരുന്നതു് അയാൾ കണ്ടില്ല. പക്ഷേ ആ നിമിഷാർദ്ധത്തിനിടയ്ക്കു് അയാൾ ബാബയുടെ തെലുങ്കിലുള്ള ആജ്ഞ കേട്ടു ''ഇവിടെ! നിനക്കു് ബോധമില്ലേ?'' അയാൾ മുന്നോട്ടു വെച്ചകാൽ പിൻവലിച്ചു. മരണത്തിൻെറ വായിൽ നിന്നും രക്ഷപ്പെടുകയും ചെയ്തു. ചാറത്സ് പെൻ എന്ന അമേരിക്കൻ വൈമാനികൻ 1500 അടി ഉയരത്തിൽ പറക്കുമ്പോൾ തൻെറ വിമാനത്തിൻെറ കണ്ണാടിത്തട്ടിന്മേൽ പെട്രോൾ തെറിച്ചുവീഴുന്നതു കണ്ടു് അന്ധാളിച്ചു. പക്ഷേ അപ്പോൾ ബാബ തൻെറ അടുത്തുതന്നെ ഇരിക്കുന്നതായി അയാൾ കാണുകയും ധൈര്യം നശിക്കാതെ വിമാനം താഴെ ഇറക്കി കേടു നീക്കി വീണ്ടും പറക്കുകയും ചെയ്തു. ഇതല്ലെ ആപൽബന്ധുത്വം !

## 64. ഓം ശ്രീ പ്രേമാത്മനേ നമഃ

''നിങ്ങൾക്കു് എന്നെപ്പററി ഒരു വിശേഷണം ഉപയോഗിക്കണമെങ്കിൽ ''പ്രേമസ്വരൂപൻ'' എന്നു വിളിച്ചുകൊള്ളുക എന്നു ബാബ പറയുകയുണ്ടായി. അവിടുന്നു് പ്രേമസ്വരൂപനും പ്രേമാത്മാവും ആകുന്നു. പ്രേമം എന്നാൽ സ്നേഹത്തിൻെറ ഏററവും ശ്രേഷ്ഠമായ ഭാവം തന്നെ. ദുഃഖിക്കുന്നവരേയും കഷ്ടപ്പെടുന്നവരേയും അത്യദ്ധ്വാനം ചെയ്യുന്നവരേയും ശുദ്ധമനസ്സുകളേയും മധുരശീലമുള്ളവരേയും

Digitized by Kerala Sahitya Akademi

സിദ്ധന്മാരേയും മുക്തന്മാരേയും അവിടുന്നു അങ്ങേയററം സ്നേഹിക്കു ന്നു. ''നിങ്ങളുടെ ഭാരങ്ങളെല്ലാം എനിക്കു് നൽകിയിട്ടു് ആനന്ദവും സംതൃപ്തിയും സ്വീകരിക്കുക'' എന്നാണു് അവിടുന്നു പറയുന്നതു്. ''അമ്മ ഗർഭത്തിൻെറയും പ്രസവത്തിൻെറയും പ്രയാസവും വേദന യും സഹിച്ചാലും തൻെറ കുട്ടിയെ വെറുക്കുന്നില്ല. അതുപോലെ നിങ്ങളെന്തെല്ലാം ഭാരവും പ്രയാസവും എനിക്കു നൽകിയാലും നിങ്ങ ളുടെ ദുഃഖവും വേദനയും എനിക്കു ദുസ്സഹമാണു്. നിങ്ങൾക്കു് അനു ഗ്രഹം നൽകി നന്മവരുത്തുകയല്ലാതെ മററൊരു ചിന്തയും എനിക്കു ണ്ടാവുകയില്ല. ബാബയുടെ അവതാരം തന്നെ ഈ പ്രേമാതിരേ കത്തിൻെറ തെളിവാണല്ലോ.

## 65. ഓം ശ്രീ പ്രേമമൂർത്തയെ നമഃ

പ്രേമമൂർത്തി, പ്രേമസ്വരൂപൻ എന്നീ വാക്കുകളുടെ അർത്ഥം ഒന്നു തന്നെ. ബാബ തൻെറ 20—ാമത്തെ വയസ്സിൽ എഴുതിയ ഒരു ക ത്തിൽ പ്രേമം എന്നാൽ എന്തെന്നു് പറഞ്ഞിട്ടുണ്ടു്. ''ദുഃഖവും വേദനയും അകററുകയും, സംതൃപ്തിയും സന്തോഷവും നൽകുകയും ആണു് പ്രേമം'' പ്രേമത്തിൽ നിന്നാണു് മററുള്ളവർക്കു് വേണ്ടി സേവനം അനുഷ്ഠിക്കുവാനും അവരെ തൃപ്തരാക്കുവാനും ഉള്ള പ്രേരണ ഉണ്ടാകുന്നതു്. തന്നെ കാണുവാനും തൻെറ വാക്കുകൾ കേൾക്കു വാനും ആളുകൾ കാത്തിരിക്കുന്ന സ്ഥലങ്ങളിൽ പോകുവാനും, ക ത്തുകളും സന്ദേശങ്ങളും ലേഖനങ്ങളും ഗ്രന്ഥങ്ങളും എഴുതി ജനങ്ങളുടെ സംശയങ്ങളും സങ്കടങ്ങളും നീക്കുവാനും ആദ്ധ്യാത്മികസാധനക ളിൽ ഭക്തന്മാരെ സഹായിച്ചു് അവർക്കു് ബ്രഹ്മസാക്ഷാൽകാരം നൽകുവാനും ബാബ നിരന്തരം ശ്രമിച്ചുകൊണ്ടിരിക്കുന്നതു് അവിടു ത്തെ അപാരമായ പ്രേമം കൊണ്ടാകുന്നു. ''എൻെറ കൈകൾക്കു് കൊടുക്കുവാൻ മാത്രമേ അറിയാവൂ.'' എന്നാണു് അവിടുന്നു് പറ യുന്നതു്. താൻ സൃഷ്ടിക്കുന്നതു് യാതൊന്നും സ്വന്തം ഉപയോഗ ത്തിനായി ബാബ എടുക്കാറില്ല. അവിടുത്തെ സമയം മുഴുവനും മനുഷ്യരാശിയുടെ പുരോഗതിക്കായിട്ടാണു് ചെലവഴിക്കപ്പെടു ന്നതു്.

Digitized by Kerala Sahitya Akademi

## 66. ഓം ശ്രീ പ്രേമപ്രദായ നമഃ

ബാബ സദസ്സുകളെ സംബോധന ചെയ്യുന്നതു് ''പ്രേമസ്വരൂപലാരാ'' എന്നാണു്. ഈ തെലുങ്കു വാക്കിന്റെ അർത്ഥം ''പ്രേമസ്വരൂപന്മാരെ'' എന്നാണു്. ഈ സംബോധന ഏററവും ഉചിതമാകുന്നു. എന്തെന്നാൽ ബാബ അവതരിച്ചിരിക്കുന്നതു് ഓരോ മനുഷ്യന്റെയും ഉള്ളിലുള്ള പ്രേമത്തിന്റെ ഉറവയെക്കുറിച്ചു് അവനുതന്നെ അറിവുണ്ടാക്കുന്നതിനു് വേണ്ടിയാണു്. ആ ഉറവ എന്താണു്? അതു് ബാബ തന്നെ, സാക്ഷാൽ സായീ, പരമമായ സത്യം. ബാബ പ്രേമത്തിന്റെ അനുഗ്രഹം നൽകുന്നതു് ഓരോരുത്തരുടേയും ഹൃദയത്തിന്റെ ഉള്ളിൽ നിന്നാണു്. കല്ലുപോലെ കഠിനമായ ഹൃദയമുള്ള എത്രയോ ആളുകൾ അവിടുത്തെ പ്രേരണമൂലം മററുള്ളവരുടെ സങ്കടങ്ങളിൽ അലിവുള്ളവരായി തീർന്നതിനു് അസംഖ്യം ഉദാഹരണങ്ങളുണ്ടു്. ബാബയുടെ കാരുണ്യത്തിന്റെ തെളിവാണിതു്. അവിടുത്തെ ചിത്രങ്ങൾ വെച്ചു പൂജിച്ചതുമൂലം കുടുംബകലഹങ്ങൾ തീർന്നതിനും, അന്യോന്യം വെറുത്തിരുന്ന അച്ഛനും മക്കളും വീണ്ടും സ്നേഹബദ്ധരായി തീർന്നതിനും തെളിവുണ്ടു്. ബാബയെ പ്രേമദാതാവായി ആരാധിക്കുന്നതിൽ എന്താണത്ഭുതം?

## 67. ഓം ശ്രീ പ്രിയായ നമഃ

ബാബ എല്ലാവർക്കും പ്രിയപ്പെട്ടവനാണു്. കുട്ടികളും മുതിർന്നവരും വൃദ്ധജനങ്ങളും ദരിദ്രനും ധനികനും രോഗിയും ആരോഗ്യമുള്ളവനും എല്ലാം ബാബയെ അന്വേഷിച്ചു് പോകുന്നു, സ്നേഹിക്കുന്നു, ആരാധിക്കുന്നു. ഒരു ചെരുപ്പുകുത്തി ഒരിക്കൽ ബാബയെ തന്റെ കുടിലിലേയ്ക്കു ക്ഷണിച്ചു. അവിടുന്നു് ആ ക്ഷണം സ്വീകരിച്ചു. ബൂദിലി ഗ്രാമത്തിൽ നടന്ന ഘോഷയാത്രയിൽ അവിടുന്നു് ഒരു കാളവണ്ടിയിൽ കയറി കുണ്ടും കുഴിയും കല്ലും നിറഞ്ഞ നാട്ടുവഴിയിലൂടെ സഞ്ചരിച്ചു. ''നിങ്ങളുടെ സന്തോഷമാണു് എന്റെ ആഹാരം'' എന്നാണു് അവിടുന്നു പറയുന്നതു്. ''ശിർദ്ദിയിൽ വെച്ചു് ഞാൻ ചിലപ്പോഴൊക്കെ പരുഷമായി പെരുമാറിയിട്ടുണ്ടു്. ചില ആളുകളെ ഞാൻ അടിച്ചോടിക്കാറുണ്ടായിരുന്നു. എന്നാൽ

Digitized by Kerala Sahitya Akademi

ഇപ്പോഠം എൻെറ നയം ഇതല്ല. വിശക്കുന്നവക്ക് ആഹാരം കൊടുക്കു വാനാണ് ഞാൻ വന്നിരിക്കുന്നത്. എല്ലാവർക്കും വേണ്ടി ഒരു വലിയ സദ്യതന്നെ ഞാൻ അപ്പോഠം തയ്യാറാക്കി. ഇപ്പോഠം എനിക്കു് സൗമ്യമായും ദയവോടുകൂടിയും 'സംസാരിക്കേണ്ടിയിരിക്കുന്നു. എന്നാൽ മാത്രമേ ഞാൻ വിളമ്പിത്തരുന്ന ആദ്ധ്യാത്മിക വിഭവങ്ങഠം നിങ്ങഠം സന്തോഷപൂർവ്വം ഭക്ഷിക്കുകയും അവ ഉള്ളിൽ ചെന്നാൽ ദഹിക്കുകയുമുള്ളു.'' എന്ന് അവിടുന്ന് പറഞ്ഞിട്ടുണ്ട്. ബാബയുടെ സ്നേഹവാത്സല്യങ്ങഠംക്കു് അതിരില്ല. നമ്മുടെ സകല ദോഷങ്ങളും അവിടുത്തേയ്ക്കു് അറിയാമെങ്കിലും അവിടുന്നു നമ്മെ പുഞ്ചിരിയോടെ സ്വീകരിക്കുന്നു, അനുഗ്രഹിക്കുന്നു.

## 68. ഓം ശ്രീ ഭക്തപ്രിയായ നമഃ

''എൻെറ ഭക്തന്മാർ ഒരിക്കലും നാശമടയുകയില്ല'' എന്നു് ഭഗവാൻ ഗീതയിൽ പറഞ്ഞിട്ടുണ്ട്. ''നിങ്ങളുടെ മനസ്സ് എപ്പോഴും എന്നിൽ ഉറച്ചിരിക്കുകയും, നിങ്ങഠം എനിക്കു നൽകാതെ ഭക്ഷണം പോലും കഴിക്കാതിരിക്കുകയും ചെയ്യാൽ, ഞാൻ നിങ്ങളുടെ അടിമയാണു്'' എന്നു് ബാബ ശിർദ്ദിയിൽ വെച്ചു് പറയുകയുണ്ടായി. ''ഭക്തന്മാരുടെ പ്രാത്ഥനകഠം സാധിച്ചു കൊടുക്കുന്നതിനായി ഞാൻ അവരുടെ പൂജാമുറിക്കു സമീപം എപ്പോഴും കാത്തു നിൽക്കും'' എന്നാണ് സത്യസായീ ബാബ പറയുന്നത്. ബാബ ഭക്തന്മാരുടെ വീടുകളെ കള്ളന്മാരിൽ നിന്നു് രക്ഷിച്ചിട്ടുണ്ട്. വർഗ്ഗീയ ലഹളകളിൽ അകപ്പെട്ടവരെ ആഠംക്കൂട്ടത്തിൻെറ ആക്രമണങ്ങളിൽ നിന്നും ഭാരതത്തിൻെറ അതിത്തിയിലെ ഏകാകികളായ കാവൽഭടന്മാരെ ശത്രുസൈന്യങ്ങളിൽ നിന്നും രക്ഷിച്ചിട്ടുണ്ട്. ഇതെല്ലാം വിദൂരദിക്കുകളിൽ സംഭവിച്ചിട്ടുള്ള അത്ഭുതങ്ങളാണ്. ''കൺപോളകഠം കണ്ണിനെയെന്ന പോലെ, നിങ്ങളെ ഞാൻ രക്ഷിക്കും'' എന്നാണു് അവിടുന്നു് നൽകിയിട്ടുള്ള ഉറപ്പ്. പുട്ടപ്പർത്തിയിൽ പോകുവാൻ പണമില്ലാതെ ദുഃഖിച്ചവരുടെ മടിശ്ശീലയിൽ ബാബ അപ്രത്യക്ഷമായി പണം ഇട്ടുകൊടുത്ത സംഭവങ്ങളുണ്ട്. പൂജാമുറികളിൽ തൻെറ ചിത്രത്തിന്നടുത്തു് അവിടുന്നു് പെനുകൊണ്ടയിലേയ്ക്കുള്ള റെയിൽവേ ടിക്കററ് വെച്ചുകൊടുത്ത ഉദാഹരണങ്ങളുമുണ്ട്. ഈ അനുഗ്രഹങ്ങഠം ലഭിക്കുന്നതിനു് ആത്മാത്ഥമായ ഭക്തിമാത്രമേ വേണ്ടു.

Digitized by Kerala Sahitya Akademi

## 69. ഓം ശ്രീ ഭക്തമന്ദാരായ നമഃ

മന്ദാരം എന്നാൽ കല്പവൃക്ഷം എന്നർത്ഥം. ബാബ ഭക്തന്മാർക്ക് അഭീഷ്ടങ്ങൾ നൽകുന്ന കല്പവൃക്ഷമാകുന്നു. പതിനഞ്ചുപതിനാറ് വയസ്സുള്ളപ്പോൾ ബാബ ഭക്തന്മാരേയും കൊണ്ട് ചിത്രാവതിനദിയുടെ സമീപത്തുള്ള കുന്നിൻ മുകളിൽ കയറി അവിടെ നിൽക്കുന്ന പുളിമരത്തിൽനിന്നു് ഓരോരുത്തരും ആവശ്യപ്പെട്ട പഴങ്ങൾ പറിച്ചു കൊടുത്തിട്ടുണ്ട്. അവർ ആരും പുളി ആവശ്യപ്പെട്ടില്ല. ആപ്പിളും മാമ്പഴവും അത്തിപ്പഴവും വാഴപ്പഴവും മററുമാണ് അവർ ചോദിച്ചതു്. അതെല്ലാം ആ പുളിമരത്തിൽ നിന്നുതന്നെ ബാബ പറിച്ചു കൊടുത്തു. ആ പുളിമരം ഇപ്പോഴുമുണ്ട്. അതിനെ കല്പവൃക്ഷമെന്നാണ് വിളിക്കുന്നതു്. അതു് ബാബയുടെ ഇംഗിതത്തിന് വഴങ്ങിയ സങ്കല്പവൃക്ഷമാകുന്നു. സത്യത്തിൽ അവിടുന്നുതന്നെയാണ് സാക്ഷാൽ കല്പവൃക്ഷം. ആവശ്യക്കാരുടെ അടുക്കലേയ്ക്കു് ചെന്ന് അഭീഷ്ടങ്ങൾ നൽകുന്ന അത്ഭുതകരമായ കല്പവൃക്ഷമെന്നു കൂടി പറയേണ്ടതുണ്ട്. ഒരു സവിശേഷത കൂടിയുണ്ട്. കല്പവൃക്ഷം ചോദിക്കുന്നതു് കൊടുക്കുന്നു. ബാബ നാം ചോദിക്കുന്നതു് നമ്മുടെ നന്മയ്ക്കു ഉതകുമെങ്കിൽ മാത്രമേ നൽകുകയുള്ളൂ. അതുകൊണ്ട്, എന്താണ് നമുക്കു വേണ്ടതെന്നും നല്ലതെന്നും ഉള്ള കാര്യങ്ങൾ ബാബയ്ക്കുതന്നെ വിട്ടു കൊടുക്കുകയാണ് വേണ്ടതു്.

## 70. ഓം ശ്രീ ഭക്തജനഹൃദയവിഹാരായനമഃ

ബാബ ഭക്തജനങ്ങളുടെ ഹൃദയത്തിൽ വിഹരിക്കുന്നു. ഉല്ലാസവാനായി കളിക്കുന്നു. ഈ മഹാഭാഗ്യം ലഭിക്കുന്നതു് എളുപ്പമല്ല. ലക്ഷക്കണക്കിന് ആളുകൾ കൂടിയിരിക്കുന്ന മഹാ സമ്മേളനങ്ങളെ നോക്കി അവിടുന്ന് പറഞ്ഞിട്ടുണ്ട്: ''ഞാൻ നിങ്ങളെ ഭക്തന്മാർ എന്നു് വിളിക്കുന്നില്ല. എന്തെന്നാൽ, നിങ്ങളിൽ ഒരാൾ പോലും ആ പേരിന് അർഹനല്ല''. ഇതിൻെറ അർത്ഥം യഥാർത്ഥഭക്തിയുള്ളവർ വളരെവളരെ ദുർല്ലഭമാണെന്നാകുന്നു. ഭക്തി എന്നതു് വിഭക്തിക്കു് വിരുദ്ധമായ അവസ്ഥയാണ്. വിഭക്തി എന്നാൽ വേർപെട്ടു നിൽക്കൽ. ഭക്തൻ തൻെറ ധ്യാനമൂർത്തിയിൽ നിന്നു് ഒരിക്കലും വേർപെടുന്നില്ല. അയാളുടെ ജീവിതവും ചിന്തയും ഇച്ഛയും ഇഷ്ടാനിഷ്ടങ്ങളും,

Digitized by Kerala Sahitya Akademi

എല്ലാം ഈശ്വരനിൽ തന്നെ സ്ഥിതി ചെയ്യുന്നു. അയാരം ഉച്ചരിക്കുന്ന ഓരോ വാക്കും ചിന്തിക്കുന്ന ചിന്തകളും ചെയ്യുന്ന കർമ്മങ്ങളും ഈശ്വരനിൽ നിന്നുതന്നെ ഉയരുന്നതാകുന്നു.

## 71. ഓം ശ്രീ ഭക്തജനഹൃദാലയായനമഃ

ബാബ ഒരിക്കൽ ഒരു കഥ പറയുകയുണ്ടായി. ഒരാരം മറെറാരാളോട് ചോദിച്ചു: ''ഏതാണ് ഏററവും മഹത്തും മാഹാത്മ്യമുള്ളതുമായ വസ്തു?'' ഭൂമി എന്നായിരുന്നു ഉത്തരം. പക്ഷേ ഭൂമിയുടെ മൂന്നിൽ രണ്ടു ഭാഗവും സമുദ്രമാണ്. സമുദ്രത്തെ സൂര്യൻ വററിക്കുന്നു. സൂര്യനാകട്ടെ, ആകാശത്തു നിൽക്കുന്ന ഒരു ഗോളം മാത്രം. ആകാശമോ, ത്രിവിക്രമനായി അവതരിച്ച മഹാവിഷ്ണുവിന്റെ ഒരു ചുവടുമാത്രംതാനും. ആ ത്രിവിക്രമൻ ഭക്തന്റെ ഹൃദയത്തിലിരിക്കുന്നു. അതുകൊണ്ടു് ഏററവും മഹത്തും മാഹാത്മ്യമുള്ളതുമായ വസ്തു ഭക്തന്റെ ഹൃദയമാകുന്നു. അതാണ് ബാബയുടെ ആലയം (വീട്). ''ഈശ്വരസ്സർവ്വഭൂതാനാം ഹൃദ്ദേശേർജ്ജുനതിഷ്ഠതി'' എന്നാണ് ഭഗവദ്ഗീത (18—61) പറയുന്നതു്. ഈശ്വരൻ എല്ലാ ജീവികളുടേയും ഹൃദയത്തിൽ സ്ഥിതി ചെയ്യുന്നു. അതുകൊണ്ടു് അവനവന്റെ ഉള്ളിൽത്തന്നെയാണ് ബാബയെ അന്വേഷിക്കേണ്ടതു്. ഹൃദയത്തെ ആവരണം ചെയ്യുന്ന മാലിന്യങ്ങളെല്ലാം നീക്കി അതിനെ ശുദ്ധമാക്കിയാൽ, ആ അത്ഭുതപ്രകാശം ദൃശ്യമാകും.

## 72. ഓം ശ്രീ ഭക്തജനപരാധീനായനമഃ

ബാബ ഭക്തന്മാർക്കു് പരാധീനനാണ്. അവരുടെ അടിമയാണ്. തന്റെ 20—ാമത്തെ വയസ്സിൽ അവിടുന്ന് പറഞ്ഞു ''നിയമനിഷ്ഠയോടുകൂടി എന്നെ ആരാധിക്കുന്നവരുടെ സഹായത്തിനെത്തും, എത്താതിരിക്കുകയില്ല—ഇതാണ് എന്റെ [illegible].'' ''ആത്മനിയന്ത്രണത്തോടു കൂടി ജപം, ധ്യാനം തുടങ്ങിയ സാധനകരം അനുഷ്ഠിച്ച്, ബാബയെ പതിവായി ഭജിച്ചാൽ അവിടുന്ന് നമുക്കു് വിധേയനാകും. യഥാർത്ഥമായ ഭക്തിയാണ് ആവശ്യം. അതുകൊണ്ടു് മാത്രമേ ബാബയെ വേർപിരിയാത്തവണ്ണം നമ്മോടു ബന്ധിക്കുവാൻ കഴിയൂ.

Digitized by Kerala Sahitya Akademi

## 73. ഓം ശ്രീ ഭക്തിജ്ഞാനപ്രദീപായനമഃ

ഈ നാമത്തിൽ ബാബയെ ഭക്തിയേയും ജ്ഞാനത്തേയും പ്രകാശിപ്പിക്കുന്നവനായി, അവയുടെ പ്രദീപമായി, വിളക്കായി ധ്യാനിക്കുന്നു. അവിടുന്നു പറയാറുണ്ട്: ''നിങ്ങളെ അസത്യവാദികൾ എന്ന് വിളിച്ചാൽ നിങ്ങൾ പരിഭവിക്കുന്നു. കാരണം നിങ്ങളുടെ സാക്ഷാൽ സ്വരൂപം സത്യമാകുന്നു. വിരൂപികളെന്ന് വിളിച്ചാലും പരിഭവിക്കും. എന്തെന്നാൽ സൗന്ദര്യം നിങ്ങളുടെ യഥാർത്ഥ ലക്ഷണമാണ്. അതുപോലെ ദോഷമുള്ളവരെന്നു പറയുന്നതും തെറ്റാണ്. നന്മയാണ് മനുഷ്യന്റെ യഥാർത്ഥ സ്വഭാവം.'' സത്യം ശിവം (നന്മ) സുന്ദരം എന്ന സങ്കല്പത്തിന്റെ അടിസ്ഥാനം ഇതാണ്. ഇവയുടെ ഇരിപ്പിടമാണ് ഈശ്വരൻ. ആ ചൈതന്യത്തിൽ നിന്നാണ് നാം ഓരോരുത്തരും ആവിർഭവിച്ചിട്ടുള്ളതു്. ''ഞാൻ ആരാണ്?'' ''ഞാൻ എവിടെ നിന്നുവന്നു?'' ''എന്തിനു്?'', ''എന്റെ ലക്ഷ്യമെന്തു്?'' എന്നീ ചോദ്യങ്ങൾ ചോദിക്കണമെന്നും അവക്കു ഉത്തരം കണ്ടുപിടിക്കാൻ ശ്രമിക്കണമെന്നും ബാബ നിർബന്ധിക്കാറുണ്ട്. അവ ആദ്ധ്യാത്മിക ജ്ഞാനത്തിന്റെ അടിസ്ഥാനങ്ങളാകുന്നു. ഭക്തിയോടുകൂടി അന്വേഷണം നടത്തി പരമമായ ജ്ഞാനം നേടുവാനാണ് നാം ശ്രമിക്കേണ്ടതു്.

## 74. ഓം ശ്രീ ഭക്തിജ്ഞാനപ്രദായനമഃ

ബാബ ഭക്തിയും ജ്ഞാനവും നൽകുന്നവനാണ്. കർമ്മമാർഗ്ഗത്തിലൂടെ ഭക്തിയിലും, ഭക്തിമാർഗ്ഗത്തിലൂടെ ജ്ഞാനത്തിലും ചെന്നെത്താമെന്നാണ് അവിടുന്നു പറയുന്നതു്. ഈ തീർത്ഥയാത്രയിൽ ബാബ നമുക്കു് വഴി കാട്ടുന്നു. നമ്മുടെ കൈപിടിച്ച് അവിടുന്ന് നടത്തിക്കൊണ്ടു പോകുന്നു. ഓരോ ചുവടും മുമ്പു കഴിഞ്ഞതിനേക്കാൾ എളുപ്പമുള്ളതായി തീരുന്നു. അവിടുന്ന് പ്രതിബന്ധങ്ങൾ നീക്കുക മാത്രമല്ല, എല്ലാ സംരക്ഷണങ്ങളും നൽകുകയും ചെയ്യുന്നു. ബാബ തന്റെ 16-ാമത്തെ വയസ്സിൽ വൃദ്ധനായ ദിഗംബര സ്വാമിയോട് പറഞ്ഞു. അദ്ദേഹം ഏകാഗ്രമായ തപസ്സ് അനുഷ്ഠിക്കുകയാണെങ്കിൽ ഹിമാലയത്തിലോ വമ്പിച്ച അരണ്യമദ്ധ്യത്തിലോ എവിടെയായാലും താൻ ആഹാരവും പാർപ്പിടവും നൽകുമെന്ന്— ഈശ്വരസാക്ഷാൽക്കാരം സിദ്ധിക്കുന്നതുവരെ എഴുപതു വയസ്സായ സച്ചിദാനന്ദസ്വാമിക്കും ബാബ ഈ ഉറപ്പു കൊടുക്കുകയുണ്ടായി.

Digitized by Kerala Sahitya Akademi

## 75. ഓം ശ്രീ സുജ്ഞാനമാർഗ്ഗദർശകായനമഃ

സുജ്ഞാനം—ശരിയായജ്ഞാനം. മാർഗ്ഗദർശകൻ—വഴികാട്ടി. അദ്ധ്യാത്മജ്ഞാനമാണ് ശരിയായ ജ്ഞാനം. അതിലേയ്ക്കുള്ള വഴി കാട്ടിയാണ് ബാബ. അവിടുന്ന് സ്ഥാപിച്ച ''പ്രശാന്തി വിദ്വന്മഹാസഭ'' മനുഷ്യരാശിക്ക് മാർഗ്ഗദർശനം നൽകിക്കൊണ്ട് ഇന്ത്യയിൽ മുഴുവനും പ്രവർത്തിച്ചുവരുന്നു. അവിടുത്തെ ആഭിമുഖ്യത്തിൽ പ്രസിദ്ധപ്പെടുത്തുന്ന ''സനാതന സാരഥി'' എന്ന മാസികാ പത്രം വഴി പലഭാഷകളിലൂടെയും ബാബയുടെ സന്ദേശം പ്രചരിച്ചുകൊണ്ടിരിക്കുന്നു. പ്രശാന്തി നിലയത്തിലും മറ്റു സ്ഥലങ്ങളിലുംവെച്ച് അവിടുന്നു നൽകുന്ന അഭിമുഖ സന്ദർശനങ്ങളുടെ ഉദ്ദേശവും ഭക്തന്മാർക്ക് നേർവഴി കാണിച്ചു കൊടുക്കുക എന്നതാകുന്നു.

## 76. ഓം ശ്രീ ജ്ഞാനസ്വരൂപായ നമഃ

ബാബ പരമമായ ജ്ഞാനത്തിലേക്കും അദ്ധ്യാത്മ സാക്ഷാൽകാരത്തിലേക്കും ഉള്ള വഴികാട്ടി മാത്രമല്ല. ജ്ഞാനസ്വരൂപനുമാകുന്നു. കുട്ടിക്കാലത്തുതന്നെ അവിടുത്തെ കൂട്ടുകാരായ കുട്ടികൾ ബാബയെ ഗുരുവായിക്കരുതിയിരുന്നു. സ്കൂളിൽ പഠിക്കുമ്പോൾ അവിടുത്തേക്ക് തന്റെ അദ്ധ്യാപകരെക്കാൾ കൂടുതൽ അറിവുണ്ടായിരുന്നു എന്ന വസ്തുത എല്ലാവരും അംഗീകരിച്ചിട്ടുള്ളതാണ്. 5—ാംഫാറത്തിൽ പഠിക്കുമ്പോഴാണ് ബാബ തന്റെ പാഠപുസ്തകങ്ങൾ വലിച്ചെറിഞ്ഞ് ഗുരുസ്ഥാനം സ്വീകരിച്ചത്. അതിനുശേഷം അവിടുത്തേയ്ക്കു യാതൊരു അദ്ധ്യയനവും സിദ്ധിച്ചിട്ടില്ലാ. എന്നു വരികിലും ബാബയുടെ സംഭാഷണങ്ങളും, ലേഖനങ്ങളും, പ്രസംഗങ്ങളും അത്യഗാധമായ ജ്ഞാന—വിജ്ഞാനങ്ങൾ ഉൾക്കൊള്ളുന്നവയായി നാം കാണുന്നു. ഒരു ജ്ഞാന സ്വരൂപനുമാത്രം കൈവരുന്ന സിദ്ധിയാണിത്. പ്രശാന്തി വിദ്വന്മഹാസഭയുടെ സമ്മേളനങ്ങളിൽ മഹാപണ്ഡിതന്മാരെപ്പോലും വിഷമിപ്പിക്കുന്ന സംശയങ്ങൾക്ക് ബാബ ഇന്നും സമാധാനം നൽകാറുണ്ട്.

Digitized by Kerala Sahitya Akademi

## 77. ഓം ശ്രീ ഗീതാബോധകായ നമഃ

''അനശ്വരമായ ഈ യോഗശാസ്ത്രത്തെ ഞാൻ ആദ്യം സൂര്യ്യനായിക്കൊണ്ട് ഉപദേശിച്ചു. സൂര്യ്യൻ സ്വപുത്രനായ വൈവസ്വത മനുവിനു് അതു് ഉപദേശിച്ചു കൊടുത്തു. മനു തൻെറ പുത്രനായ ഇക്ഷ്വാകുവിനു് ഉപദേശിച്ചു. ഇങ്ങിനെ പരമ്പരയായി കിട്ടിയ ഈ അത്ഭുതജ്ഞാനം രാജർഷികരം അറിഞ്ഞിരുന്നു'' എന്നാണു് ഭഗവാൻ ഗീതയിൽ പറയുന്നതു്. അതിരഹസ്യമായ ഈ ജ്ഞാനം കുരുക്ഷേത്രത്തിലെ പോർക്കളത്തിൽ വച്ചു് ശ്രീകൃഷ്ണൻ അർജ്ജുനനു് ഉപദേശിച്ചുകൊടുത്തു. അന്നു് ഭഗവാൻ പാർത്ഥസാരഥിയായിരുന്നു. ഇന്നാകട്ടെ അവിടുന്നു് സനാതന സാരഥി (എന്നെന്നുമുള്ള തേരാളി)യായി വന്നിരിക്കുകയാണു്. അർജ്ജുനൻ ചെയ്തതു് പോലെ, ''ഞാൻ അവിടുത്തെ ശിഷ്യനാണു്. ഞാൻ സർവ്വവും അവിടുത്തെ പാദത്തിൽ സമർപ്പിക്കുന്നു. എന്നെ ഇരുട്ടിൽ നിന്നു് വെളിച്ചത്തിലേക്കു് നയിച്ചാലും'' എന്നു് പ്രാർത്ഥിച്ചാൽ ഈ തേരാളിയും നമുക്കു് പരമമായ ജ്ഞാനം പകർന്നുതരും. ജീവിതമാകുന്ന പോർക്കളത്തിൽ, നമ്മുടെ ഹൃദയത്തിൽ ഇരുന്നുകൊണ്ടു് അവിടുന്നു് ശരീരമാകുന്ന തേരു് തെളിക്കുകയാണു്.

## 78. ഓം ശ്രീ ജ്ഞാനസിദ്ധിദായ നമഃ

ബാബ ജ്ഞാനസിദ്ധി നൽകുന്നവനാണു്. പരമമായ തത്ത്വത്തെ അറിയുവാനുള്ള ആകാംക്ഷ നമ്മുടെ ഉള്ളിൽ ജനിപ്പിച്ചതിനു് ശേഷം അവിടുന്നു്, ആ ജ്ഞാനത്തെ പ്രാപിക്കുന്നതിനും, അതുമൂലമുള്ള അനുഗ്രഹങ്ങരം കൈവരുത്തുന്നതിനുമുള്ള മാർഗ്ഗം കാണിച്ചുതന്നു്, അതിലൂടെ നമ്മെ മുന്നോട്ടു നയിക്കുന്നു. ശിഷ്യവത്സലനായ ഒരു ഗുരുവായി അവിടുന്നു നമ്മെ അനുഗമിക്കുന്നു. അവസാനഘട്ടത്തിൽ മാത്രമെ അവിടുന്നു തൻെറ യഥാർത്ഥരൂപം പ്രത്യക്ഷപ്പെടുത്തുകയുള്ളു. ബാബയുടെ പ്രഭാഷണങ്ങരം കേരംക്കുന്നവർക്കു് ഭൗതികമായ വസ്തുക്കളിലും ആകർഷണങ്ങളിലും വിരക്തിയുണ്ടാകുന്നതു് ഒരു സാധാരണ അനുഭവമാണു്. അതിൻെറ ഫലു

Digitized by Kerala Sahitya Akademi

മായിട്ടാണ് പലരും അവിടുത്തെ കാലടികളെ പിൻതുടർന്ന് ജ്ഞാനസിദ്ധിയിലെത്തുവാൻ ശ്രമിക്കുന്നതു്. അസത്തിൽ നിന്ന് സത്തിലേക്കും (മായാമയമായതിൽ നിന്ന് നാശമില്ലാത്ത ഉണ്മയിലേക്കും) ഇരുട്ടിൽ നിന്നു വെളിച്ചത്തിലേക്കും, മരണത്തിൽ നിന്ന് അമൃതത്തിലേക്കും (നിത്യതയിലേയ്ക്കും) ഉള്ള തീർത്ഥയാത്രയാണതു്. ''സനാതന സാരഥി'' ആരംഭിച്ചപ്പോൾ ബാബ താഴെ പറയുന്ന സന്ദേശം നൽകുകയുണ്ടായി ''ഇന്ന് 'സനാതന സാരഥി' സ്വാർത്ഥത്തിന്റെ കിങ്കരഗണങ്ങളായ അസത്യം, അനീതി, ഖലത്വം, തിന്മ എന്നിവയുടെ നേർക്കുള്ള സമരം ആരംഭിക്കുന്നു. വേദങ്ങളും ഉപനിഷത്തുകളും ശാസ്ത്രങ്ങളുമാണ് അതിന്റെ സൈന്യം. ലോകക്ഷേമമാണ് ലക്ഷ്യം. വിജയത്തിന്റെ പെരുമ്പറ മുഴങ്ങുമ്പോൾ മനുഷ്യരാശി സുഖവും ശാന്തിയും നേടും''.

## 79. ഓം ശ്രീ സുന്ദരരൂപായ നമഃ

ബാബയുടെ വ്യക്തിത്വത്തിൽ സവിശേഷമായ ഒരു സൌന്ദര്യം ദർശനീയമാണ്. അത്ഭുതകരമായ ആ കേശഭാരം ദിവ്യത്വത്തെ സൂചിപ്പിക്കുന്നു. അവിടുത്തെ കണ്ണുകളിൽ കൃപാരസം തുളുമ്പുന്നു. അവയിൽ ആത്മജ്യോതിസ്സിന്റെ തിളക്കം എപ്പോഴും കാണാം. മുഖത്തിന്റെ ദീപ്തി അവർണ്ണനീയമാണ്. മധുനിഷ്യന്ദിയും കരുണാപൂർണ്ണവുമായ സംഭാഷണംകൊണ്ട് അവിടുന്ന് നമ്മുടെ ഹൃദയം കവരുന്നു. ഭാഗവതം പഠിച്ചിട്ടുള്ളവർക്ക് ശ്യാമസുന്ദരനായ ശ്രീകൃഷ്ണന്റെ വിഗ്രഹമാണ് ബാബയെ കാണുമ്പോൾ ഓർമ്മയിൽ വരുന്നതു്. പലപ്പോഴും ബാബയുടെ ഫോട്ടോ എടുത്തു കഴിയുമ്പോൾ അതിൽ അവിടുത്തെ ശിരസ്സിനും ശരീരത്തിനു് ചുററുമായി ഒരു പ്രഭാ പരിവേഷം കാണാറുണ്ട്. ബാബയുടെ ദർശനം എത്ര ലഭിച്ചാലും ആളുകൾക്ക് തൃപ്തിവരാറില്ല. എത്രയോ മണിക്കൂറുനേരം അവിടുത്തെ സന്നിധിയിൽ ഭക്തജനങ്ങൾ ആനന്ദതുന്ദിലരായി ഇരിക്കുന്നതു കാണാം. ദിവ്യ സൗന്ദര്യത്തിന്റെ വശീകരണശക്തിയാണതു്.

Digitized by Kerala Sahitya Akademi

## 80. ഓം ശ്രീ പുണ്യപുരുഷായ നമഃ

പുണ്യം എന്നതു് പാപം എന്നതിൻെറ എതിരായ അർത്ഥമുള്ള വാക്കാണു്. അതു് സൽപ്രവൃത്തികളെയും ശ്രേഷ്ഠഭാവങ്ങളെയും സൂചിപ്പിക്കുന്നു. ബാബ ഈ നന്മകളുടെയെല്ലാം മൂർത്തിയാകുന്നു. നാമവും രൂപവും അന്യോന്യം വേർപെടുത്തുവാൻ കഴിയാത്തവയാണു്. നാമം സ്മരിക്കുമ്പോൾ രൂപവും മനോനേത്രങ്ങൾ കാണുന്നു. ബാബയുടെ നാമം ഉച്ചരിക്കുമ്പോൾ അവിടുത്തെ പുണ്യ പുരുഷരൂപവും നമ്മുടെ അന്തർ നേത്രങ്ങൾക്കു് ഗോചരീഭവിക്കുന്നു. ഈ അനുഭവം മനസ്സിനെ ശുദ്ധീകരിക്കുന്നതാണു്. നാമജപത്തിൻെറ മാഹാത്മ്യം അനുഭവിച്ചുതന്നെ അറിയേണ്ടതാണു്. മനസ്സിനെ ഏകാഗ്രമാക്കി ബാബയുടെ രൂപം സങ്കല്പിച്ചു് അതിൽ ശ്രദ്ധയെ കേന്ദ്രീകരിക്കുന്നതാണു് ധ്യാനം. മനസ്സുകൊണ്ടുള്ള ഒരു ചിത്രരചനയാണതു്. അതിൻെറ ഫലമായി ആ പുണ്യപുരുഷനിലുള്ള സത്യവും സൗന്ദര്യവും ആനന്ദവും നമ്മുടെ ഹൃദയത്തിൽ നിറയുന്നതായി അനുഭവപ്പെടും.

## 81. ഓം ശ്രീ ഫലപ്രദായ നമഃ

നമ്മുടെ പ്രാർത്ഥനയും യജ്ഞവും യാഗവും എല്ലാം ബാബ സ്വീകരിക്കുന്നു. അവയുടെ ഫലമാണു് ബാബയുടെ അനുഗ്രഹം. ഫലം തരുന്നവൻ എന്നാണു് ഈ നാമത്തിൻെറ അർത്ഥം. പരിപൂർണ്ണമായ വിശ്വാസത്തോടുകൂടി ബാബയെ വിളിച്ചു് അപേക്ഷിച്ചതുകൊണ്ടു് അനുക്ഷണ ഫലം സിദ്ധിച്ച കഥകൾ അസംഖ്യങ്ങളാണു്. അവിടുത്തെ കണ്ണും ചെവിയും ഭക്തജനങ്ങളുടെ അഭ്യർത്ഥനകൾ ശ്രദ്ധിച്ചുകൊണ്ടാണു് സദാസമയവും വർത്തിക്കുന്നതു്. അവിടുത്തെ തൃപ്പാദങ്ങൾ ഏതു് ആപത്തിലും അവരുടെ ആശ്രയസ്ഥാനമാണു്.

## 82. ഓം ശ്രീ പുരുഷോത്തമായ നമഃ

''ഒരു ശരീരത്തിൽ ജീവിക്കുന്നതു് പുരുഷൻ. എല്ലാ ശരീരങ്ങളിലും ജീവിക്കുന്നതു് പുരുഷോത്തമൻ'' എന്നാണു് ബാബയുടെ നിർവചനം. പുരുഷൻ വ്യഷ്ടിയും പുരുഷോത്തമൻ സമഷ്ടി

Digitized by Kerala Sahitya Akademi

യുമാകുന്നു. പുരുഷനെ വൃക്ഷത്തോടുപമിക്കാം; പുരുഷോത്തമനെ അരണ്യനോടും. ബാബ പുരുഷനും പുരുഷോത്തമനുമാണ്—ഒരേസമയത്തുതന്നെ നരാകാരനും നിരാകാരനും; അതായത് മനുഷ്യരൂപം പൂണ്ടവനും രൂപമില്ലാത്തവനും. ''സായീ എന്ന നാമം ഭൂമിയിൽ മുഴുവനും വ്യാപ്തമായിരിക്കുന്നു. അതില്ലാത്ത ഒരിഞ്ചു സ്ഥലംപോലുമില്ല. എന്റേതല്ലാത്ത ഒരു നാമവുമില്ല.'' ''മനുഷ്യസാധാരണമായ എന്റെ ശരീരവും സ്വഭാവങ്ങളും കണ്ട് തെററിദ്ധരിക്കാതെ, എന്നെ പുരുഷോത്തമനായി അറിയുന്നവൻ എല്ലാം അറിഞ്ഞവനാണ്. അവൻ തന്റെ സർവ്വസ്വവുംകൊണ്ട് എന്നെ ആരാധിക്കുന്നു'' എന്നു് ഗീതയിൽ ഭഗവാൻ അർജ്ജുനനോട് പറയുന്നു. ഈ ദർശനവും ഭാവനയും കൈവരുത്തുവാനാണ് നാം ശ്രമിക്കേണ്ടതു്.

## 83. ഓം ശ്രീ പുരാണപുരുഷായ നമഃ

പുരാണപുരുഷൻ—പണ്ടേയുള്ളവൻ. എല്ലാക്കൊല്ലവും നവംബർ മാസം 23—ാംനു ജന്മദിനാഘോഷങ്ങൾ നടക്കുമ്പോൾ ബാബ ഭക്തന്മാരോട് പറയാറുണ്ട്: ''നിങ്ങൾക്ക് എന്റെ പ്രായംകണക്കാക്കുവാൻ സാദ്ധ്യമല്ല; ഞാൻ കാലത്തിനു് അതീതനാണ്.'' ഈശ്വരചൈതന്യം സനാതനമാണ്—എന്നും ഉള്ളതാണ്. ബാബ ഈ ചൈതന്യമാകയാൽ, എന്നോ ഒരു ദിവസം പെട്ടെന്ന് ഉണ്ടായതാണെന്നും, ഇനി എന്നോ ഒരു ദിവസം ഇല്ലാതാകുമെന്നും പറയുന്നതിൽ അർത്ഥമില്ല. അങ്ങിനെ കാലദേശങ്ങളാൽ പരിച്ഛിന്നമല്ലാത്ത, സനാതനമായ, ശാശ്വതമായ ഉണ്മയായി കാണുമ്പോൾ മാത്രമേ അവിടുത്തെ മാഹാത്മ്യം മനസ്സിലാവുകയുള്ളൂ.

## 84. ഓം ശ്രീ അതീതായ നമഃ

അതീതൻ എന്നാൽ അതിരു കടന്നവൻ എന്നർത്ഥം. ഈശ്വരൻ എല്ലാ നിർവചനങ്ങളെയും അതിലംഘിച്ചു നില്ക്കുന്നു! പുരുഷ സൂക്തത്തിൽ പറയുന്നതുപോലെ, ഭൂമിയെയും പ്രപഞ്ചത്തെയും മാത്രമല്ല, നാം സങ്കല്പിക്കുന്ന സകലതിനെയും. ബാബയുടെ

Digitized by Kerala Sahitya Akademi

മാഹാത്മ്യം മനസ്സിലാക്കി എന്നു വിശ്വസിക്കുന്നവർക്കുപോലും പുതിയ പുതിയ അത്ഭുതങ്ങൾ കാണുമ്പോൾ അമ്പരപ്പുണ്ടാകുന്നു. അവിടുത്തെ തൃക്കൈകൊണ്ടു് ശൂന്യശൂന്യതയിൽ നിന്നു് വിഭൂതി ആവാഹിച്ചെടുക്കുന്നതു് നാം ദിവസവും കാണുന്ന വൈഭവമാണു്. അതു മറ്റുള്ളവരെ വഞ്ചിച്ചു കോംപ്പിക്കാനും നമുക്കു കഴിഞ്ഞേക്കും. പക്ഷെ ദൂരദിക്കുകളിൽ പൂജിക്കപ്പെടുന്ന ചിത്രങ്ങളിൽ നിന്നു് ഭസ്മവും കുങ്കുമവും ചന്ദനവും തേനും വീഴുന്നതു് വിഭാവനം ചെയ്യുന്നതുപോലും പ്രയാസമാണു്. പുട്ടപ്പർത്തിയിൽനിന്നു് 400 മൈൽ അകലെയുള്ള ശിർശി എന്ന സ്ഥലത്തു് സമ്മേളിച്ച ഭക്തസംഘം ബാബയുടെ സന്ദേശത്തിനു് അപേക്ഷിച്ചുകൊണ്ടു് കമ്പിയടിച്ചപ്പോൾ, സമ്മേളന സ്ഥലത്തു് സജ്ജമാക്കിയിരുന്ന അഗ്രാസനത്തിൽ രണ്ടു ഭാഗത്തു് ''ഓം'' എന്ന അക്ഷരം എല്ലാവർക്കും കാണത്തക്കപോലെ ആവിർഭവിച്ചു. ഇന്നും പ്രസ്തുത മുദ്രകൾ അവിടെ കാണാവുന്നതാണു്. ബോംബെയിൽ വച്ചു് ശിർദ്ദി ബാബയുടെ ആരാധകനായ ഒരു ഭക്തൻ സത്യസായി ബാബ നൽകിയ, വിഭൂതി, നാക്കിൽ ഇട്ടു് ഇറക്കുന്നതു് ശരിയായിരിക്കുമോ എന്നു് സംശയിച്ചു നിന്നപ്പോൾ, മുമ്പിലിരുന്ന സത്യസായീ ചിത്രത്തിൽ നിന്നു് മിന്നലുപോലെ ഒരു പ്രകാശം ഉണ്ടാവുകയും സംശയമെല്ലാം നീങ്ങുകയും ചെയ്തു.

## 85. ഓം ശ്രീ കാലാതീതായ നമഃ

കാലാതീതൻ എന്നാൽ കാലത്തെ അതിലംഘിച്ചവൻ കാലത്താൽ ബന്ധിക്കപ്പെടാത്തവൻ; എന്നർത്ഥം. ദേശകാലങ്ങൾ സാധാരണ മനുഷ്യരുടെ ജീവിതത്തിനു് അതിർത്തിയിടുന്നു. ബാബയുടെ ജീവിതം അങ്ങിനെയുള്ളതല്ല. അതു ദേശകാലങ്ങളാൽ അപരിച്ഛിന്നമാണു്. പ്രായംകൊണ്ടു് തന്റെ ശരീരം അവശമാവുകയില്ലെന്നും, തന്റെ കർത്തവ്യം സാധിച്ചുകഴിഞ്ഞു എന്നു തോന്നുമ്പോൾ താൻ അതിനെ ഉപേക്ഷിക്കുമെന്നും അവിടുന്നു പറഞ്ഞിട്ടുണ്ടു്. വിഷ്ണു സഹസ്രനാമത്തിൽ ഈശ്വരൻ അജനും (ജനിക്കാത്തവനും) അമൃതനും (മരിക്കാത്തവനും) ആണെന്നു പറയുന്നു. ബാബക്കു് ഒരു ദിക്കിൽ നിന്നു് മറ്റൊരു ദിക്കിലെത്തുവാൻ സമയം

Digitized by Kerala Sahitya Akademi

വേണ്ട. ഒരേസമയത്തുതന്നെ അദ്ദേഹം രണ്ടു സ്ഥലത്ത് കാണപ്പെടുന്നു. 1964 ഡിസംബർ മാസത്തിൽ അവിടുന്നു ആന്ധ്രപ്രദേശത്തുള്ള വെങ്കിടഗിരിയിലും, കേരളത്തിലെ മഞ്ചേരിയിലും ഒരേസമയത്ത് കാണപ്പെട്ടതായി തെളിഞ്ഞിട്ടുണ്ട്. ഇതെല്ലാം സാധിക്കുന്നതിന് അവിടുത്തെ ഇച്ഛമാത്രമെ ആവശ്യമുള്ളൂ.

## 86. ഓം ശ്രീ സിദ്ധിരൂപായ നമഃ

സിദ്ധി എന്ന വാക്കിന് ഒരു സാമാന്യ അർത്ഥവും ഒരു സാങ്കേതിക അർത്ഥവുമുണ്ട്. സാമാന്യമായി അതിന്റെ അർത്ഥം നേട്ടം, വിജയം, പൂർണ്ണത, ഐശ്വര്യം എന്നൊക്കെയാണ്. ഈ അർത്ഥത്തിലും ബാബ സിദ്ധിരൂപനാണ്. അവിടുന്ന് ഇച്ഛിക്കുന്നത് നടക്കും; നടന്നേ കഴിയൂ. കാര്യങ്ങൾ സാധിക്കുവാനുള്ള കഴിവിന്റെ മൂർത്തിമൽ ഭാവമല്ലാതെ മറെറന്താണിത്? അതുകൊണ്ട് സിദ്ധിരൂപൻ എന്ന നാമം അന്വർത്ഥമാണ്. സാങ്കേതികമായ അർത്ഥത്തിൽ, സിദ്ധി എന്ന പദം അഷ്ടസിദ്ധികളെ കുറിക്കുന്നു. അണിമ, മഹിമ, തുടങ്ങിയുള്ള അമാനുഷ വൈഭവങ്ങളാണിവ. പാമരന്മാരായ ആളുകൾ ബാബ ഒരു സിദ്ധനാണെന്നു പറയാറുണ്ട്—അതായത് യോഗാഭ്യാസങ്ങൾകൊണ്ട് അഷ്ടസിദ്ധികൾ നേടിയ ആൾ. പക്ഷേ ബാബയുടെ കാര്യത്തിൽ ഈ വൈഭവങ്ങൾ അഭ്യാസംകൊണ്ടു നേടിയവയല്ല; ആജന്മസിദ്ധികളാണ്. കൊച്ചുകുട്ടിയായിരുന്നപ്പോൾതന്നെ അവിടുത്തേയ്ക്ക് ഈ സിദ്ധികൾ സ്വാധീനമായിരുന്നു. അവ അവിടുത്തെ അവതാരത്തിന്റെ ലക്ഷണങ്ങളാണ്; ദിവ്യമായ വൈഭവങ്ങൾ. ദീർഘകാലത്തെ പ്രയത്നംകൊണ്ട് യോഗിവര്യന്മാരും അവധൂതന്മാരും സമാർജ്ജിക്കുന്ന അമാനുഷവൈഭവങ്ങളുമായി അവയെ കൂട്ടിക്കുഴക്കുന്നതു് തെററാണ്. മററു ചിലയാളുകൾ, ബുദ്ധിമാന്മാരെന്ന ഭാവത്തിൽ പറയാറുണ്ട്: ''ഇങ്ങിനെ അത്ഭുതങ്ങൾ പ്രകടിപ്പിച്ചു നടക്കുന്നതുകൊണ്ട് ബാബയുടെ ആദ്ധ്യാത്മികമായ ഉൽക്കർഷത്തിന് തടസ്സം ഉണ്ടാകുമെന്നു!'' ഇതു കേട്ടാൽ തോന്നും, ബാബ ഒരു സാധകനോ, യോഗവിദ്യ അഭ്യസിക്കുന്നവനോ ആണെന്ന്! സകല സിദ്ധികളുടെയും ഉറവിടവും ലക്ഷ്യവുമായ അവിടുത്തെ യഥാർത്ഥ സ്വരൂപത്തെ മനസ്സിലാക്കാത്തതിന്റെ ഫലമാണിതു്.

Digitized by Kerala Sahitya Akademi

## 87. ഓം ശ്രീ സിദ്ധസങ്കല്പായ നമഃ

സിദ്ധസങ്കല്പൻ എന്നാൽ സങ്കല്പിക്കുന്നതു്, മനസ്സുകൊണ്ടു് നിശ്ചയിക്കുന്നതു്, ഇച്ഛിക്കുന്നതു്, നേടുന്നവൻ എന്നർത്ഥം. ബാബ എന്തു് ഇച്ഛിക്കുന്നുവോ അതു് നടക്കുന്നു. അതു ഘോഷമോ, കോലാഹലമോ ഇല്ലാതെയാണു് സംഭവിക്കുന്നതു്—ശാന്തമായി, നിശ്ശബ്ദമായി, പനിനീർ ചെമ്പകത്തിൽ മഞ്ഞുതുള്ളി വീഴുന്നതുപോലെ മൃദുവായി. ഇച്ഛിക്കുന്നതിനും സംഭവിക്കുന്നതിനും ഇടയ്ക്കു് നേരനീക്കമില്ല. വെടിവെച്ചു് ആത്മഹത്യക്കൊരുങ്ങിയ ആളിനോടു് ''അരുതു്'' എന്നു് ആജ്ഞാപിച്ച സംഭവം ഇതിനു് തെളിവാകുന്നു. അയാളുടെ വിരൽ കൈത്തോക്കിൻെറ കാഞ്ചിയിൽ വെച്ചതാണു്. പക്ഷെ വെടി പൊട്ടിയില്ല. സുപ്രസിദ്ധ വയലിൻ വായനക്കാരനായിരുന്ന ചൗധയ്യയ്ക്കു് ഒരു സ്വർണ്ണമുദ്ര കൊടുക്കുവാൻ ബാബ നിശ്ചയിച്ചു. അതു് അവിടുത്തെ കൈത്തലത്തിൽ എത്തുകയും ചെയ്തു. ഉടനെ തോന്നി അതിന്മേൽ ഒരു കുറിപ്പു വേണമെന്നു്. ഉടനെ കൈത്തലം ചുരുണ്ടു. മൂന്നുവരിയിൽ മനോഹരമായി കൊത്തിയ കുറിപ്പു് മുദ്രയിൽ പ്രത്യക്ഷമാവുകയും ചെയ്തു. മനുഷ്യൻെറ പരിണാമ ചരിത്രത്തെക്കുറിച്ചു സംസാരിച്ചുകൊണ്ടിരുന്ന ഒരു നരവംശ ശാസ്ത്രജ്ഞനോടു് ബാബ വാലും രോമാവരണവും ഇല്ലാത്തതും മരക്കൊമ്പുകളിൽ ജീവിക്കുന്നതുമായ വാനരജാതിയെക്കുറിച്ചു് പറയുവാനിടയായി. അത്തരം വാനരജാതി ഉണ്ടായിരുന്നുവോ എന്ന കാര്യത്തിൽ ശാസ്ത്രജ്ഞൻ സംശയം പ്രകടിപ്പിച്ചപ്പോൾ ബാബ അതിൻെറ ഒരു ചെറിയ വിഗ്രഹം ശൂദ്ധശൂന്യതയിൽ നിന്നു് ക്ഷണേന നിർമ്മിച്ചു കൊടുത്തു.

## 88. ഓം ശ്രീ ആരോഗ്യപ്രദായ നമഃ

ആരോഗ്യം രോഗമില്ലാത്ത അവസ്ഥയാണു്. ''യുക്താഹാരവിഹാരം'' എന്നു് ഭഗവത്ഗീതയിൽ പറയുന്നതുപോലെ, മിതമായ അളവിൽ ആഹാരം കഴിക്കുകയും നിർമ്മലമായ അളവിൽ മിതവിഹാരം ചെയ്യുകയും ആണു് ആരോഗ്യത്തിൻെറ രഹ

Digitized by Kerala Sahitya Akademi

സ്യം. അനിയന്ത്രിതമായ ഭോഗലാലസയിൽനിന്ന് ഇന്ദ്രിയങ്ങളെ മനശ്ശക്തികൊണ്ട് പിൻവലിക്കേണ്ടതു് ആരോഗ്യപാലനത്തിന് ആവശ്യമാകുന്നു. നാമസങ്കീർത്തനവും രൂപധ്യാനവുമാണ് ഇതിന്നായി ബാബ ഉപദേശിക്കുന്നതു്. ബാബയുടെ പ്രഭാഷണങ്ങൾ ശരീരത്തിൻെറയും മനസ്സിൻെറയും ആരോഗ്യം സംരക്ഷിക്കുന്നതിന് സഹായിക്കുന്ന സിദ്ധൗഷധങ്ങളാകുന്നു. അതിൽ ഒരു വാക്കുപോലും വിട്ടുകളയരുതെന്ന് അവിടുന്നു പറയാറുണ്ട്. മനശ്ശാന്തിക്ക് (ആരോഗ്യം ലഭിക്കുന്നതിന് ഇതു് അത്യന്താപേക്ഷിതമാകുന്നു) വിരക്തിയും മനുഷ്യനെയും ഈശ്വരനെയും സേവിക്കുന്നതിൽ നിഷ്ഠയും പുലർത്തണമെന്ന് ബാബ ഉപദേശിക്കുന്നു. ഇപ്പറഞ്ഞ സേവനങ്ങൾ രണ്ടും യഥാർത്ഥത്തിൽ ഒന്നുതന്നെയാണ്.

## 89. ഓം ശ്രീ അന്നവസ്ത്രദായ നമഃ

എൻെറ ഭക്തന്മാരുടെ വസതികളിൽ അന്നത്തിനും വസ്ത്രത്തിനും ക്ഷാമമുണ്ടാകുകയില്ല എന്ന് ശിർദ്ദിയിൽ വെച്ച് ബാബ പ്രഖ്യാപിച്ചിട്ടുണ്ട്. ആവശ്യക്കാർക്ക് ഇവരണ്ടും നൽകുന്നതിൽ ബാബ ആഹ്ലാദിക്കുന്നു. ഈ സേവനം എങ്ങിനെയാണ് അനുഷ്ഠിക്കേണ്ടതെന്നും ബാബ കാണിച്ചുതരുന്നു. സ്നേഹവായ്പോടും അനുഗ്രഹ ബുദ്ധിയോടും കൂടി, യാതൊരു വിധമായ ഉൽഘോഷണവും കൂടാതെയാണ് അവിടുന്ന് ഈ പാരിതോഷികങ്ങൾ നൽകുന്നതു്—ഭിക്ഷ കൊടുക്കുന്നതുപോലെയല്ല. അതിന്നു പാത്രമാകുന്നവരെക്കുറിച്ച് ''നിങ്ങളുടെ ബന്ധുക്കൾ'' എന്നാണ് ബാബ മററുള്ളവരോട് പറയാറുള്ളതു്. ഈ നാമത്തിന് ഗഹനമായ മററ് അർത്ഥവുമുണ്ട്. ബാബ എല്ലാ ജീവികളെയും പുലർത്തുന്നവനാണ്. ഈശ്വരൻെറ നാമം ഭക്തിപൂർവ്വം ഉച്ചരിക്കുകയും വിവേകവും വൈരാഗ്യവും വളർത്തുവാൻ ആത്മാർത്ഥമായി ശ്രമിക്കുകയും ചെയ്യുന്ന ഭവനങ്ങളിൽ കഷ്ടപ്പാടുകൾ എത്തിനോക്കുവാൻ പോലും താൻ അനുവദിക്കുകയില്ലെന്ന് ബാബ പറഞ്ഞിട്ടുണ്ട്. അന്നവസ്ത്രങ്ങൾ ഈ സംരക്ഷണ കർമ്മത്തിൻെറ പ്രതീകങ്ങളാകുന്നു. അന്നം ആരോഗ്യത്തെയും വസ്ത്രം അഭിമാനത്തെയും സൂചിപ്പിക്കുന്നു.

Digitized by Kerala Sahitya Akademi

## 90. ഓം ശ്രീ സംസാരദുഃഖക്ഷയകരായ നമഃ

വൃദ്ധിക്ഷയങ്ങളും, ജനനമരണങ്ങളും കൊണ്ടു്, ജടിലമായി, അനന്തമായി മുന്നോട്ടു നീങ്ങിക്കൊണ്ടിരിക്കുന്ന ഈ പ്രപഞ്ചമാണു് സംസാരം. അതിൽ അകപ്പെട്ടു കിടക്കുന്ന മനുഷ്യാത്മാക്കൾക്കു് ദുഃഖം അനിവാര്യമായ അനുഭവമാകുന്നു. ഈ ദുഃഖത്തെ ക്ഷയിപ്പിക്കുക എന്നതാണു് ബാബയുടെ കർത്തവ്യം. പൂർവ്വകർമ്മങ്ങളുടെ ഫലമായിട്ടാണു് സംസാരദുഃഖം സംജാതമാകുന്നതു്. ആ കർമ്മങ്ങളുടെ അനന്തര ഫലങ്ങൾ നിർബ്ബന്ധപൂർവ്വം നമ്മെ പിൻതുടരുന്നു. അവയുടെ പിടിയിൽ നിന്നു് മോചനം നൽകുവാൻ ബാബയ്ക്കു കഴിയും. 'സ്പർശനം കർമ്മവിമോചനം' എന്നു് അവിടുന്നു പറഞ്ഞിട്ടുണ്ടു്. അവിടുത്തെ തൃച്ചേവടികൾ സ്പർശിച്ചാൽ പൂർവ്വകർമ്മബന്ധങ്ങളിൽ നിന്നു് നാം മുക്തരാകുന്നു. പിന്നെ വിവേകപൂർവ്വം ജീവിക്കുകയും സൽക്കർമ്മങ്ങൾ ചെയ്തും ധ്യാനിച്ചും അദ്ധ്യാത്മമാർഗ്ഗത്തിലൂടെ സഞ്ചരിക്കുകയും ചെയ്താൽ നിത്യമുക്തി ലഭിക്കുമെന്നുള്ളതു് നിശ്ചയമാകുന്നു.

## 91. ഓം ശ്രീ സർവ്വാഭീഷ്ടപ്രദായ നമഃ

അഭീഷ്ടങ്ങൾ—ആഗ്രഹിക്കുന്ന കാര്യങ്ങൾ. ഭക്തന്മാർ ആഗ്രഹിക്കുന്ന എല്ലാ കാര്യങ്ങളും ബാബ നൽകുന്നു. അന്നവസ്ത്രങ്ങൾ മുതൽ, ഭവനവും ആരോഗ്യവും ആനന്ദവും ദിവ്യദർശനവും അദ്ധ്യാത്മ സാക്ഷാൽക്കാരവും എല്ലാം നൽകുവാൻ അവിടുത്തേയ്ക്കു് കഴിവുണ്ടു്. ''നിങ്ങളിൽ ഭക്തിയും ശിക്ഷണബോധവും ആത്മസംയമവും ജനിപ്പിച്ചു് നിങ്ങളെ എന്നിലേയ്ക്കു് ആകർഷിക്കുവാനാണു് ഞാൻ ശ്രമിക്കുന്നതു്. വാക്കിലും പ്രവൃത്തിയിലും മനോവൃത്തികളിലും സംയമശീലം വരേണ്ടിയിരിക്കുന്നു. എങ്കിൽ മാത്രമെ നിങ്ങൾക്കു് നിങ്ങളിൽ തന്നെയുള്ള ദിവ്യചൈതന്യത്തെ സാക്ഷാത്കരിക്കുവാൻ സാധിക്കുകയുള്ളൂ.'' ഭജനയും കീർത്തനവും ജപവും ധ്യാനവും പതിവായി അനുഷ്ഠിച്ചാൽ ദോഷങ്ങൾ നീങ്ങിപ്പോകും. അവനവന്റെ അന്തരംഗത്തിൽ കുടികൊള്ളുന്ന പരമാത്മ ചൈതന്യത്തെ അനുഭൂതിയിൽ കണ്ടെത്തുക എന്നുള്ളതാണു് ഏററവും വലിയ അഭീഷ്ടം. അതു നൽകുന്നതിനു് വേണ്ടിയാണു് പുത്രവത്സലയായ അമ്മയെപ്പോലെ ബാബ നമ്മെ തന്നിലേയ്ക്കു് ആകർഷിക്കുന്നതു്.

Digitized by Kerala Sahitya Akademi

## 92. ഓം ശ്രീ കല്യാണഗുണായ നമഃ

നിർഗ്ഗുണമായ ബ്രഹ്മതത്ത്വം പലതായിത്തീരുന്നതാണ് പ്രപഞ്ചസൃഷ്ടി. ഈ പ്രക്രിയമൂലം ഗുണങ്ങൾ ഉണ്ടാകുന്നു. ദിവ്യചൈതന്യം, ബാബയുടെ കാര്യത്തിലെന്നപോലെ, മനുഷ്യരൂപം കൈക്കൊണ്ടു് പ്രത്യക്ഷപ്പെട്ടപ്പോൾ ആ രൂപത്തിൽ മംഗളഗുണങ്ങൾ നിറഞ്ഞുനില്ക്കുന്നു. ഈ സവിശേഷതയാണ് കല്യാണഗുണസ്വരൂപൻ എന്ന നാമത്തിൽ സൂരിച്ചിരിക്കുന്നതു്. സ്നേഹം, സൗന്ദര്യം, സന്തോഷം, സേവനതൃഷ്ണ, എന്നു തുടങ്ങി ലോകത്തിനു് ശുഭകരമായ സൽഗുണങ്ങളും ബാബയിൽ ഒത്തുചേർന്നു നില്ക്കുന്നു. അവിടുത്തെ കല്യാണസ്വരൂപത്തെ ധ്യാനിക്കുമ്പോൾ ഭക്തന്റെ ഹൃദയവും ശുദ്ധമാകുന്നു; ശുഭഗുണങ്ങൾ കൈവരിക്കുന്നു.

## 93. ഓം ശ്രീ കർമ്മധ്വംസിനേ നമഃ

ഓരോ ജീവിയും ഈ ലോകത്തിലേയ്ക്കു വരുന്നതു് പൂർവ്വജന്മങ്ങളിൽ സംഭരിച്ച കർമ്മഭാരത്തോടുകൂടിയാണ്. ഊ ചുമടിനെയും, അതുമൂലമുണ്ടാകുന്ന വ്യാകുലതകളെയും ദൂരീകരിച്ചാൽ മാത്രമെ മനുഷ്യാത്മാവിനു് ശാന്തിയുള്ളു. ഇതിനുവേണ്ടി നാം ചെയ്യേണ്ടതു് എന്തെന്നാൽ:— (1) എല്ലാ പ്രവൃത്തികളും ഈശ്വരനു വേണ്ടിയുള്ള അർച്ചനയായി കരുതുക. താനാണ് അതെല്ലാം ചെയ്യുന്നതു് എന്ന വിചാരം കൈവിടുക. സകലതും ഈശ്വരാരാധനയായിത്തീരട്ടെ. (2) എല്ലാ പ്രവൃത്തികളും കർത്തവ്യങ്ങളാണെന്ന ബോധം വളർത്തുക. അവയുടെ ഫലത്തെപ്പററി ചിന്തിക്കാതിരിക്കുക. ചെയ്യേണ്ടതു് ചെയ്യുന്നു എന്നുമാത്രം കരുതുക. ഇപ്പറഞ്ഞ മനോഭാവത്തോടുകൂടി ജീവിച്ചാൽ കർമ്മബന്ധങ്ങൾ ധ്വംസിക്കപ്പെടും—അററുപോകും. (3) നമ്മുടെ ഉള്ളിൽ ജ്ഞാനാഗ്നിയെ ജനിപ്പിച്ചും (ജ്ഞാനമാകുന്ന അഗ്നിയിൽ കർമ്മം വെന്തുപോകുന്നു) ഭക്തിമാർഗ്ഗത്തിലൂടെ നമ്മെ നയിച്ച് സമർപ്പണബുദ്ധിയോടെ ജീവിക്കുവാൻ പഠിപ്പിച്ചും, തന്റെ അനുഗ്രഹമാകുന്ന സംരക്ഷണം നൽകിയും, ജ്ഞാനത്തെ വളർത്തിയും, ബാബ കർമ്മത്തിന്റെ യാതനകളിൽ നിന്നു് നമുക്കു് മോചനം തരുന്നു.

Digitized by Kerala Sahitya Akademi

## 94. ഓം ശ്രീ സാധുമാനസശോഭിതായ നമഃ

ആദ്ധ്യാത്മിക ജീവിതത്തിൽ നിലീനമായ അന്തരംഗത്തോടു കൂടിയ സജ്ജനങ്ങളാണ് സാധുക്കൾ. അങ്ങിനെയുള്ളവരുടെ മനസ്സിനെ ബാബ പ്രശോഭിപ്പിക്കുന്നു. സദ്‌വൃത്തിയും നീതിനിഷ്ഠയും പരിശുദ്ധിയും (ഇവയ്ക്കു സാധുത്വം എന്നു പറയാം) പുലർത്തുകയും പോഷിപ്പിക്കുകയും ചെയ്യുന്നതിനാണ് താൻ വന്നിരിക്കുന്നതെന്ന് ബാബ പറയാറുണ്ട്. കാഷായവസ്ത്രം ധരിച്ച്, കമണ്ഡലുവേന്തി അദ്ധ്യാത്മവൃത്തിയുടെ ബാഹ്യഭാവങ്ങൾ മാത്രം സ്വീകരിച്ച് ''സാധുക്കൾ'', അഥവാ സന്യാസിമാർ എന്ന പേരോടു കൂടി നടക്കുന്നവരോട് ബാബയ്ക്ക് യാതൊരു ബഹുമാനവുമില്ല. സാക്ഷാൽ സാധുത്വം എവിടെയുണ്ടോ, അവിടെ ബാബയുമുണ്ട്. അവിടുന്ന് ഒരു സർവ്വോദയപ്രവർത്തകനോട് പറഞ്ഞു ''അന്യരുടെ മനസ്സിലുള്ളതു് കണ്ടറിയുവാനുള്ള ശക്തി സമാർജ്ജിച്ചതുകൊണ്ടല്ല ഞാൻ നിങ്ങളുടെ വിചാരങ്ങൾ ഗ്രഹിക്കുന്നതു്; ഞാൻ എപ്പോഴും നിങ്ങളുടെ മനസ്സിൽ സ്ഥിതിചെയ്യുന്നതുമൂലമാണ്. ഞാനറിയാതെ ആർക്കും തങ്ങളുടെ മനസ്സിനെ പ്രവർത്തിപ്പിക്കാൻ സാദ്ധ്യമല്ല.'' അങ്ങിനെ ബാബ എല്ലാവരുടെയും മനസ്സിൽ സ്ഥിതിചെയ്യുന്നു എങ്കിലും, സാധുത്വം കൊണ്ട് ശ്രേഷ്ഠമായ മനസ്സുകളെ അവിടുന്നു പ്രഭാമയമാക്കുന്നു.

## 95. ഓം ശ്രീ സർവ്വമതസമ്മതായ നമഃ

ഈ നാമത്തിൽ ബാബയെ എല്ലാ മതങ്ങൾക്കും സമ്മതനായി വാഴ്ത്തിയിരിക്കുന്നു. അവിടുത്തെ സന്ദേശം ഒരു മതത്തിനും വിരുദ്ധമായിട്ടുള്ളതല്ല. അന്യോന്യം കലഹിച്ച് കഴിയുന്ന മതങ്ങളെയെല്ലാം ഇണക്കിച്ചേർക്കുവാനാണ് അവിടുന്ന് വന്നിരിക്കുന്നതു്. ഏകവും അഖണ്ഡവും അദ്വിതീയവുമായ അദ്ധ്യാത്മസത്തയെയാണ് ഭിന്നകാലങ്ങളിലും ഭിന്നദേശങ്ങളിലും ജീവിച്ച ജ്ഞാനികൾ തങ്ങൾ കണ്ട രീതിയിൽ വർണ്ണിച്ചിട്ടുള്ളതു്. ഉപരിപ്ലവമായി നോക്കുമ്പോൾ അവരുടെ വർണ്ണനകൾ വ്യത്യസ്തമായി തോന്നുമെങ്കിലും അവയുടെ അടിസ്ഥാനതത്ത്വം ഒന്നുതന്നെ ആകുന്നു. പ്രേമസ്വരൂപവും ശാന്തിസ്വരൂപവും ആനന്ദസ്വരൂപവുമായ ആത്മാവാണ് എല്ലാ ജീവികളിലും വർത്തിക്കുന്നതു്. പലപേരുകളിലാണ് ലോകം ഈശ്വരനെ വിളിക്കുന്നതെങ്കിലും ഒരേ ഈശ്വരൻ ത

Digitized by Kerala Sahitya Akademi

ന്നെയാണ് അതെല്ലാം കേറംക്കുന്നതു്. ''എല്ലാ നാമങ്ങളും എൻേറതുതന്നെ; ഞാൻ നാമരഹിതനുമാണ്''' എന്നു് ബാബ പറഞ്ഞിട്ടുണ്ട്. ഈശ്വരൻ ഇല്ലെന്നു വാദിക്കുന്നവരും ഏതെങ്കിലും വസ്തുവിനെയോ വ്യക്തിയെയോ സ്നേഹിക്കാതിരിക്കുന്നില്ല; ശാന്തിയും സുഖവും തേടാതിരിക്കുന്നില്ല. ആ സ്നേഹം ഈശ്വരനാണ്. ആ ശാന്തിയും ആ സുഖവും, ഈശ്വരൻ തന്നെ. ഏതു മതത്തിൽപെട്ടവനെയും ബാബ സ്വാഗതംചെയ്യുന്നു; സ്വീകരിക്കുന്നു; അനുഗ്രഹിക്കുന്നു. അവിടുത്തേയ്ക്കു ഭേദബുദ്ധിയില്ല.

## 96. ഓം ശ്രീ സാധുമാനസപരിശോധകായ നമഃ

ബാബ സാധു മനസ്സുകളുടെ പരിശോധകനാണ്. മേൽനോട്ടം വഹിച്ച്, മാലിന്യം ബാധിക്കാതെ സംരക്ഷിച്ച് നേർവഴിക്ക് നയിച്ച് ലക്ഷ്യത്തിലെത്തിക്കുന്നതാണ് പരിശോധകൻെറ ജോലി. ഇടതടവില്ലാതെ ഭഗവാൻെറ രൂപം മനസ്സിൽ ഉറപ്പിച്ചുകൊണ്ടു് അവിടുത്തെ തിരുനാമം തുടരെ ഉച്ചരിച്ചാൽ ഏതു മനസ്സും ശുദ്ധമാകും. സാധുപരിത്രാണത്തിനു വേണ്ടിയാണ് ഈശ്വരാവതാരം ഉണ്ടാകുന്നതെന്നു് ഗീതയിൽ ഭഗവാൻ തന്നെ പ്രസ്താവിച്ചിട്ടുണ്ട്. ബാബ ഉപദേശവും ഗുണദോഷവും പ്രഭാഷണവും കത്തുകളും തൻെറ പ്രത്യക്ഷവും പരോക്ഷവുമായ സ്വാധീനശക്തികൊണ്ടുമാണ് ഈ കർത്തവ്യം നിറവേററുന്നതു്. ദിഗംബരസ്വാമി, സച്ചിദാനന്ദസ്വാമി, അഭേദാനന്ദസ്വാമി എന്നീ മഹാത്മാക്കറംക്ക് അവിടുന്നു് നൽകിയ ഉപദേശങ്ങളും തന്മൂലം അവർക്കു ലഭിച്ച ആദ്ധ്യാത്മികമായ ഉൽക്കർഷവും പ്രസിദ്ധമാണല്ലോ.

## 97. ഓം ശ്രീ സാധകാനുഗ്രഹവടവൃക്ഷ പ്രതിഷ്ഠാപകായ നമഃ

ഒരു വൈശാഖ പൗർണ്ണമിനാളിൽ, സായാഹ്നസമയത്തു്, നൂറോളം ഭക്തന്മാരോടുകൂടി ബാബ ചിത്രാവതീനദിയുടെ മണൽപ്പുറത്തു് ഇരിക്കുകയായിരുന്നു. സ്വാഭാവികമായി, അപ്പോറം ബു

Digitized by Kerala Sahitya Akademi

ദ്ധഭഗവാനെക്കുറിച്ചുള്ള സംഭാഷണം ഉണ്ടായി. അദ്ദേഹത്തിന്റെ ജനനവും, ബോധോദയവും, മഹാസമാധിയും, വൈശാഖപൗർണ്ണമിയിലാണല്ലോ സംഭവിച്ചത്. എന്തുകൊണ്ടാണ് ബുദ്ധൻ തപസ്സിന്നായി അത്ര വളരെ ദൂരം സഞ്ചരിച്ച് ഗയയിലെ ബോധിവൃക്ഷച്ചുവട്ടിൽ പോയതെന്ന് ആരോ സംശയം ചോദിച്ചു. അത്തരം വൃക്ഷങ്ങൾ ഉപാസനയ്ക്കുപയോഗിക്കുന്ന യന്ത്രഫലകങ്ങൾ സ്ഥാപിച്ച സ്ഥലത്താണുണ്ടാകുന്നതെന്നും, തന്മൂലം അവ ദുഷ്ടശക്തികളെ അകററിനിർത്തുകയും, ഏകാഗ്രതയെ കൈവരുത്തുകയും ആദ്ധ്യാത്മിക പ്രവണതകളെ ഉണർത്തുകയും ചെയ്യുമെന്ന് ബാബ പറഞ്ഞു. യന്ത്രങ്ങളെക്കുറിച്ചുള്ള വിവരണവും നൽകി. ഈ പ്രഭാഷണം നൽകിക്കൊണ്ടിരിക്കുന്നതിനിടയ്ക്കുതന്നെ അവിടുന്നു മണലിന്റെ അടിയിൽ നിന്ന് ചെമ്പ് കൊണ്ടു നിർമ്മിച്ച, തിളങ്ങുന്ന, ഒരു യന്ത്രഫലകം എടുത്തു കാണിക്കുകയും അതിന്മേലുള്ള മുദ്രകളും ചിത്രങ്ങളും ചുററുമുണ്ടായിരുന്നവർക്ക് വിവരിച്ചു കൊടുക്കുകയും ചെയ്തു. പ്രസ്തുത ഫലകം പ്രശാന്തി നിലയത്തിന്റെ പിന്നിലുള്ള തപോവനത്തിൽ സ്ഥാപിച്ച്, അവിടെ ഒരു വടവൃക്ഷവും (പേരാൽമരം) നട്ടു. ''അതു ഒരു പുണ്യസ്ഥാനമായിത്തീരും. സാധകന്മാർ ഒരു ഘട്ടമെത്തുമ്പോൾ, ഈ സ്ഥലത്തിന്റെ മാഹാത്മ്യം അറിയുകയും, ഇവിടെ ഓടിയെത്തുകയും ചെയ്യും.'' ഈ സംഭവമാണ് ഈ നാമത്തിൽ അനുസ്മരിച്ചിരിക്കുന്നത്.

## 98. ഓം ശ്രീ സകലസംശയഹരായ നമഃ

ബാബ സകല സംശയങ്ങളും നീക്കുന്നു. പരമാത്മ ജ്ഞാനമില്ലാത്തവനും, വിശ്വാസമില്ലാത്തവനുമായ സംശയക്കാരൻ നശിച്ചുപോകുന്നു. അവന് ഈ ലോകവുമില്ല, പരലോകവുമില്ല, സുഖവുമില്ല എന്നാണ് ഗീതാവചനം (4—40) വിശ്വാസത്തിന്മേലാണ് ശാന്തിയും സമാധാനവും ഉറച്ചുനില്ക്കുന്നത്. ''ഡ്രൈവറെ വിശ്വസിച്ചുകൊണ്ടാണ് നിങ്ങൾ കാറിൽ സഞ്ചരിക്കുന്നത്. എഞ്ചിനീയറെ വിശ്വസിച്ച് വീട്ടിൽ താമസിക്കുന്നു. അരിവെപ്പുകാരനെ വിശ്വസിച്ചില്ലെങ്കിൽ ദൈനംദിന ജീവിതം ദുരിതപൂർണ്ണ

Digitized by Kerala Sahitya Akademi

മായിത്തീരും. സംശയം മനുഷ്യനെ വിവശനും ഭീതനുമാക്കുന്നു, അതു സ്നേഹത്തെ ഹനിക്കുന്നു; നിങ്ങളെ നാശത്തിലേയ്ക്കു നയിക്കുന്നു. ആദ്യമായി ആത്മവിശ്വാസം കൈവരിക്കുക. അതാണ് ഈശ്വരവിശ്വാസത്തിന്റെ ആരംഭം'' എന്നാണ് ബാബയുടെ ഉപദേശം. സംശയനിവൃത്തി വരുത്തുന്നതിൽ അവിടുന്നു എപ്പോഴും തല്പരനാണ്. ''അന്ധമായി വിശ്വസിക്കരുത്. ഇവിടെ വന്ന്, താമസിച്ച്, അനുഭൂതി നേടി, വിശ്വാസം ഉണ്ടായി, അനുഗ്രഹം സമ്പാദിക്കുക'' എന്നും അവിടുന്നു ഉദ്ബോധിപ്പിക്കുന്നു. തന്റെ കേശഭാരം ഒരു കൃത്രിമാലങ്കാരമാണെന്ന് സംശയിച്ച ആളുകളോട് അതിൽ പിടിച്ചുവലിച്ചു നോക്കുവാൻ ബാബ പറയുന്നു. താൻ ആഡംബര പ്രിയനാണോ എന്നു സംശയിച്ചവരുടെ മനോവിചാരങ്ങളെയും അവിടുന്ന് വിശകലനം ചെയ്യാറുണ്ട്. അണുമാത്രമായ സംശയംപോലും ശേഷിക്കരുതെന്നാണ് അവിടുത്തെ നിർദ്ദേശം.

## 99. ഓം ശ്രീ സകലതത്വബോധകായ നമഃ

സകലതത്വബോധകൻ—എല്ലാ തത്വങ്ങളും പഠിപ്പിക്കുന്നവൻ. തത്ത്വബോധത്തിലൂടെ മാത്രമെ ജ്ഞാനം സിദ്ധിക്കുകയുള്ളു: താൻ ആരെന്നും, എന്തെന്നും, എന്തിനായി ഈ ലോകത്തിൽ വന്നിരിക്കുന്നു എന്നും അറിയുവാൻ ഓരോ മനുഷ്യനും ശ്രമിക്കേണ്ടിയിരിക്കുന്നു. സർവം ബ്രഹ്മമയം എന്ന അത്യുന്നത ജ്ഞാനം ലഭിക്കുമ്പോൾ വൈരാഗ്യവും കൈവരുന്നു. ''പാണ്ഡുരംഗ വിഗ്രഹം ശിലയായി കാണുമ്പോൾ നിങ്ങൾക്ക് ശിലയെക്കുറിച്ചുള്ള ബോധമെയുള്ളു. എന്നാൽ അതിനെ പാണ്ഡുരംഗനായി കാണുമ്പോൾ നിങ്ങൾക്ക് ശിലയെക്കുറിച്ചുള്ള ബോധമില്ല. ബ്രഹ്മജ്ഞാനത്തിന്റെ കഥയും ഇതുതന്നെയാകുന്നു. പരമമായ ആ തത്വബോധം ഉണ്ടായാൽ ഈ ലോകത്തോട് ഒട്ടിനിന്ന് നിങ്ങളുടെ മനസ്സിനെ കലുഷവും വ്യാകുലവുമാക്കുന്ന മററു ബോധങ്ങളെല്ലാം അകന്നുപോകും.

Digitized by Kerala Sahitya Akademi

## 100. ഓം ശ്രീ യോഗീശ്വരായ നമഃ

യോഗീശ്വരൻ—യോഗികൾക്ക് ഈശ്വരൻ, നാഥൻ. ഭഗവാൻ യോഗിയും യോഗീശ്വരനുമായി പുരാണങ്ങളിൽ വാഴ്ത്തപ്പെടുന്നു. യോഗസാധനകൾ അനുഷ്ഠിക്കുന്ന പലരും ബാബയുടെ നിർദ്ദേശങ്ങളും നിയോഗങ്ങളും സ്വീകരിച്ച്, തങ്ങളുടെ പ്രയത്നത്തിൽ ഉൽക്കർഷം നേടിയിട്ടുണ്ട്. ഭഗവാൻ യോഗികൾക്ക് നാഥനെന്നപോലെ യോഗവിദ്യയുടെയും നാഥനാകുന്നു. യോഗേശ്വരനായ കൃഷ്ണനെയും ധനുർദ്ധരനായ പാർത്ഥനേയും കുറിച്ചുള്ള പ്രസ്താവനയോടുകൂടിയാണ് ഭഗവദ്ഗീത അവസാനിക്കുന്നത്. ഈ രണ്ടു ഘടകങ്ങളും യോജിക്കുന്നിടത്ത് ഐശ്വര്യവും വിജയവും അഭിവൃദ്ധിയും ഭ്രംശംവരാത്ത നീതിയും ഉണ്ടാകും.

## 101. ഓം ശ്രീ യോഗീന്ദ്ര വന്ദിതായ നമഃ

യോഗീന്ദ്രന്മാരാൽ വന്ദിക്കപ്പെടുന്ന ബാബയെയാണ് ഈ നാമം സ്മരിക്കുന്നത്. യോഗവിദ്യയിലും അദ്ധ്യാത്മശാസ്ത്രങ്ങളിലും വേണ്ടത്ര പരിചയം നേടിയവർക്കു മാത്രമെ തന്റെ യഥാർത്ഥതത്ത്വം അല്പമെങ്കിലും ഗ്രഹിക്കാൻ കഴിയൂ എന്ന് ബാബ പറഞ്ഞിട്ടുണ്ട്. അതിൽ അന്തർലീനമായ മഹാത്മ്യം പൂർണ്ണമായി മനസ്സിലാക്കുവാൻ സാദ്ധ്യമല്ല. ആ പരമ തത്ത്വത്തെ ''പ്രാപിക്കുവാൻ കഴിയാതെ വാക്കുകൾ മനസ്സിനോടൊപ്പം മടങ്ങിപ്പോരുന്നു.'' എന്നാണ് ഉപനിഷത്തിൽ പറയുന്നത്. പക്ഷെ യോഗികൾക്ക് അവിടുത്തെ അനുഗ്രഹമുണ്ടെങ്കിൽ പലതും സാധിക്കാം. ആ അനുഗ്രഹം സമ്പാദിച്ച ഹഠയോഗികൾ വെള്ളത്തിനു മീതെ നടക്കും. ഭക്തിയോഗികൾക്ക് പാണ്ഡുരംഗനെയും, വെങ്കടേശനെയും, മുരളീകൃഷ്ണനേയും, ശിവശക്തിയെയും, ഗണപതിയെയും, വരലക്ഷ്മിയെയും, ആഗ്രഹമനുസരിച്ച് കാണുമാറാകും. ജ്ഞാനയോഗികൾക്ക് ദക്ഷിണാമൂർത്തിയുടെ ദർശനം ലഭിക്കും. കർമ്മയോഗികൾക്ക് യജ്ഞങ്ങളും അർച്ചനകളും സ്വീകരിക്കുന്ന ഭാവത്തിൽ അവിടുന്നു പ്രത്യക്ഷപ്പെടും.

Digitized by Kerala Sahitya Akademi

## 102. ഓം ശ്രീ സർവ്വമംഗളകരായ നമഃ

ബാബ എല്ലാ മംഗളങ്ങളും നല്കുന്നു. സന്തോഷവും സംതൃപ്തിയും, ഭാഗ്യവും ഭാവുകങ്ങളും എല്ലാം അവിടുത്തെ അനുഗ്രഹം കൊണ്ടു ലബ്ധമാകുന്നു. ഇതുകൊണ്ട് ശാസ്ത്ര വിധിയനുസരിച്ചുള്ള സംസ്കാരകർമ്മങ്ങൾ ബാബയുടെ സന്നിധിയിൽ വെച്ച് നടത്തുവാൻ ഭക്തജനങ്ങൾ എന്തെന്നില്ലാത്ത ഉത്സാഹം കാണിക്കുന്നു. നാമകരണം, ചോറൂണ്, കാതുകുത്തൽ, ഉപനയനം, വിവാഹം, ഷഷ്ടിപൂർത്തി എന്നിങ്ങനെയുള്ള മംഗളകർമ്മങ്ങൾ ബാബ ധാരാളമായി നടത്തിക്കൊടുക്കാറുണ്ട്. ഇവയെക്കാളൊക്കെ ശ്രേഷ്ഠമാണ് അശോക ശാസനങ്ങളിൽ പറയുന്ന ധർമ്മമംഗളം—അതായത് ധർമ്മപ്രചാരണം, ധർമ്മബോധനം തുടങ്ങിയ സൽക്കർമ്മങ്ങൾ. ബാബയുടെ അഭിപ്രായവും ഇതുതന്നെയാണ്. സനാതന ധർമ്മത്തിന്റെ ഉദ്ധാരണമാണ് അവിടുത്തെ അവതാരലക്ഷ്യം.

## 103. ഓം ശ്രീ സർവ്വസിദ്ധിപ്രദായ നമഃ

സിദ്ധി എന്ന വാക്കുകൊണ്ട് ജീവിതവൃത്തികളിലുള്ള സാമർത്ഥ്യവും, ആദ്ധ്യാത്മികമായ ശക്തിവിശേഷങ്ങളും വൈഭവങ്ങളും വിവക്ഷിക്കപ്പെടുന്നു. ഇതുരണ്ടും ബാബ നൽകുന്നു. അവിടുത്തെ അനുഗ്രഹം കൊണ്ട് അന്ധന്മാർക്ക് കാഴ്ചലഭിക്കുകയും, മൂകന്മാർ സംസാരിക്കുകയും, നടക്കാൻ കഴിവില്ലാത്തവർ നടക്കുകയും മൂഢന്മാർ സമർത്ഥരാവുകയും ചെയ്യുന്നു. തപസ്സുകൊണ്ടും യോഗവിദ്യ കൊണ്ടും ലഭിക്കുന്ന അദ്ധ്യാത്മസിദ്ധികൾ ബാബയുടെ അനുഗ്രഹം കൊണ്ടും ലഭിക്കുന്നതാണ്.

## 104. ഓം ശ്രീ ആപന്നിവാരിണേ നമഃ

ആപത്തുകളെ നിവാരണം ചെയ്യുക എന്നത് ബാബയുടെ പ്രധാനമായ സേവനമാകുന്നു. ആപത്തുകളും ഭാഗ്യദോഷങ്ങളും കർമ്മബന്ധത്തിൽ നിന്ന് ജനിക്കുന്നവയാണ്. അവയിൽ നിന്ന്

Digitized by Kerala Sahitya Akademi

നമ്മെ രക്ഷിക്കുവാൻ ബാബയ്ക്ക് പല ഉപായങ്ങളും ഉണ്ട് (1) അവയെ സഹിക്കാനുള്ള ശക്തി നൽകി സഹായിക്കുക. (2) അവയുടെ ആഘാതത്തെ ലഘൂകരിക്കുക. തന്റെ നേർക്കുള്ള ഭക്തിയെയാണ് ബാബ ഇതിന്നായി ഉപയോഗിക്കുന്നത്. (3) സമചിത്തത നൽകി സുഖദുഃഖങ്ങളെ ഒരുപോലെ വീക്ഷിക്കുവാനുള്ള കഴിവുണ്ടാക്കുക. അതായത് രണ്ടും മിഥ്യകളാണെന്ന ബോധം വരുത്തുക. (4) താൻ തന്നെ ഭക്തന്റെ ദുഃഖവും രോഗവും ഏറ്റെടുക്കുക (നിങ്ങൾക്കു വേണ്ടി ഞാൻ വേദന സഹിക്കേണ്ടിയിരിക്കുന്നു; നിങ്ങളെ വേദനയിൽ നിന്നു രക്ഷിക്കുവാൻ— എന്ന് ബാബ ശിർദ്ദിയിൽ വെച്ച് പറയുകയുണ്ടായി.) (5) ബാബ സ്വന്തം രൂപത്തിലോ, മറ്റു രൂപത്തിലോ പ്രത്യക്ഷപ്പെട്ട് അത്യാഹിതം ഒഴിവാക്കുക.

## 105. ഓം ശ്രീ ആർത്തിഹരായ നമഃ

ആർത്തി എന്നാൽ ദുഃഖം അല്ലെങ്കിൽ വേദന. ബാബ അതിനെ ഹരിക്കുന്നവനാണ്—നീക്കുന്നവനാണ്, ഇല്ലാതാക്കുന്നവനാണ്. ''ഒരു ഭക്തൻ വീഴുകയാണെങ്കിൽ ഞാൻ എന്റെ നാലു കൈകളും നീട്ടി അയാളെ താങ്ങുന്നു.'' എന്ന് ബാബ ശിർദ്ദിയിൽ പറഞ്ഞിട്ടുണ്ട്: ''എനിക്കു് എന്തെങ്കിലും ഒരു പ്രതിജ്ഞയുണ്ടെങ്കിൽ അതു് ഇതാണ്: ദുഃഖം ശമിപ്പിക്കുക, വേദന നീക്കുക, എല്ലാ മനുഷ്യർക്കും ശാരീരികവും മാനസികവുമായ സൌഖ്യം നൽകുക.'' എന്നു പുട്ടപ്പർത്തിയിലും ഭക്തന്മാർ ശസ്ത്രക്രിയയ്ക്കു വിധേയരാകുമ്പോൾ ബാബ അവരുടെ അന്തികത്തിൽ പ്രത്യക്ഷപ്പെടുന്നു. ഇതു് ന്യൂയോർക്കിലും, കവൈററിലും മുസഫർ നഗറിലും സംഭവിച്ചതാണ്. പലപ്പോഴും ഭക്തന്റെ വേദന തീർക്കുവാൻ അവിടുന്ന് സ്വന്തം കൈകൊണ്ട് ശസ്ത്രക്രിയകൾ നടത്തിയിട്ടുണ്ട്. ആർത്തിഹരൻ എന്ന നാമം അന്വർത്ഥമാണ്.

Digitized by Kerala Sahitya Akademi

## 106. ഓം ശ്രീ ശാന്തമൂർത്തയേ നമഃ

ഈ നാമം ബാബയെ ശാന്തമൂർത്തിയായി വാഴ്ത്തുന്നു. ശാന്തി ജീവിതസൌഖ്യത്തിനു് അത്യന്താപേക്ഷിതമായ നാലു ഘടകങ്ങളിൽ ഒന്നാണെന്നു് അവിടുന്നു പ്രഖ്യാപിച്ചിട്ടുണ്ടു്—സത്യം, ധർമ്മം, ശാന്തി, പ്രേമം. ശാന്തമൂർത്തിയാകയാൽ ബാബയെ നമ്മുടെ അന്തരംഗത്തിൽ പ്രതിഷ്ഠിച്ചാൽ നമുക്കും ശാന്തി കൈവരുന്നു. ശാന്തി എന്നു പറയുന്നതു് ചഞ്ചലതത്വത്തിന്റെയും പാരവശ്യത്തിന്റെയും അഭാവമല്ല; സത്യധർമ്മങ്ങളുടെ പുഷ്ടിയും പരിപാകവും കൊണ്ടു് സംസിദ്ധമാകുന്ന അനുഭൂതിയാകുന്നു. ഇന്ദ്രിയങ്ങളെ കർശനമായി നിയന്ത്രിച്ചാൽ മാത്രമെ ശാന്തി ലഭിക്കുകയുള്ളു എന്നു് ബാബ പറയുന്നു. അവയാണു് മനസ്സിനെ പല വഴിക്കും വലിക്കുന്നതു്. ശാന്തിസമചിത്തതയാണു്. സുഖത്തിലും ദുഃഖത്തിലും ഭാഗ്യത്തിലും, ഭാഗ്യദോഷത്തിലും ഇളകാതെ നില്ക്കുന്ന മനസ്സിന്റെ ഉറപ്പു്. ബാബയെ കാണുന്നതുതന്നെ ശാന്തി ലഭിക്കാനുള്ള ഉപായമാകുന്നു. അവിടുന്നു് ശാന്തിമൂർത്തിയാണല്ലോ.

## 107. ഓം ശ്രീ സുലഭപ്രസന്നായ നമഃ

സുലഭപ്രസന്നൻ എന്നാൽ എളുപ്പം പ്രസാദിക്കുന്നവൻ എന്നർത്ഥം. തന്റെ നേർക്കു് ആദ്യത്തെ ചുവടു വെയ്ക്കുമ്പോഴ് ബാബ അതറിയുകയും അവിടുത്തെ കാരുണ്യവും അനുഗ്രഹവും നമ്മുടെ മേൽ പതിക്കുകയും ചെയ്യുന്നു. പക്ഷേ ആദ്യത്തെ ആ ചുവടു വെയ്ക്കേണ്ടതു് ഒഴിച്ചുകൂടാത്ത ആവശ്യമാകുന്നു. ഈശ്വരൻ ഇങ്ങോട്ടു വന്നു് അനുഗ്രഹിക്കട്ടെ എന്നു കരുതി അകന്നു നില്ക്കുന്നവനെ അവിടുന്നു ഗൌനിക്കുകയില്ല. ''ചോദിക്കുക—അതു നൽകപ്പെടും'' പ്രാർത്ഥിക്കുക— അതു് കേൾക്കപ്പെടും'' എന്നു പറയുന്നതിന്റെ അർത്ഥം ഇതാകുന്നു. ബാബയുടെ പ്രസാദം സുലഭമാണു്—ആവശ്യപ്പെടുന്നവർക്കു്.

Digitized by Kerala Sahitya Akademi

## 108. ഓം ശ്രീ ഭഗവാൻ സത്യസായീ ബാബായ നമഃ

ബാബയെ ഭഗവാൻ എന്നാണു് ഭക്തജനങ്ങൾ വിളിക്കുന്നതു്. ഈ നാമം ഏററവും ഉചിതമാകുന്നു. ഐശ്വര്യം, ധർമ്മം, യശസ്സു്, ശ്രീ, ജ്ഞാനം, വൈരാഗ്യം എന്നീ ആറു ലക്ഷണങ്ങളും തികഞ്ഞിട്ടുള്ളവരെയാണു് ഭഗവാൻ എന്നു വിളിക്കുന്നതു്. ഈ നാമത്തിനു് വിഷ്ണുപുരാണത്തിൽ കൊടുത്തിട്ടുള്ള നിർവചനം ബാബയ്ക്കുവേണ്ടി എഴുതിയതുപോലെ തോന്നിപ്പോകുന്നു. ''എല്ലാ ജീവികളുടെയും ഉല്പത്തിയും പരിണതിയും, ആഗമനവും തിരോധാനവും അറിയുന്നവനും, അവിദ്യയെ കീഴടക്കിയവനും, വിദ്യയുടെ നിക്ഷേപമായി നില്ക്കുന്നവനുമാണു് ഭഗവാൻ.''

ഓം തത് സത്

Digitized by Kerala Sahitya Akademi

# ഓം

## ശ്രീ സത്യ സായീ സുപ്രഭാതം *

1. ഈശ്വരാംബാസുത ശ്രീമൻ
പൂർവ്വാ സന്ധ്യാ പ്രവർത്തതേ
ഉത്തിഷ്ഠ സത്യസായീശാ
കർത്തവ്യം ദൈവമാഹ്നികം

അല്ലയോ ഭഗവൻ, ഈശ്വരാംബാസുതനായ ശ്രീമൻ! നേരം പുലരുകയായി. അല്ലയോ സത്യസായീശ! എഴുന്നേററാലും, അവിടുത്തെ ദൈവികമായ ദൈനംദിന കർമ്മങ്ങൾ നടത്തുവാനുണ്ട്; എഴുന്നേററാലും!

2. ഉത്തിഷ്ഠോത്തിഷ്ഠ പർത്തീശ
ഉത്തിഷ്ഠ ജഗതീപതേ
ഉത്തിഷ്ഠ കരുണാപൂർണ്ണാ
ലോകമംഗളസിദ്ധയേ

അല്ലയോ പുട്ടപ്പർത്തീനാഥ! ലോകാധീശനും കരുണാപൂർണ്ണനുമായ അവിടുന്ന്, മനുഷ്യരാശിക്ക് മംഗളം കൈവരുത്തുന്നതിനായി ഉണർന്നാലും, ഉണർന്നാലും.

---

* നിത്യവും ബ്രഹ്മമുഹൂർത്തവേളയിൽ പ്രണവമന്ത്രോച്ചാരണശേഷം ആലപിയ്ക്കുന്ന ഗീതമാകുന്നു ''സുപ്രഭാതം''.

Digitized by Kerala Sahitya Akademi

3. ചിത്രാവതീതട വിശാല സുശാന്ത സൗധേ
തിഷ്ഠന്തി സേവക ജനാസ്തവ ദർശനാർത്ഥം
ആദിത്യകാന്തിരനുഭാതി സമസ്തലോകാൻ
ശ്രീ സത്യ സായീ ഭഗവൻ തവ സുപ്രഭാതം

ചിത്രാവതീനദിയുടെ തീരത്തു് സ്ഥിതിചെയ്യുന്ന പ്രശാന്തി നിലയത്തിൽ ജനങ്ങൾ അങ്ങയുടെ ദർശനത്തിന്നായി കാത്തുനി ല്ക്കുന്നു. സൂര്യപ്രകാശം സമസ്തലോകത്തെയും പ്രശോഭിപ്പിക്കുന്നു. അല്ലയോ ശ്രീ സത്യസായീ ഭഗവൻ, അങ്ങേയ്ക്കു് ഞങ്ങൾ സുപ്രഭാ തം പ്രാർത്ഥിക്കുന്നു.

4. ത്വന്നാമകീർത്തനരതാസ്തവ ദിവ്യനാമ
ഗായന്തി ഭക്തിരസപാന പ്രഹൃഷ്ടചിത്താഃ
ദാതും കൃപാസഹിത ദർശനമാശു തേഭ്യഃ
ശ്രീ സത്യസായീ ഭഗവൻ തവ സുപ്രഭാതം.

അല്ലയോ ഭഗവൻ! അങ്ങയുടെ നാമസങ്കീർത്തനത്തിൽ ഉത്സു കരായി ഭക്തിരസം പാനംചെയ്തു് ആനന്ദപൂർണ്ണമായ ഹൃദയത്തോടെ ഗാനാലാപം ചെയ്യുന്ന ഭക്തജനങ്ങൾക്കു് കൃപാസഹിതമായ ദർ ശനം നല്കിയാലും! അല്ലയോ സത്യസായീ ഭഗവൻ, അങ്ങേയ്ക്കു് ഞങ്ങ ളിതാ സുപ്രഭാതം പ്രാർത്ഥിക്കുന്നു.

5. ആദായ ദിവ്യകുസുമാനി മനോഹരാണി
ശ്രീപാദപൂജനവിധിം ഭവദങ്‌ഘ്രി മൂലേ
കർത്തും മഹോത്സുകതയാ പ്രവിശന്തി ഭക്താഃ
ശ്രീ സത്യസായീ ഭഗവൻ തവ സുപ്രഭാതം.

അവിടുത്തേയ്ക്കു് വിധിപ്രകാരം പാദപൂജചെയ്യുന്നതിനായി മനോഹരങ്ങളായ ദിവ്യപുഷ്പങ്ങളുംകൊണ്ടു് ആവേശഭരിതരായ ഭ ക്തജനങ്ങൾ എത്തിയിരിക്കുന്നു. അല്ലയോ ശ്രീ സത്യസായീ ഭഗ വൻ! അങ്ങേയ്ക്കു് ഞങ്ങൾ സുപ്രഭാതം പ്രാർത്ഥിക്കുന്നു.

Digitized by Kerala Sahitya Akademi

6. ദേശാന്തരാഗതബുധാസ്തവ ദിവ്യമൂർത്തിം
സന്ദർശനാഭിരതി സംയുത ചിത്തവൃത്ത്യാ
വേദോക്ത മന്ത്രപഠനേന ലസന്ത്യജസ്രം
ശ്രീ സത്യസായീ ഭഗവൻ തവസുപ്രഭാതം.

അവിടുത്തെ ദിവ്യവിഗ്രഹം ദർശിക്കുന്നതിനുള്ള ആഗ്രഹം നിറഞ്ഞ ഹൃദയങ്ങളോടുകൂടി അന്യ ദേശങ്ങളിൽനിന്നുവന്ന പണ്ഡിതന്മാർ വേദമന്ത്രങ്ങൾ ചൊല്ലിക്കൊണ്ടിരിക്കുന്നു. അല്ലയോ ശ്രീ സത്യസായീ ഭഗവൻ! അങ്ങേയ്ക്കു് ഞങ്ങൾ സുപ്രഭാതം പ്രാർത്ഥിക്കുന്നു.

7. ശ്രുത്വാ തവാത്ഭുത ചരിത്രമഖണ്ഡകീർത്തിം
വ്യാപ്തം ദിഗന്തരവിശാല ധരാതലേസ്മിൻ
ജിജ്ഞാസുലോകോപതിഷ്ഠതി ചാശ്രമേസ്മിൻ
ശ്രീ സത്യസായീ ഭഗവൻ തവ സുപ്രഭാതം.

അവിടുത്തെ അത്ഭുതചരിത്രവും, വിശാലമായ ഈ ഭൂതലത്തിന്റെ വിദൂരമേഖലകളിൽപോലും വ്യാപിച്ചിരിക്കുന്ന കീർത്തിയും കേട്ടറിഞ്ഞു ജിജ്ഞാസുക്കളായ ജനസഞ്ചയം ഈ ആശ്രമത്തിൽവന്നു കാത്തുനില്ക്കുന്നു. അല്ലയോ ശ്രീ സത്യസായീ ഭഗവൻ! അങ്ങേയ്ക്കു ഞങ്ങൾ സുപ്രഭാതം പ്രാർത്ഥിക്കുന്നു.

8. സീതാ സതീ സമവിശുദ്ധ ഹൃദംബുജാതാ:
ബഹ്വംഗനാ കരഗൃഹീത സുപുഷ്പഹാരാഃ
സ്തുന്വന്തി ദിവ്യനതിഭിഃ ഫണിഭൂഷണം ത്വാം
ശ്രീ സത്യസായീ ഭഗവൻ തവ സുപ്രഭാതം.

സീതാദേവിയെപ്പോലെ പരിശുദ്ധകളായ സ്ത്രീജനങ്ങൾ പുഷ്പഹാരങ്ങളുംകൊണ്ടു പരമശിവനായ അങ്ങയെ പ്രണമിച്ച് സ്തോത്രം ചൊല്ലുന്നു. അല്ലയോ ശ്രീ സത്യസായീഭഗവൻ! അങ്ങേയ്ക്കു് ഞങ്ങൾ സുപ്രഭാതം പ്രാർത്ഥിക്കുന്നു.

Digitized by Kerala Sahitya Akademi

9. സുപ്രഭാതമിദം പുണ്യം യേ പഠന്തി ദിനേദിനേ
തേ വിശന്തി പരം ധാമ ജ്ഞാനവിജ്ഞാനശോഭിതാഃ

ഈ സുപ്രഭാതകീർത്തനം ദിനംതോറും ചൊല്ലുന്നവർ ജ്ഞാന വിജ്ഞാനശോഭിതമായ പരമപദത്തെ പ്രാപിക്കും.

10. മംഗളം ഗുരുദേവായ
മംഗളം ജ്ഞാനദായിനേ
മംഗളം പർത്തിവാസായ
മംഗളം സത്യ സായീനേ.

അല്ലയോ ഗുരുദേവാ! അങ്ങേയ്ക്കു് മംഗളം ഭവിക്കട്ടെ.
ജ്ഞാനദാതാവായ ഭഗവൻ! അങ്ങേയ്ക്കു് മംഗളംഭവിയ്ക്കട്ടെ
പുട്ടപ്പർത്തിവാസിയായ ഭഗവൻ! അങ്ങേയ്ക്കു് മംഗളം ഭവിക്കട്ടെ.
ശ്രീ സത്യസായീഭഗവൻ! അങ്ങേയ്ക്കു് മംഗളം ഭവിക്കട്ടെ.



Digitized by Kerala Sahitya Akademi

# ആരതി ഗാനങ്ങൾ *

## I

1 പാവന പുരുഷ ! സായീശാ !
ശരണര കാവാ ! സർവ്വേശാ !
സൗമ്യരൂപ ! സത്യബാബാ !
കാവുദൈ കൈമുഗിവെ.

പാവനപുരുഷനും, ശരണാഗതവത്സലനും, സൗമ്യരൂപനും സർവ്വേശനും, സത്യബാബയും ആയ സായീ ഭഗവാനേ ! ദോഷങ്ങളിൽ നിന്നു് വിമുക്തനാകുന്നതിനു് ഞാൻ അവിടുത്തെ കൈകൂപ്പി പ്രാർത്ഥിക്കുന്നു.

2. ചിത്രാവതീതട തീരനിവാസാ !
ശിഷ്ട ജനാവന ! മുനിശരണാ !
ഈശ ! ജഗത്രയമോദവികാസ !
സത്യസായീശാശ്രിതഭരണ !
സത്യസായീശാശ്രിതഭരണ !

ചിത്രാവതീനദിതീരവാസനും, സജ്ജനപാലകനും, മുനിശരണനും, സർവ്വേശനും, ത്രിലോകങ്ങൾക്കും ആനന്ദപ്രദായകനും, ആശ്രിതജനസംരക്ഷകനും ആയ സായീഭഗവാനെ ! അവിടുത്തെ ഞാൻ ശരണം പ്രാപിക്കുന്നു.

---

* ജപം, ഭജന എന്നിവ കഴിഞ്ഞു അത്യന്തം ശ്രദ്ധയോടും നിഷ്ഠയോടും ആലാപനംചെയ്യുന്ന പ്രാർത്ഥനഗീതമാകുന്ന ''ആരതി ഗാനങ്ങൾ''

Digitized by Kerala Sahitya Akademi

3. ഭക്തപാലനാ ശ്രിതഭരണ !

പർത്തിവാസ ആശ്രിതഭരണ !

ജയ് സത്യസായീശാ ശ്രിതഭരണ !

ജയ് സത്യസായീശാ ശ്രിതഭരണ !

ഭക്തസംരക്ഷകനും, ആശ്രിതർക്ക് ശ്രേയസ്സും പ്രേയസ്സും നൽകുന്നവനും, ''പർത്തി''നിവാസിയും ആയ അല്ലയോ ഭഗവാനെ അവിടുന്ന് വിജയിച്ചാലും ! അവിടുന്നു വിജയിച്ചാലും.

## II

1 ശങ്കരരൂപാ ! സജ്ജന വന്ദിത !

സായീരാമാ ! നമോസ്തുതേ !

രഘുപതിരൂപ ! രമ്യചരിത്ര !

സായീരാമ ! നമോസ്തുതേ !

ശങ്കരരൂപനും സജ്ജനങ്ങളാൽ വന്ദിതനും ആയ സായീരാമ ! അങ്ങേയ്ക്ക് നമസ്കാരം. രഘുപതിരൂപനും രമ്യചരിത്രനുമായ സായീരാമ ! അങ്ങേയ്ക്കു നമസ്കാരം.

ശങ്കരൻ എന്ന വാക്കിന്റെ അർത്ഥം സുഖം നൽകുന്നവൻ എന്നാണ്. അതു് ശിവന്റെ പേരാണ്. താൻ ശിവശക്തിയാണെന്നു് ബാബ തന്നെ പ്രഖ്യാപിച്ചിട്ടുണ്ട്. സജ്ജനങ്ങൾ: സാത്വികന്മാരായ ആളുകൾ. രമ്യചരിത്രൻ: ആനന്ദിപ്പിക്കുന്ന ചരിത്രത്തോടുകൂടിയവൻ. സായീരാമ, രഘുപതി രൂപ എന്നീ സ്തുതികൾ ബാബ ഭക്തജനങ്ങൾക്ക് ശ്രീരാമന്റെ രൂപത്തിൽ നൽകിയ ദർശനത്തെ അനുസ്മരിപ്പിക്കുന്നവയാകുന്നു. രഘുപതി: ശ്രീരാമൻ.

Digitized by Kerala Sahitya Akademi

2 കേശവരൂപ ! ക്ലേശവിനാശക !

സായീരാമ ! നമോസ്തുതേ !

അത്ഭുതചരിത ! ആഞ്ജനേയ !

ആർത്തരക്ഷക ! നമോസ്തുതേ

കേശവരൂപനും ക്ലേശത്തെ ഇല്ലാതാക്കുന്നവനുമായ സായീരാമ ! അങ്ങേയ്ക്കു നമസ്കാരം. അത്ഭുതചരിതനും ഹനുമാൻെറ സ്വരൂപമുള്ളവനും ദുഃഖിതരെ രക്ഷിക്കുന്നവനുമായ സായീരാമ ! അങ്ങേയ്ക്കു നമസ്കാരം.

കേശവരൂപൻ: ശ്രീകൃഷ്ണൻെറ രൂപമുള്ളവൻ. ബാബ മുരളീകൃഷ്ണൻെറ രൂപത്തിൽ തൻെറ അമ്മയ്ക്കും മററു പലക്കും ദശ്നം നൽകിയിട്ടുണ്ട്. ക്ലേശം: ദുഃഖം, വൈഷമ്യം. ശിർദ്ദിയിലെ ബാബയെ മാരുതി (ഹനുമാൻ) എന്നു സ്തുതിച്ചു പോരുന്നു.

3 സർവ്വാകാരാ, സാധുജനാവന !

സായീരാമാ ! നമോസ്തുതേ !

നിർവ്വികാരാ ! നിരുപമ ചരിത !

സായീരാമാ ! നമോസ്തുതേ !

ജയ് സായീരാമ ! നമോസ്തുതേ !

സത്യസായീരാമ ! നമോസ്തുതേ !

എല്ലാ രൂപങ്ങളെയും സ്വീകരിക്കുന്നവനും, സാധുജനങ്ങളെ സംരക്ഷിക്കുന്നവനുമായ സായീരാമ ! അങ്ങേയ്ക്കു് നമസ്കാരം. മാററമില്ലാത്തവനും നിസ്തുലചരിതനുമായ സായീരാമ ! അങ്ങേയ്ക്കു നമസ്കാരം. ജയിച്ചാലും ! സായീരാമ ! അങ്ങേയ്ക്കു നമസ്കാരം. സത്യസായീരാമ ! അങ്ങേയ്ക്കു നമസ്കാരം.

Digitized by Kerala Sahitya Akademi

## III

1 ഓം ജയ് ജഗദീശ ഹരേ
സ്വാമി, സത്യസായീ ഹരേ
സ്വാമി, സത്യസായീ ഹരേ
ഭക്തജന സംരക്ഷക
പർത്തി മഹേശ്വര.....ഓം ജയ്....

ഭക്തജനസംരക്ഷക: ഭക്തന്മാരായ ആളുകളെ കാത്തുരക്ഷിക്കുന്നവനെ.
പർത്തിമഹേശ്വര: പുട്ടപ്പർത്തിയിൽ ഈശ്വരനായി അവതരിച്ചവനെ.

2 ശശിവദനാ ശ്രീകരാ
സർവ്വപ്രാണപതേ
സ്വാമി, സർവ്വ പ്രാണപതേ
ആശ്രിത കല്പലതിക
ആപദ്ബാന്ധവ.....ഓജയ്.....

ശശിവദന: ചന്ദ്രനെപ്പോലെ ഭംഗിയുള്ള മുഖത്തോടുകൂടിയവനെ. ശ്രീകര: ഐശ്വര്യത്തെ നല്കുന്നവനെ. സർവ്വപ്രാണപതെ: എല്ലാ ജീവശക്തികളേയും നിയന്ത്രിക്കുന്നവനെ. ആശ്രിതകല്പലതിക:— ആശ്രയിക്കുന്നവർക്ക് അഭീഷ്ടങ്ങളെ നല്കുന്ന കല്പവല്ലി. ആപദ് ബാന്ധവ: ആപത്തുകളിൽ ബന്ധുവായി രക്ഷിക്കുന്നവനെ.

3 മാത പിത ഗുരു ദൈവമു
മരി അന്തയു നീവേ
സ്വാമി മരി അന്തയു നീവേ
നാദബ്രഹ്മ ജഗന്നാഥ
നാഗേന്ദ്രശയന.......ഓം ജയ്....

അച്ഛനും അമ്മയും ഗുരുവും ദൈവവും മററു സർവ്വവും ബാബയല്ലാതെ മററാരുമല്ല. ബാബ നാദബ്രഹ്മവും, ലോകങ്ങളുടെ നാഥനും, അനന്തന്റെമേൽ പള്ളികൊള്ളുന്നവനും ആകുന്നു.

Digitized by Kerala Sahitya Akademi

4 ഓംകാരരൂപാ ഓജസ്വി
ഓ സായീ മഹാദേവാ
സത്യ സായീ മഹാദേവാ
മംഗളഹാരതി അന്ദുകോ
മന്ദര ഗിരിധാരി.......ഓം.....ജയ്

ബാബ, ഓം എന്ന ആദിമന്ത്രവും, ശക്തിക്കു ഇരിപ്പിടവും ആകുന്നു. അല്ലയോ ഭഗവൻ, കൂർമ്മാവതാരം സ്വീകരിച്ച് മന്ദരപർവ്വതത്തെ ഉയർത്തിയവനെ, (ഞങ്ങളുടെ ഈ ദീപാർച്ചന സ്വീകരിച്ചാലും).

5 നാരായണ നാരായണ.......ഓം
സത്യ,നാരായണ നാരായണ നാരായണ ഓം
നാരായണ നാരായണ ഓം
സത്യ നാരായണ നാരായണ ഓം
സത്യ നാരായണ നാരായണ ഓം
ഓം ജയ് സദ്ഗുരു ദേവാ

അല്ലയോ സത്യ നാരായണ, സദ്ഗുരുവേ, ജയിച്ചാലും,

ഓം ശാന്തിഃ! ശാന്തിഃ!! ശാന്തിഃ!!!



Digitized by Kerala Sahitya Akademi

Digitized by Mardin Sahitya Akademi